# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2021 ഫെബ്രുവരി 18 | ദീപം 53 | നാളം 40 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


## മ്യാൻമറിൽ ജനാധിപത്യം ബലിക്കല്ലിൽ




തോമസ് കുഴിഞ്ഞാലിൽ


2020 നവംബർ ആദ്യ ആഴ്ചകളിൽ ജനാധിപത്യമാർഗങ്ങളിലൂടെ രണ്ടു രാജ്യങ്ങളിൽ പൊതുതിരഞ്ഞെടുപ്പു നടന്നു. ജയിച്ചവർ വ്യക്തമായ ഭൂരിപക്ഷം നേടിയെങ്കിലും തോറ്റവർ അങ്ങനെയങ്ങു വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല. വോട്ടെടുപ്പിൽ കൃത്രിമം നടന്നുവെന്നായിരുന്നു തോറ്റവരുടെ ആരോപണം. ഒരിടത്ത് അക്രമം അരങ്ങേറിയെങ്കിലും അധികം രക്തച്ചൊരിച്ചിലില്ലാതെ അത് അടിച്ചമർത്താനും ജനാധിപത്യം പുനഃസ്ഥാപിക്കാനും കഴിഞ്ഞു. എന്നാൽ, മറ്റൊരിടത്താകട്ടെ, ജനാധിപത്യം കശാപ്പുചെയ്യപ്പെടുകയും പട്ടാളം ഭരണം കവർന്നെടുക്കുകയും ചെയ്തു.

2020 നവംബർ 3 ലെ യു.എസ്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ച ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ജോ ബൈഡന്റെ വിജയം ഔദ്യോഗികമായി അംഗീകരിക്കുന്നതിന് യു.എസ്. കോൺഗ്രസിന്റെ സെനറ്റും ജനപ്രതിനിധിസഭയും പാർലമെന്റ് മന്ദിരമായ ക്യാപ്പിറ്റോളിൽ ചേരുന്നതിനിടെ ജനുവരി 6-ാം തീയതിയായിരുന്നു റിപ്പബ്ലിക്കൻപാർട്ടി അനുകൂലികളുടെ അപ്രതീക്ഷിത ആക്രമണം. അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷം നേടിയായിരുന്നു ജോബൈഡന്റെ വിജയമെങ്കിലും പരാജയം അംഗീകരിക്കാനും അധികാരമൊഴിയാനും നിലവിലെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിസമ്മതിക്കുകയായിരുന്നു. രണ്ടാമത്തെ സംഭവം അരങ്ങേറിയത് നമ്മുടെ അയൽരാജ്യമായ മ്യാൻമാറിലായിരുന്നു (പഴയ ബർമ്മ). നവംബർ 8 ലെ പൊതുതിരഞ്ഞെടുപ്പിൽ 83% വോട്ടുനേടി 476 സീറ്റുകളിൽ 443 ലും വിജയിച്ച നാഷണൽ ലീഗ് ഫോർ ഡെമോക്രസിയുടെ (എൻ.എൽ.ഡി) നേതൃതത്തിൽ പുതിയ സർക്കാർ രൂപീകരിക്കുന്നതിനുമുമ്പുള്ള പാർലമെന്റ് സമ്മേളനം ചേരുന്നതിനു മണിക്കൂറുകൾമാത്രം ബാക്കിനിൽക്കേ ഫെബ്രുവരി ഒന്നാം തീയതി പുലർച്ചെ സൈന്യം ഭരണം പിടിച്ചെടുക്കുകയായിരുന്നു. പ്രസിഡന്റ് മിൻമിന്റയെയും, ഭരണാധികാരിയായ സ്റ്റേറ്റ് കൗൺസിലർ ഓങ് സാൻ സ്യൂ കിയെയും മുതിർന്ന ഭരണകക്ഷിനേതാക്കളെയും തടവിലാക്കിയ പട്ടാളമേധാവികൾ ഒരു വർഷക്കാലത്തേക്ക് സൈനികഭരണവും അടിയന്തരാവസ്ഥയും പ്രഖ്യാപിക്കുകയും ചെയ്തു.

സൈനികനിയന്ത്രണത്തിലുള്ള യൂണിയൻ സൊളിഡാരിറ്റി ആന്റ് ഡവലപ്മെന്റ് പാർട്ടിക്ക് 33 സീറ്റുകളേ കിട്ടിയുള്ളൂ. വോട്ടർപട്ടികയിൽ ക്രമക്കേടുണ്ടെന്നും, വോട്ടെടുപ്പിൽ കൃത്രിമം നടന്നിട്ടുണ്ടെന്നുമുള്ള സൈനികനേതൃത്വത്തിന്റെ പരാതി തിരഞ്ഞെടുപ്പുകമ്മീഷൻ നിരാകരിച്ചിരുന്നതാണ്. വോട്ടർപട്ടികയിലെ പിശകുകൾ തിരുത്തി ഒരു വർഷത്തിനുശേഷം വീണ്ടും തിരഞ്ഞെടുപ്പു നടത്തണമെന്നാണ് സൈനികവൃത്തങ്ങൾ സൂചിപ്പിച്ചത്.

യു.എസ്, യു.കെ, ഫ്രാൻസ്, ഓസ്ട്രേലിയ തുടങ്ങിയ പ്രമുഖരാജ്യങ്ങളും മറ്റനേകം രാഷ്ട്രങ്ങളും പട്ടാള അട്ടിമറിയെ ശക്തമായ ഭാഷയിലാണ് അപലപിച്ചത്. ഭരണം പിടിച്ചെടുത്ത കരസേനാമേധാവി മിൻ ഓങ് ലെയിങ്ങിനെതിരേ 2019 ഡിസംബർ മുതൽ യു.എസ്. ഉപരോധമുണ്ട്. രോഹിംഗ്യൻ മുസ്ലീങ്ങൾക്കെതിരേ 2017 ൽ സൈന്യം നടത്തിയ അക്രമങ്ങളുടെ പേരിൽ ഗുരുതരമായ മനുഷ്യാവകാശലംഘനക്കുറ്റങ്ങളാണ് ലെയിനെതിരേ ആരോപിക്കപ്പെട്ടത്. ന്യൂനപക്ഷവിഭാഗമായ രോഹിംഗ്യകൾക്കെതിരേ ഏറെ നാളുകളായി തുടർന്നുവന്നിരുന്ന അക്രമങ്ങൾ പാരമ്യത്തിലെത്തിയത് 2017 ഓഗസ്റ്റ് 25-നായിരുന്നു. ബംഗ്ലാദേശിനോടു ചേർന്നുകിടക്കുന്ന പടിഞ്ഞാറൻ പ്രവിശ്യയായ ഒക്വൈനിലെ ഇരുനൂറോളം ഗ്രാമങ്ങളും ഡസൺകണക്കിനു ചെറുപട്ടണങ്ങളും അഗ്നിക്കിരയാക്കിയത് അന്നായിരുന്നു. സ്ത്രീകളും കുട്ടികളുമടങ്ങിയ ആറുലക്ഷം രോഹിംഗ്യർ അയൽരാജ്യമായ ബംഗ്ലാദേശിൽ അഭയം തേടി. പട്ടാളത്തിൻരെയും പോലീസിന്റെയും പിന്തുണയോടെ നടത്തുന്ന വംശീയ ഉന്മൂലനത്തിന്റെ ഭാഗമായിട്ടായിരുന്നു അതിക്രമങ്ങളെന്ന് തെളിഞ്ഞിരുന്നു.




നിസ്സഹായരായ രോഹിംഗ്യരോട് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പാ 2017 ഡിസംബർ ആദ്യവാരം ബംഗ്ലാദേശും മ്യാൻമാറും സന്ദർശിച്ച് സാന്ത്വനമേകിയതും വാർത്താമാധ്യമങ്ങൾ പ്രാധാന്യത്തോടെ റിപ്പോർട്ടു ചെയ്തിരുന്നു. മാർപാപ്പായുടെ അഭ്യർഥന മാനിച്ച് മുഴുവൻ അഭയാർഥികളെയും തിരികെ എത്തിക്കാനുള്ള ധാരണയിൽ രണ്ടു രാജ്യങ്ങളുമെത്തിയിരുന്നതായും അക്കാലത്ത് വാർത്തയുണ്ടായിരുന്നു. ഫ്രാൻസീസ് മാർപാപ്പായെ അനുഗമിച്ചിരുന്ന യാങ്കൂൺ ആർച്ചുബിഷപ് കർദിനാൾ ചാൾസ് മോംഗ്ബോ അതീവഗുരുതരമായ ഈ പ്രശ്നം പരിഹരിക്കാനാകുമെന്ന പ്രത്യാശയിൽ ഇങ്ങനെ പ്രതികരിച്ചു:


▶9




## ഈ കലാപങ്ങൾ ആർക്കുവേണ്ടി?




കൊഴുവനാൽ ജോസ്


പുരുഷൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ട ദൈവം അവനു ചേർന്ന ഇണയെ സൃഷ്ടിച്ച് കൂട്ടായിക്കൊടുത്തു. നിശ്ശബ്ദം നിറഞ്ഞൊഴുകുന്ന കല്ലോലിനിപോലെ സ്വച്ഛസുന്ദരമായ കുടുംബജീവിതം കണ്ട് അസൂയ പെരുത്ത സാത്താൻ ലോകാധിനാഥനെതിരേ ആദിമാതാവിന്റെ ചിന്താമണ്ഡലത്തിൽ ആദ്യകലാപത്തിന്റെ കൊടി നാട്ടി. അന്നുമുതലിങ്ങോട്ട് മാനവരാശിയുടെ ചരിത്രത്താളുകൾ കലാപത്തിന്റെ നാൾവഴികൾകൂടിയാണ്.

കലഹിക്കുന്ന മനസ്സിന്റെ ഉത്പന്നമാണ് കലാപം. രണ്ടു ബോധ്യങ്ങൾ തമ്മിൽ രൂപപ്പെടുന്ന കലാപം തള്ളേണ്ടതിനെ തള്ളിയും കൊള്ളേണ്ടതിനെ കൊണ്ടും അവസാനിക്കുമ്പോൾ മനസ്സു ശാന്തമാകുന്നു. ഇത് വ്യക്ത്യധിഷ്ഠിതകലാപത്തിന്റെ കാര്യമാണ്. കലാപത്തിനു കാരണമാകുന്ന ബോധ്യങ്ങൾ കുടുംബപരമാണെങ്കിൽ അവയോടു യോജിക്കുന്നവരും വിയോജിക്കുന്നവരും തമ്മിലുള്ള സംഘർഷം കുടുംബത്തിൽ ഉണ്ടായിരിക്കേണ്ട സമാധാനാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്നു. വാക്കാലുള്ള പട ചിലപ്പോൾ കയ്യാങ്കളിയിലും അടിപിടിയിലും എത്തിച്ചേരുന്ന അനുഭവങ്ങൾ നമുക്കു ധാരാളമുണ്ടല്ലോ. ഈ കലാപം കൊടിയിറങ്ങാൻ ഒരു കോടതിവിധിയോ ഭാഗോടമ്പടിയോ ഒക്കെ വേണ്ടിവന്നേക്കാം. ചിലപ്പോൾ ആൾനാശംവരെ സംഭവിച്ചുകൂടായ്കയില്ല. അതിനും ഉദാഹരണങ്ങൾ ഏറെയുണ്ട് നമുക്ക്.

സമുദായത്തിന്റെ ഉന്നമനത്തിനായി വിളിച്ചുചേർക്കുന്ന ആലോചനായോഗത്തിൽ ഉയർന്നുവരുന്ന നിർദേശങ്ങളുടെ പേരിൽ ഉണ്ടാകുന്ന കലാപങ്ങൾ നമുക്കു പുത്തരിയല്ല. ഞാൻ പറയുന്നതു നടപ്പാക്കണമെന്നു വാശി പിടിക്കുന്ന നിർദേശകനും അയാളെ അനുകൂലിക്കുന്നവരും ഒരു വശത്ത്. ആ നിർദേശത്തെ എതിർക്കുന്ന ഒരു വിഭാഗം മറുവശത്തും. കലാപത്തിനു കൊടി ഉയരുകയായി. കർമാനുഷ്ഠാനങ്ങളുടെ കാര്യത്തിലും പരമ്പരാഗതമായ ആചാരങ്ങൾ പിന്തുടരുന്ന സംഗതിയിലും മേലധികാരികളെ അംഗീകരിക്കുന്നതിലും മറ്റും ദശകങ്ങളായി നിലവിലിരിക്കുന്ന തർക്കവിതർക്കങ്ങൾ സമാധാനം കെടുത്തുന്ന കലാപങ്ങളായി നമ്മുടെയിടയിൽ കത്തിപ്പടരുന്നുണ്ട്. സമരപ്പന്തലും സത്യാഗ്രഹവും ആരാധനാലയങ്ങളുടെ തിരുമുറ്റത്തുപോലും ഒഴിവാക്കാനാവാത്ത ഘടകങ്ങളായി മാറിയിരിക്കുന്നു. കള്ളക്കേസും ഇല്ലാത്തെളിവുകളുമുണ്ടാക്കി തലപ്പത്തിരിക്കുന്നവരെപ്പോലും തേജോവധം ചെയ്യാൻ കലാപകാരികൾ ഉറക്കമൊഴിഞ്ഞ് തല പുകയ്ക്കുന്നു.

ഒരു സമുദായം മറ്റൊരു സമുദായത്തിനെതിരേ ഉയർത്തുന്ന കലാപങ്ങളുടെ ആധിക്യം കാലഘട്ടത്തിന്റെ ശാപമാണിന്ന്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുദിനം കത്തിപ്പടരുന്ന വംശീയകലാപങ്ങളിൽ കൊല്ലപ്പെടുന്നവർ പതിനായിരങ്ങളുണ്ട്. നാടു കടത്തപ്പെടുന്നവരും ജീവരക്ഷാർഥം പലായനം ചെയ്യുന്നവരും ലക്ഷങ്ങൾ വരും. അയോധ്യയും മാറാടും ഗോദ്രയും കന്ധമാലും ഒക്കെ ഉദാഹരണങ്ങൾ. മ്യാൻമാറും നൈജീരിയയും ഇറാനും സിറിയയും ഇറാക്കും സുഡാനും എന്നുവേണ്ട ലോകരാഷ്ട്രങ്ങളെല്ലാംതന്നെ വർഗീയവും വംശീയവുമായ കലാപങ്ങളൊരുക്കിയ ചോരപ്പുഴയിൽ മുങ്ങിക്കുളിച്ചുകിടക്കുന്നു.



▶14



മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 53-ാം വർഷം

## ബജറ്റുവിചാരം

# മൂലധനച്ചെലവുവർധന എന്ന മായ



റ്റി.സി. മാത്യു

സാമ്പത്തികമാന്ദ്യം മാറിയിട്ടില്ല. സാങ്കേതികമായി മാന്ദ്യം കഴിഞ്ഞാലും ദുരിതം തുടരും. അതു കണക്കാക്കി സാമ്പത്തികവളർച്ച ത്വരിതപ്പെടുത്താൻ സർക്കാർ മുന്നിട്ടിറങ്ങണം. കേന്ദ്ര ബജറ്റ് അതിനുള്ള നടപടികളുടെ തുടക്കമാകണം.

നരേന്ദ്ര മോദിയുടെ രണ്ടാം മന്ത്രിസഭയുടെ മൂന്നാമത്തെ ബജറ്റിനെ ഇങ്ങനെയൊരു പ്രതീക്ഷയോടെയാണു ജനങ്ങൾ കാത്തിരുന്നത്. നിർമല സീതാരാമൻ 110 മിനിറ്റ് കൊണ്ടു വായിച്ചു തീർത്ത ബജറ്റ് പ്രസംഗത്തിൽ ഈ പ്രതീക്ഷകൾ പലവട്ടം ആവർത്തിച്ചു പറഞ്ഞു.

വളർച്ച വേഗത്തിലാക്കാനുള്ള പദ്ധതികൾക്കു പണമില്ലായ്മ തടസമാകരുതെന്ന് എല്ലാവരും മാസങ്ങളായി ആവശ്യപ്പെട്ടിരുന്നു. ലോക്ക് ഡൗൺ തുടങ്ങിയ കാലം മുതലേ ജനങ്ങളുടെ കൈയിൽ പണമെത്തിക്കാൻ നടപടി വേണമെന്നു പറഞ്ഞു.

**സർവേയിലും പറഞ്ഞു**

ബജറ്റിനുമുമ്പ് സാമ്പത്തിക സർവേയിൽ ഇതെല്ലാം ശരിവയ്ക്കുന്ന സിദ്ധാന്തങ്ങളും അവതരിപ്പിച്ചു. കമ്മി പ്രശ്നമല്ല; കടമെടുത്തു വികസനം ഉണ്ടാക്കിയാൽ ആ വളർച്ചകൊണ്ടു കടം വീട്ടാം എന്നൊക്കെ വിശദീകരിച്ചു.

സർവേയിൽ പറഞ്ഞതുപോലെ ബജറ്റിൽ ചെയ്തു. കമ്മി കൂട്ടി. ജിഡിപി (രാജ്യത്തെ വാർഷികസമ്പത്ത്)യുടെ 9.5 ശതമാനം എന്ന റിക്കാർഡിലേക്ക്. 18.49 ലക്ഷം കോടി രൂപ. മുമ്പൊരിക്കലും ഇത്ര വലിയ കമ്മി ഉണ്ടായിട്ടില്ല. ഏതാനും വർഷംമുമ്പ് മൊത്തം ബജറ്റ് വലുപ്പം ഇതിലും ചെറുതായിരുന്നു.

**പറഞ്ഞു, നടന്നില്ല**

കമ്മികൂട്ടി; കടം കൂട്ടി; മൊത്തം ബജറ്റ് വലുതാക്കി. പക്ഷേ, ജനങ്ങൾ ആഗ്രഹിച്ചതും ആവശ്യപ്പെട്ടതും ഉണ്ടായില്ല.

ബജറ്റ് വലുതാക്കുകയും (30.4 ലക്ഷം കോടിയിൽനിന്ന് 34.3 ലക്ഷം കോടിയിലേക്ക്) സബ്സിഡിച്ചെലവ് 2.28 ലക്ഷം കോടിയിൽനിന്ന് 5.96 ലക്ഷം കോടിയാക്കുകയും മൂലധനച്ചെലവ് വർധിപ്പിക്കുകയും ചെയ്തു. എന്നിട്ടും വിമർശനമോ എന്നു തോന്നാം.

പക്ഷേ, വിമർശനം ഒഴിവാക്കാനാവില്ല. കാരണം ബജറ്റ് വലുപ്പമോ ഭീമമായ കമ്മിയോ ജനങ്ങൾ ആഗ്രഹിച്ചതും ആവശ്യപ്പെടുന്നതുമായ കാര്യങ്ങളിലേക്കു നയിച്ചില്ല. മൂലധനച്ചെലവിന്റെ കാര്യമോ ഭക്ഷ്യ സബ്സിഡിയുടെ കാര്യമോ ആരോഗ്യകാര്യത്തിനുള്ള വകയിരുത്തലിന്റെ കാര്യമോ എടുത്താലും ഇതു ബോധ്യപ്പെടും.

**മൂലധനച്ചെലവുവർധന എന്ന മായ**

സാമ്പത്തികമാന്ദ്യത്തിനു നടുവിലും മൂലധനച്ചെലവ് വർധിപ്പിച്ചെന്നാണു ധനമന്ത്രിയുടെ അവകാശവാദം. ഇതു ചൂണ്ടിക്കാട്ടിയാണു ബജറ്റ്‌വളർച്ച കൂട്ടുമെന്നുള്ള ന്യായീകരണം. മൂലധനച്ചെലവാണു കൂട്ടുന്നതെന്നും അതുകൊണ്ട് ബജറ്റിന്റെ വലുപ്പം കൂട്ടലും കമ്മിയും വിലക്കയറ്റം വർധിപ്പിക്കില്ലെന്നും ഗവണ്മെന്റ് സെക്രട്ടറിമാർ വരെ പറഞ്ഞുവച്ചു.

എന്നാൽ, മൂലധനച്ചെലവ് കൂടിയെന്ന വാദം പൊള്ളയെന്ന് മുൻ ധനകാര്യ സെക്രട്ടറി എസ്.സി. ഗാർഗ് കഴിഞ്ഞ ദിവസം വിശദീകരിച്ചു. 2020-21 ലെ മൂലധനച്ചെലവ് ബജറ്റിൽ പറഞ്ഞ 4.12 ലക്ഷം കോടിയിൽ നിന്ന് 4.39 ലക്ഷം കോടിയാക്കിയെന്നും 2021-22 ൽ അത് 5.54 ലക്ഷം കോടിയാക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു.



റവന്യൂ ചെലവുകളെ മൂലധനച്ചെലവുകളാക്കി കാണിക്കുകയാണ് മന്ത്രി ചെയ്തതെന്നു ഗാർഗ് ചൂണ്ടിക്കാട്ടി.

**കണക്കിലെ കാര്യം**

റെയിൽവേ മൂലധനച്ചെലവിലെ യഥാർഥ കണക്ക് ഗാർഗ് വിവരിച്ചു. പുതിയ ലൈനുകൾക്കു 12,000 കോടി പറഞ്ഞതിൽ നടന്നതു 929 കോടി, ഗേജ്മാറ്റം 2250 കോടിക്കു പകരം 26 കോടി മാത്രം. പാളം പുതുക്കലിന് 10,599 കോടി വച്ചതിൽ ഒരു പൈസയും ചെലവാക്കിയില്ല. എൻജിനുകളും ബോഗികളും വാങ്ങാൻ 5787 കോടി വച്ചതിൽ ചെലവാക്കുന്നത് 2004 കോടി മാത്രം.

റെയിൽവേക്കു സർവീസ് നിർത്തിവച്ചതു മൂലമുള്ള നഷ്ടം ഒഴിവാക്കാൻ 79,398 കോടി പ്രത്യേക വായ്പയായി കൊടുത്തു. ഇതും മൂലധനകണക്കിലാണു പെടുത്തിയത്. ശമ്പളവും പലിശയും നൽകാനുള്ള ഈ തുക കുറച്ചാൽ റെയിൽവേയുടെ മൂലധനച്ചെലവ് 1.09 ലക്ഷം കോടി എന്നു പറഞ്ഞതു യഥാർഥത്തിൽ 29,000 കോടി ആണെന്നു കാണാം: ഗാർഗ് ചൂണ്ടിക്കാട്ടി. അപ്പോൾ കേന്ദ്രം അവകാശപ്പെട്ട മൊത്തം മൂലധനച്ചെലവ് 4.39 ലക്ഷം കോടിയിൽ നിന്ന് 3.6 ലക്ഷം കോടിയായി കുറയും. അതു മുൻവർഷങ്ങളിലേക്കാൾ കുറവാണ്.

അടുത്ത വർഷത്തെ മൂലധനച്ചെലവ് കാണിച്ചിരിക്കുന്നത് അമിതവരുമാന പ്രതീക്ഷയുടെ ബലത്തിലാണെന്നും ഗാർഗ് പറയുന്നു.

**സബ്സിഡിയിലെ മറിമായം**

ഭക്ഷ്യ സബ്സിഡിയുടെ കാര്യത്തിലുമുണ്ട് ഇങ്ങനെയൊരു മറുവശം.

കുറേ വർഷങ്ങളായി ഭക്ഷ്യ സബ്സിഡിയുടെ യഥാർഥ ചെലവ് ബജറ്റിൽ പറഞ്ഞിരുന്നില്ല. ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ (എഫ്സിഐ) യുടെ നഷ്ടത്തിൽ ഒരു ഭാഗം മാത്രം സർക്കാർ വഹിച്ചു. ബാക്കി ദേശീയ സമ്പാദ്യപദ്ധതിയിൽനിന്നു വായ്പ എടുക്കാൻ നിർദേശിച്ചു.

ഒന്നുരണ്ടു വർഷം അതു കുഴപ്പമില്ലാതെ നീങ്ങി. ഈ വർഷം ദേശീയ സമ്പാദ്യപദ്ധതിക്കു പണവും പലിശയും നൽകേണ്ട സമയമായപ്പോൾ എഫ്സിഐയ്ക്കു പണമില്ല. സർക്കാർ ബാധ്യത ഏറ്റെടുക്കേണ്ടിവന്നു. നാലു ലക്ഷം കോടിയോളം രൂപയാണു ബാധ്യത.

2022-23 ഓടെ എഫ്സിഐ ദേശീയ സമ്പാദ്യപദ്ധതിക്കു നൽകാനുള്ള ബാധ്യത തീർക്കും. നടപ്പുവർഷം 2.18 ലക്ഷം കോടിയുടെ ബാധ്യത തീർത്തു. നടപ്പുവർഷത്തെ മുഴുവൻ സബ്സിഡിയും നൽകി. അങ്ങനെ ഭക്ഷ്യ സബ്സിഡി ചെലവ് 1.16 ലക്ഷം കോടിയിൽനിന്ന് 4.23 ലക്ഷം കോടിയായി.

ഇതേപോലെ രാസവള സബ്സിഡിയും കുടിശികയിട്ടുപോന്നു. കുടിശിക കിട്ടിയില്ലെങ്കിൽ പല കമ്പനികളും പ്രശ്നത്തിലാകുമെന്നു വന്നു. അതിനാൽ രാസവള സബ്സിഡി ഇനത്തിൽ ചെലവ് ഇരട്ടിച്ച് 1.34 ലക്ഷം കോടിയായി.

**കോവിഡിനെ പ്രതിയാക്കി**

ബജറ്റ് ചെലവ് 30.4 ലക്ഷം കോടിയിൽനിന്ന് 34.5 ലക്ഷം കോടിയായതിന്റെ പ്രധാന കാര്യങ്ങൾ ഇവയാണ്. വർധനയിൽ ചെറിയ ഭാഗമേ കോവിഡിന്റെ ഫലമായുള്ളൂ.

കൊവിഡ് ദുരിതമകറ്റാൻ സൗജന്യ ഭക്ഷ്യധാന്യ വിതരണം, തൊഴിലുറപ്പു പണി വർധന, സ്ത്രീകളുടെ ജൻ ധൻ അക്കൗണ്ടുകളിലേക്കു തുക നൽകൽ എന്നിങ്ങനെയുള്ള സമാശ്വാസനടപടികൾക്കായി വന്ന അധികച്ചെലവ് രണ്ടു ലക്ഷം കോടി പോലും വരില്ല.

കോവിഡ് ഉണ്ടായില്ലെങ്കിലും സബ്സിഡി ചെലവുകൾ കൂടുമായിരുന്നു. കൊവിഡിന്റെ പേരിൽ നടപ്പാക്കിയ ലോക്ക് ഡൗൺ ഉത്പാദനവും സാമ്പത്തിക പ്രവർത്തനങ്ങളും മുടക്കിയതു മൂലം ഗവണ്മെന്റിന്റെ വരവ് കുറഞ്ഞു. അതു മൂലം കമ്മി വളരെയധികം കൂടി.

**പ്രതീക്ഷിച്ചു; കിട്ടിയില്ല**

ആരോഗ്യരംഗത്തു ഗവണ്മെന്റ് വലിയ മൂലധനമുടക്കിന് തയ്യാറാകുമെന്ന് എല്ലാവരും കരുതി. പക്ഷേ, വിഹിതം കുറയ്ക്കുകയാണു ചെയ്തത്. ഇക്കൊല്ലത്തേതിൽനിന്ന് 9.5 ശതമാനം കുറവ്.

തൊഴിലുറപ്പുപദ്ധതിക്ക് നടപ്പുവർഷം 1.15 ലക്ഷം കോടി ചെലവാക്കുന്നിടത്ത് അടുത്ത വർഷം 73,000 കോടി മാത്രം. ഭവനനിർമാണത്തിനുള്ള പ്രധാനമന്ത്രി ആവാസ് യോജനയ്ക്കുള്ള വിഹിതം 30 ശതമാനം കുറച്ചു.

**ഈ കടബാധ്യത എന്തുചെയ്യും?**

ചുരുക്കമിതാണ്: കമ്മി കൂടി, കടം വർധിച്ചു, അതിന്റെ ഫലമോ?

ലോക്ക് ഡൗണുകൾമൂലം സാമ്പത്തികമാന്ദ്യത്തിലായ ഇക്കൊല്ലം കേന്ദ്രവും സംസ്ഥാനങ്ങളുംകൂടി വരുത്തിവയ്ക്കുന്ന അധിക കടം നമ്മെ എത്തിക്കുന്നത് എവിടെയാണ്? 2020 മാർച്ച് 31 നു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മൊത്തം കടം ജിഡിപിയുടെ 76.7 ശതമാനം. ഈ മാർച്ച് 31 ന് അത് 93.3 ശതമാനമാകും. അടുത്ത വർഷം മാർച്ച് 31 ന് അതു 91.1 ശതമാനമായി കുറയുമെന്നാണു പ്രതീക്ഷ.

ഈ കടത്തിനു പലിശയുണ്ട്. കടം തിരിച്ചുകൊടുക്കുകയും വേണം. പലിശച്ചെലവ് അടുത്ത ധനകാര്യ വർഷം 8.1 ലക്ഷം കോടി രൂപയാകും. ആകെ ചെലവാകുന്ന 34.83 ലക്ഷം കോടിയുടെ 23.3 ശതമാനം.

കേന്ദ്രത്തിന്റെ മാത്രം പലിശച്ചെലവാണിത്. ഇതിന്റെ പകുതിയോളം (നാലു ലക്ഷം കോടി രൂപ) വരും സംസ്ഥാനങ്ങളുടെ പലിശച്ചെലവ്.

ഇതു തുടർന്നുപോകാൻ പറ്റുമോ? ചെലവിന്റെ നാലിലൊന്നു പലിശ എന്ന അവസ്ഥ ഒട്ടും ഭദ്രവുമല്ല. മറ്റൊരു മാന്ദ്യത്തെ അതിജീവിക്കാൻ കഴിയുന്ന അവസ്ഥയുമല്ല.

**വിറ്റൊഴിയുന്നു**

പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചാണ് ഇനി മുന്നോട്ടു പോവുക എന്നു ധനമന്ത്രി പ്രഖ്യാപിച്ചു. നാലു മേഖലകളിൽ മാത്രം മതി പൊതുമേഖലയുടെ നിർണായക സാന്നിധ്യം എന്നാണ് മന്ത്രിയുടെയും ഗവണ്മെന്റിന്റെയും നയം.

എയർ ഇന്ത്യ, ബിപിസിഎൽ, കണ്ടെയ്നർ കോർപറേഷൻ എന്നിവയ്ക്കു പിന്നാലെ പൊതുമേഖലയിലെ ഒരു ബാങ്കും ഒരു ജനറൽ ഇൻഷ്വറൻസ് കമ്പനിയും വിൽക്കും. എൽഐസിയുടെ അഞ്ചു ശതമാനം ഓഹരി അടുത്ത വർഷം വിൽക്കും. ഭാവിയിൽ ലൈഫ് ഇൻഷ്വറൻസും തന്ത്രപ്രധാന മേഖലയല്ലെന്ന കാരണത്താൽ സ്വകാര്യവൽക്കരിച്ചെന്നു വരും. ●

## വർത്തമാനം





ഡോ. കുര്യാസ് കുമ്പളക്കുഴി



# ഓർമിക്കുമോ നമ്മൾ മാതൃഭാഷാമഹത്ത്വം?

**ലോ**കം മാതൃഭാഷയ്ക്കു വേണ്ടി ഒരു ദിവസം മാറ്റിവച്ചിട്ടുണ്ട് - ഫെബ്രുവരി 21. അന്താരാഷ്ട്രമാതൃഭാഷാദിനം.

യുനെസ്കോ 1999 നവംബർ 17-നാണ്, അന്താരാഷ്ട്രാമാതൃഭാഷാദിനാചരണം സംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്. ഇതിനു പ്രേരണയായത് കാനഡായിൽ താമസിക്കുന്ന രണ്ടു ബംഗ്ലാദേശുകാർ അന്നത്തെ യു.എൻ സെക്രട്ടറി ജനറൽ കോഫി അന്നന് അയച്ച കത്താണ്. അത് 1998 ലായിരുന്നു. ഇതിനുപിന്നാലെയായിരുന്നു യുനെസ്കോയുടെ പ്രഖ്യാപനം ഉണ്ടായത്.

2007മേയ് 16-ന് യു.എൻ ജനറൽ അസംബ്ലി യുനെസ്കോയുടെ പ്രഖ്യാപനത്തിന് അംഗീകാരം നൽകി. എല്ലാ വർഷവും ഫെബ്രുവരി 21 ലോകമെങ്ങും അന്താരാഷ്ട്ര മാതൃഭാഷാദിനമായിരിക്കും. 2008 അന്താരാഷ്ട്ര മാതൃഭാഷാവർഷമായി ആചരിക്കാനും തീരുമാനമെടുത്തു.

ഐക്യരാഷ്ടസഭ ഫെബ്രുവരി 21 അന്താരാഷ്ട്ര മാതൃഭാഷാദിനമായി പ്രഖ്യാപിച്ചത് സ്വമേധയാ എടുത്ത തീരുമാനത്തിന്റെ ഫലമായിരുന്നില്ല. അതിന്റെ പിന്നിൽ ബംഗ്ലാദേശിന്റെ സമ്മർദമാണുണ്ടായിരുന്നത്. അതിന്റെയും പിന്നിൽ ഒരു ചരിത്രമുണ്ട്.

1947- ലാണല്ലോ ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ ദേശങ്ങൾ ചേർത്തു പാക്കിസ്ഥാൻ എന്ന രാജ്യം രൂപമെടുത്തത്. ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തും തെക്കുകിഴക്കു ഭാഗത്തുമായി രണ്ടു ഭൂഭാഗങ്ങൾ. ആദ്യത്തേതു പശ്ചിമപാക്കിസ്ഥാനും രണ്ടാമത്തേതു പൂർവപാക്കിസ്ഥാനും. ഇന്ത്യൻ സംസ്ഥാനമായ ബംഗാളിന്റെ മൂന്നിൽ രണ്ടു ഭാഗമാണ് പൂർവപാക്കിസ്ഥാനായി മാറിയത്. ഇരുഭാഗങ്ങളും തമ്മിലുള്ള ദൂരം 1800 കി.മീറ്റർ.

രണ്ടു പാക്കിസ്ഥാനുകളിലെയും സംസാരഭാഷ വ്യത്യസ്തമായിരുന്നു. പശ്ചിമപാക്കിസ്ഥാനിൽ ഉർദുവും പൂർവപാക്കിസ്ഥാനിൽ ബംഗ്ലായും. പൂർവ്വപാക്കിസ്ഥാന്റെ എതിർപ്പ് അവഗണിച്ചുകൊണ്ട്, 1948-ൽ പാക്കിസ്ഥാൻരാഷ്ട്രത്തിന്റെ ഔദ്യോഗികഭാഷ ഉർദുവായിരിക്കുമെന്ന് പ്രഖ്യാപിച്ചു. പൂർവപാക്കിസ്ഥാൻകാരുടെ പ്രതിഷേധങ്ങൾ സൈനികശക്തികൊണ്ട് അടിച്ചമർത്തി.

പക്ഷേ, ബംഗാളികളുടെ മാതൃഭാഷാഭിമാനം അങ്ങനെയങ്ങു വഴങ്ങിക്കൊടുക്കാൻ തയ്യാറായില്ല. അവർ പ്രതിഷേധം തുടർന്നു. 1952 ഫെബ്രുവരിയിൽ ധാക്കാ സർവകലാശാലയിലെ വിദ്യാർഥികൾ തങ്ങളുടെ മാതൃഭാഷ ബംഗ്ലാ ഔദ്യോഗികഭാഷയായി അംഗീകരിച്ചുകിട്ടണമെന്നാവശ്യപ്പെട്ടു നടത്തിയ പ്രക്ഷോഭം ലാത്തിച്ചാർജ്ജിലും വെടിവയ്പിലും കലാശിച്ചു. വെടിവയ്പിൽ അഞ്ചു വിദ്യാർഥികൾ രക്തസാക്ഷികളായി. അതു ഫെബ്രുവരി 21-നായിരുന്നു.

മാതൃഭാഷയ്ക്കുവേണ്ടി ഇത്തരത്തിലൊരു പ്രക്ഷോഭവും രക്തസാക്ഷിത്വവും ലോകചരിത്രത്തിലെ ആദ്യസംഭവമായിരുന്നു. 1971-ൽ പൂർവപാക്കിസ്ഥാൻ സ്വതന്ത്രമായി. പുതിയ രാഷ്ട്രത്തിനു നൽകിയതു മാതൃഭാഷയുടെ പേരുതന്നെ - ബംഗ്ളാദേശ്. മാതൃഭാഷതന്നെ ഔദ്യോഗികഭാഷയുമായി.

> **മലയാളിയെപ്പോലെ മാതൃഭാഷാഭിമാനമില്ലാത്ത ഒരു ജനത ലോകത്തൊരിടത്തും കാണുകയില്ല. ഇംഗ്ലീഷറിയുന്നവൻ മാന്യൻ എന്നൊരു വികലധാരണ മലയാളിയുടെ അപകർഷബോധത്തെ പാതാളത്തോളം താഴ്ത്തിക്കളഞ്ഞു എന്നുതന്നെ പറയാം. മാതൃഭാഷ അധ്യയനമാധ്യമമാക്കിയാൽ ആകാശം ഇടിഞ്ഞുവീഴും എന്ന മട്ടിലായിരുന്നു കേരളീയരുടെ ആശങ്ക. അതുമൂലം ഉചിതമായ തീരുമാനം യഥാസമയം കൈക്കൊണ്ടു മുന്നേറാൻ നമ്മുടെ ജനകീയഭരണസംവിധാനത്തിനു കഴിയാതെയും പോയി.**

ഭാഷയുടെ കാര്യത്തിൽ ഇത്രയ്ക്ക് ആവേശം വേണ്ടല്ലോ എന്നൊരു ചോദ്യം ചിലരിൽനിന്നെങ്കിലും ഉണ്ടായേക്കാം. മാതൃഭാഷയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം എത്ര വികാരഭരിതമാണ് എന്നറിയാത്തവർക്കു മാത്രമേ ഇത്തരത്തിൽ സംശയാലുക്കളാകാൻ കഴിയൂ. മാതൃഭൂമിയും മാതൃഭാഷയും ഏതൊരു വ്യക്തിയുടെയും ആത്മാവിൽ പതഞ്ഞുയരുന്ന രണ്ടു വികാരങ്ങളാണ്.

ഭാഷയുടെ ആദ്യകാലനിർവചനം ആശയപ്രകാശനത്തിനുള്ള ഉപാധിയെന്നായിരുന്നു. അതുതികച്ചും അപര്യാപ്തം. ഭാഷയില്ലാതെ മറ്റു ജീവികളും ആശയപ്രകാശനം സാധിക്കുന്നുണ്ടല്ലോ. ഭാഷ ആത്മാവിഷ്കാരത്തിനുള്ള മാധ്യമവും ഗ്രഹണധാരണകൾക്കുള്ള ഉപകരണവുംകൂടിയാണ്. അതിന് എന്തെങ്കിലുമൊരു ഭാഷ പോരേ എന്ന ചോദ്യവും ഉണ്ടാകാം. വസ്തുതകളുടെ സൂക്ഷ്മസ്ഥിതി മനസ്സിലാകുമ്പോൾ ആ ചോദ്യം അശാസ്ത്രീയവും അയുക്തികവുമാണെന്നു വ്യക്തമാകും.

മാതൃഭാഷയ്ക്കുപുറമേ പലരും പല ഭാഷകൾ സ്വായത്തമാക്കാറുണ്ട്. ആധുനികകാലഘട്ടത്തിൽ, പ്രത്യേകിച്ചും ആഗോളവത്കൃതയുഗത്തിൽ ഇത് അനിവാര്യമാണുതാനും. അതുകൊണ്ടു പക്ഷേ, മാതൃഭാഷയുടെ പ്രാധാന്യം കുറയുന്നില്ല. മാതൃഭാഷ പെറ്റമ്മയാണെന്നും മറ്റു ഭാഷകൾ പോറ്റമ്മമാരാണെന്നും മഹാകവി വള്ളത്തോളിന്റെ ഒരു സാദൃശ്യകല്പനയുണ്ട്. മാതൃഭാഷയിലൂടെ സ്വായത്തമാക്കിയ അറിവും ഭാഷാപരിജ്ഞാനവും അടിസ്ഥാനമാക്കിയാണ് മറ്റു ഭാഷകളുടെ പഠനത്തിലേക്കും പ്രയോഗത്തിലേക്കും നമ്മൾ കടന്നുകയറേണ്ടത്.

ബ്രിട്ടീഷ് ഭരണകാലത്താണ് ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസം പ്രചാരത്തിലായതും നമ്മൾ പരിഷ്കൃതലോകസാഹചര്യങ്ങളിലേക്കു പ്രവേശിച്ചതും. സ്വാഭാവികമായിത്തന്നെ, അന്നത്തെ അധ്യയനഭാഷയും ഭരണഭാഷയും ഇംഗ്ലീഷായിരുന്നു. ഇന്ത്യക്കാരെ നല്ല ഗുമസ്തന്മാരാക്കുക എന്നതിനപ്പുറത്ത് വിദ്യാസമ്പന്നരായ ലോകപൗരന്മാരാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യമൊന്നും സായ്പ് രൂപപ്പെടുത്തിയ വിദ്യാഭ്യാസപദ്ധതിക്കുണ്ടായിരുന്നില്ല. മാതൃഭാഷയിലൂടെ പഠിച്ചു വിദഗ്ധരാകുന്നതിനു പകരം ഇംഗ്ലീഷിലൂടെ തപ്പിത്തടഞ്ഞു ശരാശരിക്കാരാകാനേ അക്കാലത്തെ ഇന്ത്യക്കാർക്കു കഴിഞ്ഞുള്ളൂ. ഇക്കാര്യത്തിലും അപവാദങ്ങളില്ലെന്നല്ല, ഏതു കാര്യത്തിലും അതു സാധാരണമാണല്ലോ.

ഉള്ളിലേക്കു തുറക്കുന്ന വാതിൽ മാതൃഭാഷയാണ്. ഏതു പുതിയ അറിവും അതിലൂടെ ഉൾക്കൊള്ളുമ്പോഴേ പൂർണവ്യക്തതയോടെ മനസ്സിൽ പതിയൂ. ആവിഷ്കാരത്തിനുള്ള ഏറ്റവും തെളിമയാർന്ന മാധ്യമവും മാതൃഭാഷതന്നെ. ഉള്ളിൽനിന്നുള്ള സ്വാഭാവികപ്രവാഹമാണ് മാതൃഭാഷയിലൂടെ സംഭവിക്കുന്നത്. അന്യഭാഷയിലൂടെയുള്ള ഗ്രഹണത്തിനും ധാരണത്തിനും ആവിഷ്കാരത്തിനും പരിമിതികളുണ്ട്.

ഇക്കാരണത്താലാണു വിദ്യാഭ്യാസവിദഗ്ധർ അധ്യയനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് ശുപാർശ ചെയ്യുന്നത്.

ഇന്ത്യയെപ്പോലെ ഭാഷാവൈവിധ്യമുള്ള ഒരു രാഷ്ട്രത്തിന് ഒരു പൊതുഭാഷ അല്ലെങ്കിൽ ഔദ്യോഗികഭാഷ വ്യവസ്ഥ ചെയ്യുക എളുപ്പമുള്ള കാര്യമല്ല. 1949 നവംബർ 26-ന് അംഗീകരിച്ച നമ്മുടെ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ആദ്യം ഉണ്ടായിരുന്നതു 14 ഭാഷകളായിരുന്നു. പിന്നീടു പല ഘട്ടങ്ങളിലായി 8 ഭാഷകൾ കൂട്ടിച്ചേർത്തതുവഴി പട്ടികയിലെ ഭാഷകളുടെ എണ്ണം 22 ആയി.

ഭരണഘടനയിലെ 343 മുതൽ 351 വരെയുള്ള അനുച്ഛേദങ്ങളിലാണ് ഭാഷാപരമായ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത്. ഏറ്റവും അധികം ജനങ്ങളുടെ മാതൃഭാഷ എന്ന നിലയിൽ ഹിന്ദി രാഷ്ടത്തിന്റെ ഔദ്യോഗികഭാഷയായി നിശ്ചയിക്കപ്പെട്ടു. എന്നല്ല, ഹിന്ദിയുടെ പ്രചാരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തു.

*ശേഷം 10-ാം പേജിൽ*

---

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

# ഖാതകൻ, ഖാദകൻ, ഘാതകൻ

ഉച്ചാരണസാമ്യംമൂലം തെറ്റിപ്പോകാവുന്ന വാക്കുകളാണ് ഖാതകൻ, ഖാദകൻ, ഘാതകൻ എന്നിവ. മലയാളികളുടെ സ്വാഭാവികോച്ചാരണത്തിൽ ഇവ തിരിച്ചറിയാൻ പ്രയാസമാണ്. ഓരോന്നിന്റെയും സ്പെല്ലിങ് ഇന്നിന്നപ്രകാരം എന്നുറപ്പിക്കുകയേ നിർവ്വാഹമുള്ളൂ. ഖര (ത) വും മൃദു (ദ) വും അതിഖര (ഖ) വും ഘോഷ (ഘ) വും ഉച്ചാരണത്തിൽ പരസ്പരം മാറിപ്പോകുന്നു. ഉച്ചാരണം തെറ്റിയാൽ അർത്ഥം മറ്റൊന്നാകാം.

ഖാതകം എന്നതിനു കുഴി എന്നും ഖാതം (ഖനനം) എന്നതിന് കുഴിക്കൽ എന്നും അർത്ഥം. ഖനനം ചെയ്യുന്നവൻ അഥവാ കുഴിതോണ്ടുന്നവൻ ഖാതകൻ. ഖനകനും ഖനിതാവിനും ഇതേ അർത്ഥം തന്നെ. തുരങ്കം നിർമിക്കുന്നവനെയും ഖാതകൻ എന്നു പറയാം. ഖാതകൻ-ഖാതിക. ഖനകൻ - ഖനിക, ഖനിതാവ് - ഖനിത്രി എന്നിങ്ങനെ പുല്ലിംഗ-സ്ത്രീലിംഗരൂപങ്ങൾ. (ഖാതക, ഖനക എന്നിവ തെറ്റാണ്.)

'ഖാദ് - ഭക്ഷിക്കുക' എന്ന ധാതുവിൽനിന്നു നിഷ്പന്നമായ പദമാണ് ഖാദകൻ. ഖാദം = ആഹാരം. ഭക്ഷകൻ അഥവാ ഭക്ഷിക്കുന്നവനാണ് ഖാദകൻ. കടം വാങ്ങിയവൻ എന്നൊരർത്ഥവും ഖാദകശബ്ദത്തിനുണ്ട്. സ്ത്രീലിംഗരൂപം ഖാദിക. തിന്നുന്നവൾ എന്നർത്ഥം. 'തിന്നൽ' ആകുന്നു ഖാദനം. ഘനിക്കുന്നവൻ (കൊല്ലുന്നവൻ) എന്ന അർത്ഥത്തിൽ ഖാദകൻ പ്രയോജ്യമല്ല.

ഘാതകം എന്നാൽ വധം. അതു ചെയ്യുന്നവൻ ഘാതകൻ. ഹനിക്കുന്നവൻ, കൊലയാളി, നശിപ്പിക്കുന്നവൻ, ദുഷ്ടൻ എന്നെല്ലാം വിവക്ഷിതങ്ങൾ. ഘനിക്കുന്നവൻ ഘാതകൻ. ഘാതകൻ എന്ന പദത്തിന്റെ സ്ത്രീലിംഗരൂപം ഘാതിക എന്നാണ്. കൊല ചെയ്യുന്നവൾ എന്നർത്ഥം. * ക്രൂര എന്നും പറയാം.

മറ്റൊരു വിധത്തിലും സ്ത്രീലിംഗവാചികൾ സൃഷ്ടിക്കാം. ഭാര്യാർത്ഥമുള്ളപ്പോൾ 'ഈ' പ്രത്യയം അകാരാന്തപദങ്ങളുടെ ഒടുവിൽ ചേർക്കണം. ഖാതക → ഈ = ഖാതകി, ഖനക → ഈ = ഖനകി, ഖാദക → ഈ = ഖാദകി, ഘാതക → ഈ = ഘാതകി (ഭാഷയിൽ 'ഈ' കാരത്തെ ഹ്രസ്വമാക്കാം) എന്നിങ്ങനെ. "അവന്റെ അജ്ജാതിയിലെ / സ്ത്രീ എന്നർത്ഥങ്ങൾ രണ്ടിലും / അദന്തമായ പുല്ലിംഗം / സ്ത്രീയാ -'മീ' പ്രത്യയത്തിനാൽ" * എന്ന് മഹാവൈയാകരണനായ ഏ. ആർ. രാജരാജവർമ്മ ഇതിനു നിയമം കല്പിച്ചിട്ടുണ്ട്.

* ബാലകൃഷ്ണൻ, ബി.സി., എഡിറ്റർ, മലയാളമഹാനിഘണ്ടു, വാല്യം, IV, V, കേരളസർവകലാശാല, തിരുവനന്തപുരം, 1984, 1985, പുറം : 866, 867, വാല്യം V 28.

** രാജരാജവർമ്മ, ഏ.ആർ., മണിദീപിക, കേരളസാഹിത്യഅക്കാദമി, തൃശൂർ, 1987, പുറം 52

# ഒരു പ്രണയദുരന്തം



കാരിത്തടം വർക്കി

**പ**ള്ളിയിലെ ഗായകസംഘത്തിൽ രാഗവും താളവുംപോലെ അവരുണ്ടായിരുന്നു; റോയിച്ചനും ഷൈനിയും.

അവിടത്തെ പ്രഗല്ഭരായ പാട്ടുകാരെയെല്ലാം പിന്നിലാക്കിക്കൊണ്ട് അവർ പാടി. ഒന്നിച്ചുപാടി. തൊട്ടുരുമ്മിനിന്നു പാടി.

അവരുടെ ആത്മീയഗാനാലാപനം സർവരെയും ആനന്ദപുളകിതരാക്കി. ഇരുവരുടെയും സ്വരം ഒന്നായിച്ചേരുമ്പോൾ നിർവചിക്കാനാവാത്തൊരു



സ്വർഗീയാനുഭൂതി ലഭ്യമാകുന്നുണ്ടെന്നു ഫാദർ പീറ്ററും മറ്റു ചില പുരോഹിതരും അഭിപ്രായപ്പെട്ടു. എല്ലാവരും റോയിച്ചനെ പുകഴ്ത്തി, ഷൈനിയെയും.

അമിതമായ പുകഴ്ത്തലുകളും പ്രശംസയും കേട്ടുകേട്ട് അവരഹങ്കരിക്കുകയായിരുന്നില്ലേ...? അവരറിയാതെ ഭാവനയുടെ രാഗവിഹായസിൽ പൊങ്ങിപ്പൊങ്ങി പറക്കാൻ ധൈര്യം ലഭിക്കുകയായിരുന്നില്ലേ?

ഒരു സായാഹ്നത്തിൽ പാട്ടുപ്രാക്ടീസ് ചെയ്തുകഴിഞ്ഞ് പള്ളിയിൽനിന്നു പുറത്തിറങ്ങവേ ഒരു പ്രത്യേക വികാരത്തിൽ ഷൈനി വിളിച്ചു:

"റോയിച്ചാ..."

"ഉം..."

''സത്യം പറഞ്ഞാൽ എനിക്കു പാടാനുള്ള പ്രേരണയും ശക്തിയും നൽകുന്നത് നീയാ..."

''ശരിയായിരിക്കാം. എനിക്കു പ്രചോദനമേകുന്നത് നീയും...'' അവന്റെ സ്വരത്തിലും അതേ വികാരമായിരുന്നു.

അവരൊന്നിച്ചു നടന്നു.

സ്വതന്ത്രമായി ഇറങ്ങിക്കയറി നടന്ന് പാട്ടു പഠിക്കലിനിടയിലെപ്പോഴോ ഇരുവരും പ്രണയിക്കുകയായിരുന്നു.

റോയിച്ചന് വയസ് പതിനെട്ട്. ഷൈനിക്കോ, പതിനാറ്.

കുടുംബസാഹചര്യത്തിൽ അവനെക്കാൾ ഒത്തിരി മുന്നിലായിരുന്നു അവൾ. ഒന്നുമൊന്നുമറിയാതെ, ആലോചിക്കാതെ അവർ പ്രണയിക്കുകയായിരുന്നു. ആത്മാർഥമായിത്തന്നെ. ആ യാഥാർഥ്യം അധികം വൈകാതെ ചിലരൊക്കെ മണത്തറിയുകയും പള്ളിയിൽ പാട്ടാക്കുകയും ചെയ്തു.

അന്നുമുതൽ ഒന്നിച്ചുപാടാൻ അനുവാദമില്ലാതായി. സംസാരിക്കാനും.

പള്ളിയിൽനിന്ന് ഇരുവർക്കുമെതിരേ ശിക്ഷാനടപടികളുണ്ടായി. വീട്ടുകാർ ഇരുവരെയും ശാസിച്ചു നിർത്തി.

റോയിച്ചനും ഷൈനിയും അന്നാദ്യമായി നെടുവീർപ്പിട്ടു. ദുഃഖിച്ചു. ഒട്ടുംവൈകാതെ രഹസ്യമായി കാണാനും സംസാരിക്കാനും ദൂതന്മാർ മുഖേന അവസരമുണ്ടാക്കി. പക്ഷേ, പ്രതിബന്ധങ്ങളും പ്രതികൂലസാഹചര്യങ്ങളും നാൾക്കുനാൾ ഏറിവന്നപ്പോൾ പിടിച്ചുനിൽക്കാൻ സാധിച്ചില്ല.

അവരൊന്നിച്ചു നാടുവിട്ടു.

പതിനെട്ടാം ദിവസം ഷൈനിയുടെ പപ്പയുടെ പരാതിയെത്തുടർന്ന് വയനാട്ടിലെ ഒരു വീട്ടിൽനിന്ന് ഇരുവരെയും പോലീസ് പിടിച്ചു. പ്രായപൂർത്തിയാകാത്ത മകളെ തട്ടിക്കൊണ്ടുപോയെന്നാണല്ലോ കേസ്.

പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് എസ്.ഐ. ചോദ്യം ചെയ്തപ്പോൾ വിചിത്രമായൊരു സംഗതിയാണ് അവൾ വെളിപ്പെടുത്തിയത്. സ്വന്തം പിതാവിന്റെ പീഡനത്തിന് ഇരയാകാതിരിക്കാനാണ് റോയിച്ചനോടൊപ്പം ഒളിച്ചോടിയതത്രേ... അതു കള്ളമായിരുന്നു.

റോയിച്ചനെ രക്ഷിക്കാൻ അവൾ കണ്ടെത്തിയ മാർഗമായിരുന്നു അത്. കേസ് കോടതിയിലായി. രണ്ടു വർഷം നീണ്ടു.

അതിനിടയിൽ ആരുടെയൊക്കെയോ ബ്രെയിൻ വാഷിനു വിധേയയായ ഷൈനി വളരെ വിദഗ്ധമായിത്തന്നെ കാലുമാറി.

റോയിച്ചൻ തന്നെ ബലം പ്രയോഗിച്ചു കടത്തിക്കൊണ്ടു പോയതാണെന്നും പലവട്ടം മാനഭംഗപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെന്നും അവൾ കോടതിയിൽ ബോധിപ്പിച്ചു.

റോയിച്ചന്റെ നെഞ്ചു തേങ്ങി. കണ്ണുകൾ നിറഞ്ഞു. അവൻ ചതിയുടെയും വഞ്ചനയുടെയും തീവ്രതയറിഞ്ഞു.

കോടതി റോയിച്ചനെ ശിക്ഷിച്ചു.


അവനിപ്പോൾ ജയിലിലാണ്. കൗമാരത്തിന്റെ ചോരത്തിളപ്പിൽ വഴിതെറ്റാനുണ്ടായ സാഹചര്യത്തെയോർത്ത് അവനിപ്പോൾ പശ്ചാത്തപിക്കുന്നു.

□

# മാതൃകാസംസ്ഥാനത്തിന്റെ ദുരവസ്ഥ



ഗിഫു മേലാറ്റൂർ






**കേ**രളത്തിൽ കൊവിഡ് മഹാമാരിയുടെ വ്യാപനം കുത്തനേ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ പ്രതിദിന കേസുകളിൽ പകുതിയും ഇപ്പോൾ കേരളത്തിലാണ്. മരണനിരക്കും ഉയർന്നു. നിലവിൽ മൊത്തം കേസുകളിൽ മൂന്നാമതും ചികിത്സയിലുള്ളവരുടെ എണ്ണത്തിൽ ഒന്നാമതും കേരളമാണെന്നത് ആശങ്കാജനകമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ പേർ ചികിത്സയിലുള്ള പത്തു ജില്ലകളിൽ ഏഴും കേരളത്തിലാണ്. മഹാരാഷ്ട്ര, ഉത്തർപ്രദേശ്, കർണാടക, പശ്ചിമബംഗാൾ എന്നിവയാണ് കേരളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രോഗബാധിതരുള്ള സംസ്ഥാനങ്ങൾ. എന്നാൽ, ഈ നാലു സംസ്ഥാനങ്ങളിലെയും മൊത്തം രോഗബാധിതരുടെ എണ്ണം കേരളത്തിലേതിനെക്കാൾ താഴെയാണ്. രോഗമുക്തരെക്കാൾ രോഗബാധിതരുടെ എണ്ണം കൂടിവരികയാണ്.

രോഗബാധയുടെ ആദ്യഘട്ടത്തിൽ മികച്ച പ്രതിരോധപ്രവർത്തനമാണ് കേരളത്തിൽ നടന്നത്. ജീവനക്കാരുടെ പരിശീലനം, സുരക്ഷാമാർഗങ്ങൾ, വീടുകളിലെ നിരീക്ഷണം, ഐസൊലേഷൻ വാർഡ് സജ്ജീകരണം, സാമൂഹികാകലം പാലിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലെല്ലാം മികച്ച നിലവാരം പുലർത്തി. ബ്രേക്ക് ദ ചെയിൻ പദ്ധതിയിലൂടെ വ്യക്തിശുചിത്വം ഉറപ്പുവരുത്തി, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെയും (ഐസിഎംആർ) സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിദേശരാഷ്ട്രങ്ങളുടെയും ബിബിസി പോലുള്ള ലോകമാധ്യമങ്ങളുടെയും പ്രശംസയും കേരളം പിടിച്ചുപറ്റി. കേരളത്തിന്റെ പ്രതിരോധപ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ചറിയാൻ തെലങ്കാന, ഒഡീഷ, ഡൽഹി, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് സർക്കാർ പ്രതിനിധികൾ സംസ്ഥാനത്തെത്തി. കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്നാണ് അന്ന് തെലങ്കാന സർക്കാറിന്റെ പ്രതിനിധി സംഘം അഭിപ്രായപ്പെട്ടത്.

**രാഷ്ട്രീയപ്രവർത്തകരുടെ പെരുമാറ്റച്ചട്ടലംഘനം**

കൊവിഡ് നിയന്ത്രണത്തിൽ കേരളം കൈവരിച്ച ഈ നേട്ടങ്ങൾ നിലനിർത്തി ഈ വർഷമാദ്യത്തോടെ സ്കൂളുകൾ തുറന്നുപ്രവർത്തിക്കാനും ജനജീവിതം സാധാരണനിലയിലേക്കു കൊണ്ടുവരാനുമുള്ള ഒരുക്കത്തിലായിരുന്നു സർക്കാർ. അതിനിടെ കടന്നുവന്ന തദ്ദേശ സ്വയംഭരണസ്ഥാപന തിരഞ്ഞെടുപ്പാണ് എല്ലാം താളം തെറ്റിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണഘട്ടത്തിലും വോട്ടെടുപ്പു കേന്ദ്രങ്ങളിലും കൊവിഡ് പെരുമാറ്റച്ചട്ടങ്ങൾ കർശനമായി പാലിക്കണമെന്നും ഇല്ലെങ്കിൽ രോഗവ്യാപനം പൂർവോപരി ശക്തിപ്രാപിക്കുമെന്നും ആരോഗ്യവകുപ്പ് കർശനമുന്നറിയിപ്പു നൽകിയിരുന്നെങ്കിലും തിരഞ്ഞെടുപ്പുജ്വരത്തിനിടയിൽ രാഷ്ട്രീയപ്രവർത്തകർ അതെല്ലാം വിസ്മരിച്ചു.

**പുല്ലുവില കല്പിക്കാത്ത പ്രഖ്യാപനങ്ങൾ**

സാമൂഹിക അകലം പാലിക്കാതെയും മാസ്ക് ധരിക്കാതെയുമാണ് പലരും പ്രചാരണത്തിനിറങ്ങിയത്.

തിരഞ്ഞെടുപ്പായതിനാൽ പോലീസും അധികൃതരും അതിനു നേരേ കണ്ണുചിമ്മുകയും ചെയ്തു. ജനുവരി 29 ന് തിരുവനന്തപുരത്ത് ഭരണസിരാകേന്ദ്രത്തിനു തൊട്ടുമുമ്പിൽ നടന്ന സെക്രട്ടേറിയറ്റ് കാന്റീൻ ഭരണസമിതി തിരഞ്ഞെടുപ്പിലും കൊവിഡ് പ്രോട്ടോക്കോളുകളെല്ലാം കാറ്റിൽ പറത്തി നൂറുകണക്കിനു ജീവനക്കാരുടെ തള്ളിക്കയറ്റമായിരുന്നു വോട്ടെടുപ്പു നടന്ന ദർബാർ ഹാളിലും സൗത്ത് കോൺഫറൻസ് ഹാളിലും ദൃശ്യമായത്. നിയന്ത്രണം കർശനമാക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനത്തിനു ജീവനക്കാർ പുല്ലുവിലപോലും കല്പിച്ചില്ല.

**വ്യർഥമായ മുൻകരുതലുകൾ**

നിയന്ത്രണങ്ങളിൽ വരുത്തിയ അയവ്, കൊവിഡിനെ ഇനി അത്രമാത്രം ഭയപ്പെടേണ്ടതില്ലെന്ന ധാരണ സമൂഹത്തെ ബാധിക്കാനും ഇടയാക്കി. ആരാധനാലയങ്ങളിൽ മാത്രമാണ് നിലവിൽ അല്പമെങ്കിലും നിയന്ത്രണങ്ങളും കരുതൽ നടപടികളുമുള്ളത്. കൊവിഡ് പ്രതിരോധത്തിൽ സമൂഹത്തിനു മാതൃകയും വഴികാട്ടികളുമാകേണ്ട ജനപ്രതിനിധികൾപോലും കടുത്ത അലംഭാവവും അശ്രദ്ധയും ജാഗ്രതക്കുറവുമാണ് കാണിക്കുന്നത്. ബജറ്റ് സമ്മേളനത്തിൽ നിയമസഭയിൽ മാസ്ക് താഴ്ത്തിയിടുകയും സംസാരിക്കുമ്പോൾ മാസ്ക് മാറ്റുകയും ചെയ്തതിന് ചില എംഎൽഎമാർ ആരോഗ്യമന്ത്രി ശൈലജ ടീച്ചറുടെ ശാസനയ്ക്കു വിധേയരായി.

അശ്രദ്ധയുടെയും ജാഗ്രതക്കുറവിന്റെയും അനന്തരഫലമാണ് സംസ്ഥാനം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വോട്ടെടുപ്പ് മൂന്നു ഘട്ടമാക്കിയതുൾപ്പെടെ രോഗപ്രതിരോധത്തിന് സർക്കാർ സ്വീകരിച്ച മുൻകരുതലുകളെല്ലാം ഇതോടെ വ്യർഥമാകുകയായിരുന്നു.

**പുതിയ ജാഗ്രതാനടപടികൾ**

രോഗത്തിന്റെ രണ്ടാം വരവ് ശക്തിപ്പെട്ടതോടെ കർശന ജാഗ്രതാനടപടികളിലേക്കു നീങ്ങിയിരിക്കുകയാണ് സർക്കാർ. മാസ്കും സാമൂഹിക അകലവും ഉറപ്പാക്കുന്നതുൾപ്പെടെ കൊവിഡ് പ്രതിരോധപ്രവർത്തനങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കാനും ബസ് സ്റ്റാൻഡ്, ഷോപ്പിങ് മാൾ, സമ്മേളനവേദികൾ, വിവാഹ ച്ചടങ്ങുകൾ അടക്കം ജനങ്ങൾ കൂട്ടംകൂടാൻ സാധ്യതയുള്ള ഇടങ്ങളിൽ പരിശോധന കർശനമാക്കാനും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രതിദിന പിസിആർ പരിശോധനകളുടെ എണ്ണം ഒരു ലക്ഷമായി ഉയർത്തുകയും രോഗികളുടെ എണ്ണം ക്രമാതീതമായി ഉയരുന്ന തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കണ്ണൂർ ജില്ലകളിൽ കൂടുതൽ ജാഗ്രതാനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പൊതുഗതാഗതത്തിലും തിയേറ്റർ, ഷോപ്പിങ് മാൾ എന്നിവിടങ്ങളിലും അമ്പതു ശതമാനം ആളുകൾക്കു മാത്രമാകും പ്രവേശനാനുമതി. വിവാഹച്ചടങ്ങുകൾക്ക് അടച്ചിട്ട ഹാളുകൾ ഒഴിവാക്കാനും പരമാവധി തുറസ്സായ സ്ഥലങ്ങളിൽ നടത്താനും നിർദേശമുണ്ട്.

**വീടിനുള്ളിൽ രോഗവ്യാപനം**

അധികൃതരുടെ ഇടപെടൽകൊണ്ടുമാത്രം ഈ മാരകരോഗം നിയന്ത്രിക്കാനാകില്ല. രോഗചികിത്സയല്ല. രോഗം വരാതെ സൂക്ഷിക്കുകയാണ് കൊവിഡിന്റെ കാര്യത്തിൽ ഏറ്റവും ഫലപ്രദം. ജനങ്ങൾകൂടി സഹകരിച്ചെങ്കിലേ ഇതു സാധ്യമാകൂ. വിശിഷ്യാ, രോഗബാധിതരുള്ള വീടുകളിൽ കൂടുതൽ കരുതൽ നടപടികൾ ആവശ്യമാണ്. 56 ശതമാനം പേർക്കും രോഗം പടരുന്നത് വീടിനുള്ളിൽനിന്നാണെന്നാണ് തിരുവനന്തപുരം കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം നടത്തിയ പഠനം കാണിക്കുന്നത്.

□

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിംഗ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

**ഉരുകിയ മനസ്സാണ് ദൈവത്തിന് സ്വീകാര്യമായ ബലി. ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങു നിരസിക്കുകയില്ല.**

സങ്കീർത്തനങ്ങൾ 51:17

**എഡിറ്റോറിയൽ**

# തൊഴിൽമോഷണം അനുവദിക്കാനാവില്ല

''ജീവിതത്തിന്റെ അറ്റം കണ്ടുകഴിഞ്ഞു. ഞങ്ങൾക്കിത് രാഷ്ട്രീയപോരാട്ടം അല്ല, ജീവൻവച്ചുള്ള പോരാട്ടമാണ്...'' തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുന്നിലെ ഉദ്യോഗാർത്ഥികളുടെ സമരപ്പന്തലിൽ ലെയ രാജേഷ് എന്ന വീട്ടമ്മയുടെ കണ്ണീരിൽ കുതിർന്ന വാക്കുകളാണിത്. വർഷങ്ങൾ ഉറക്കമിളച്ചു പഠിച്ചു റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടും തൊഴിൽ നിഷേധിക്കുന്ന സർക്കാരിനെതിരേ ലാസ്റ്റ് ഗ്രേഡ് റാങ്ക് ഹോൾഡേഴ്സ് നടത്തിയ സമരത്തിൽ, കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞ ലെയ രാജേഷിന്റെയും ഡെൻസി റീത്തുവിന്റെയും ചിത്രം മലയാളിയുടെ മനസ്സു പൊള്ളിച്ചു.

അധികാരമൊഴിയാൻ നാളുകൾമാത്രം ബാക്കിനില്ക്കേ, ആയിരക്കണക്കിനു താത്കാലികനിയമനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുകയും സർവകലാശാലകൾപോലുള്ള അതിപ്രധാനസ്ഥാപനങ്ങളിൽ സ്വന്തക്കാരെയും ഇഷ്ടക്കാരെയും നിയമിക്കുകയും ചെയ്ത് രാഷ്ട്രീയാഭിചാരം നടത്തിയ സർക്കാരിനെതിരെയുള്ള പ്രതിഷേധക്കൊടുങ്കാറ്റിന്റെ ആരവവും അടയാളപ്പെടുത്തലുമാണ് പ്രസ്തുത ചിത്രവും കുറിപ്പും. റിപ്പബ്ലിക് ദിനമായ ജനുവരി 26 മുതൽ സെക്രട്ടറിയേറ്റിനുമുന്നിൽ നടക്കുന്ന സമരവേദിയിലെ 14–ാം ദിനം ഉദ്യോഗാർത്ഥികൾ പൊറുതിമുട്ടി ദേഹത്തു മണ്ണെണ്ണയൊഴിച്ച് ആത്മഹത്യാശ്രമം നടത്തിയതു കേരളചരിത്രത്തിൽ കറുത്ത ദിനമായി മാറി. തിരക്കേറിയ റോഡിൽ മണ്ണെണ്ണ പടർന്നത് ആശങ്കയുളവാക്കിയെങ്കിലും അഗ്നിരക്ഷാസേനയും പൊലീസും ചേർന്ന് വൻദുരന്തം ഒഴിവാക്കുകയായിരുന്നു.

തൊഴിലിനായി കാത്തിരിക്കുന്ന യുവതീയുവാക്കളുടെ രോഷം കലിതുള്ളി സമരഭരിതമായിരിക്കുകയാണ് കേരളമിപ്പോൾ. രാഷ്ട്രീയസ്വാധീനമുപയോഗിച്ച് സർക്കാർസംവിധാനങ്ങളിൽ താത്കാലികമായി ജോലിക്കു കയറിക്കൂടുന്നവർ പിന്നീട് സ്ഥിരസ്വഭാവത്തോടെ നിയമിക്കപ്പെടുന്ന രീതി ഇന്നും ഇന്നലെയും തുടങ്ങിയതല്ല. മാറിമാറി വരുന്ന എല്ലാ സർക്കാരുകളും ഈ രാഷ്ട്രീയ തൊഴിൽമോഷണത്തെ നന്നായി സേവിച്ചിട്ടുണ്ട് എന്നതും മറനീക്കി പറയേണ്ടിവരുന്നു.

കഷ്ടപ്പെട്ടു പഠിച്ചു പാസ്സായി പി.എസ്.സി. റാങ്ക്‌ലിസ്റ്റിൽ ഇടംനേടി വർഷങ്ങളായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ ഭാവിപ്രതീക്ഷകളെ കൊള്ളയടിക്കുന്ന നയം തിരുത്തപ്പെടേണ്ടതാണ്. തത്കാലത്തേക്കുമാത്രമായി നിയമിക്കപ്പെടുന്നവരെ നീട്ടിനീട്ടിക്കൊണ്ടുപോയി, കോടതിനിർദേശങ്ങളെയെല്ലാം അട്ടിമറിച്ച് 'വേണ്ടപ്പെട്ടവരെ വാഴ്ത്തുന്ന' ചടങ്ങ് അധാർമികമാണ്, അത് തൊഴിൽമോഷണമാണ്. അർഹതപ്പെട്ടവന്റെ തൊഴിൽ പിടിച്ചുപറിക്കുന്നതാകയാൽ അതു കൊള്ളയുടെ പരിധിയിൽത്തന്നെയാണ് വരുന്നതും.

വികസന അജൻഡകൾ സൃഷ്ടിച്ച് തിരഞ്ഞെടുപ്പുപ്രചാരണത്തിൽ ഒരുപടി മുന്നിൽ പോകാൻ കണക്കുകൂട്ടിയ എൽ.ഡി.എഫിന് തിരിച്ചടിയായി മാറിയിരിക്കുകയാണ് പിൻവാതിൽ നിയമനവിവാദം. സർവകലാശാലകളിലും സ്വയംഭരണസ്ഥാപനങ്ങളിലുമടക്കം കരാർ, താത്കാലികനിയമനങ്ങളെ ഭരണത്തിന്റെ അവസാനകാലത്തു സ്ഥിരപ്പെടുത്തുന്ന വാർത്തകൾ ഒന്നിനൊന്നു പുറത്തുവന്നതോടെയാണ് സർക്കാർ വെട്ടിലായത്. മുഖ്യമന്ത്രിയുടെ ഓഫീസിൽവരെ പേഴ്സണൽസ്റ്റാഫിൽപെട്ടവർക്ക് പെൻഷൻ ലഭിക്കാൻ നിയമം മാറ്റിയെഴുതിയെന്ന റിപ്പോർട്ട് ഇപ്പോൾ പുറത്തായിരിക്കുന്നു. അതിനിടെയാണ് സി.പി.എം. നേതാവും മുൻ എം.പി.യുമായ എം.ബി. രാജേഷിന്റെ ഭാര്യയുടെ, കാലടി സർവകലാശാലയിലെ നിയമനം നിയമലംഘനമെന്ന് അക്കാദമിക് കൗൺസിലിൽനിന്നുതന്നെ ആരോപണമുയർന്നത്. കാലടി സർവകലാശാലയിൽ മലയാളവിഭാഗത്തിനുപിന്നാലെ സംസ്കൃതവിഭാഗത്തിലും യു.ജി.സി. ചട്ടങ്ങൾ മറികടന്ന് അനധികൃതനിയമനം നടത്തിയതായി പുതുതായി ആരോപണം വന്നിരിക്കുന്നു. അസി. പ്രഫസർ നിയമനത്തിലാണ് ചട്ടവിരുദ്ധ നിയമനം. അതിൽ പ്രതിഷേധിച്ച് ഹൈക്കോടതിയെ സമീപിക്കാനൊരുങ്ങുകയാണ് ഉദ്യോഗാർത്ഥികൾ.

പത്തുലക്ഷം പേർക്കു തൊഴിൽ നല്കുമെന്ന വാഗ്ദാനത്തോടെ അധികാരത്തിൽ വന്ന സർക്കാരിനെതിരെയാണ് പിൻവാതിൽ നിയമനവിവാദം കൊഴുക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നോക്കുകുത്തികളായി മാറിയത് ഇത്തരം പിൻവാതിൽനിയമനങ്ങൾ വ്യാപകമായതോടെയാണ്. ഇതിനെല്ലാം മൂകസാക്ഷിയായി നില്ക്കാൻ മാത്രമേ പി.എസ്.സിക്കുമായുള്ളൂ.

നിഷ്പക്ഷനിലപാടുള്ളവർക്കും കക്ഷിരാഷ്ട്രീയത്തിന്റെ അടിമകളാകാത്തവർക്കും സർക്കാർതലത്തിൽ അർഹതപ്പെട്ട ജോലിനേടി അന്തസ്സായി ജീവിക്കാൻ ആരുടെയും കാലുപിടിക്കേണ്ടാത്ത കാലം ഇനി എന്നാണ് കേരളത്തിൽ ഉദയം ചെയ്യുന്നത്? കഷ്ടപ്പെട്ടു പഠിച്ചു പരീക്ഷയെഴുതി യോഗ്യതാസർട്ടിഫിക്കറ്റുമായി കാത്തിരിക്കുന്ന ലക്ഷോപലക്ഷം ഉദ്യോഗാർത്ഥികളെ ആത്മഹത്യയിലേക്കു തള്ളിവിടുന്ന പിൻവാതിൽനിയമനങ്ങളെ കക്ഷിരാഷ്ട്രീയമെന്യേ ഒന്നിച്ചെതിർക്കാൻ യുവാക്കളോടൊപ്പം പ്രബുദ്ധകേരളമൊന്നാകെ കൈകോർക്കട്ടെ. ഓർക്കുക, ജോലി സർക്കാരിന്റെ ഔദാര്യമല്ല, അർഹതപ്പെട്ടവന്റെ അവകാശമാണ്. □

# മൊബൈൽ ക്രൂരത

ഡോ. തോമസ് മൂലയിൽ

**ഭാ**ര്യയുടെ ആകസ്മികമരണത്തിന്റെ ഞെട്ടലിൽ അറ്റാക്ക് വന്ന് വിശ്രമത്തിലിരിക്കുന്ന എഴുപതു വയസുകാരൻ! ഏകമകൻ സ്കൂൾ അദ്ധ്യാപകനാണ്. അമ്മയുടെ മരണവും അച്ഛന്റെ അസുഖവുംമൂലം ഒരു മാസമായി ലീവിലായിട്ട്. ഏതായാലും അച്ഛനെ ഒറ്റയ്ക്കാക്കിയിട്ടു പോകാൻ പേടി. എങ്കിലും പോകാൻതന്നെ തീരുമാനിച്ചു. എന്താവശ്യംവന്നാലും ഉടനെ വിളിക്കണം എന്നുപറഞ്ഞു സ്കൂളിൽ പോകാൻ തുടങ്ങി. വിളിച്ചിട്ട് എന്തെങ്കിലും കാരണവശാൽ കിട്ടാതെ വന്നാൽ ഹെഡ്മാസ്റ്ററുടെ നമ്പരുംകൂടി സേവ്ചെയ്തുകൊടുത്തു.

സ്കൂളിൽ ഒരാഴ്ച പോയി. ആകെ സമാധാനത്തിലായി. പക്ഷേ, അന്ന് പെട്ടെന്ന് ഒരു അരുതായ്ക... ശ്വാസതടസം... വിയർക്കാൻ തുടങ്ങി...പെട്ടെന്നു ഫോണെടുത്തു. നമ്പർ കറക്കി. ആദ്യം പുതിയ വാക്സിന്റെ, അത് ഹിന്ദിയിലും ഇംഗ്ലീഷിലും മലയാളത്തിലും പരസ്യം. അതു തീർന്നപ്പോൾ കമ്പനിയുടെ പരസ്യം. അതും തീർന്ന് രണ്ടാമത്തെ ബെല്ലടിച്ചു. മറുപടി വന്നു. ''താങ്കൾ വിളിക്കുന്ന വ്യക്തി ഇപ്പോൾ പ്രതികരിക്കുന്നില്ല.'' വീണ്ടും നമ്പർ കറക്കി. ഈ നടപടിക്രമങ്ങളെല്ലാം വീണ്ടും... അപ്പോഴേക്കും രോഗി ആകെ തളർന്നു... ഹെഡ്മാസ്റ്ററെ വിളിച്ചു. പരസ്യങ്ങളുടെ തനിയാവർത്തനം. അവസാനം റേഞ്ചില്ല, മറുപടി! രോഗി ആകെ തളർന്നു. സർവ്വശക്തിയുമെടുത്ത് ബന്ധുവും അയൽവാസിയുമായ സുഹൃത്തിനെ ഫോൺ വിളിച്ചു.... ബെല്ലടിക്കുന്നതു കേട്ടു. പിന്നെ ഒന്നുമറിയില്ല. ഏതായാലും ഭാഗ്യത്തിന് അദ്ദേഹം ഫോണെടുത്തു. മറുപടി കിട്ടാതെവന്നപ്പോൾ ഓടിക്കിതച്ചു വന്നു. രോഗി അബോധാസ്ഥയിൽ തളർന്നുകിടക്കുന്നു. ഓടിപ്പോയി ഒരു വണ്ടിയെടുത്ത്



**പ്രതികരണം**

ആളെക്കൂട്ടി വന്ന് രോഗിയെ ആശുപത്രിയിലെത്തിച്ചു. ഐ.സി.യു. റൂമിൽ കയറ്റി. ആകെ കലശലാണ്. വെന്റിലേറ്ററിൽ ആക്കി. 24 മണിക്കൂർ കഴിഞ്ഞേ എന്തെങ്കിലും പറയാൻ പറ്റൂ... ഡോക്ടർമാർ പറഞ്ഞു. ഇതിനിടെ ആരോ പറഞ്ഞ് വിവരമറിഞ്ഞ് മകൻ ഓടിയെത്തി. മോനോട് എന്തോ പറയാൻ തുടങ്ങി...പക്ഷേ, പൂർത്തിയാക്കിയില്ല!

ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഇതുപോലെ ഒട്ടേറെ ദുരന്തങ്ങൾ ഈ ഫോണിന്റെ പരസ്യം മൂലം സംഭവിക്കുന്നുണ്ട്. സാങ്കേതികവിദ്യയും മാധ്യമസാധ്യതകളും ഇത്രയേറെ വികസിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ അത്യാവശ്യത്തിനുപയോഗിക്കാനുള്ള ഈ സംവിധാനം ഈവക പരസ്യങ്ങൾകൊണ്ട് മനുഷ്യനെ ഉപദ്രവിക്കുന്നത് മഹാപാപമാണ്. ഇക്കാര്യത്തിൽ ദയ കാട്ടണമെന്ന് വിനയപുരസരം അപേക്ഷിക്കുന്നു. സർക്കാർ കർശനനടപടി എടുത്തേ പറ്റൂ. കമ്പനി ഉടമകളേ, താടിക്കു തീപിടിച്ചോടുമ്പോൾ ബീഡി കത്തിക്കാൻ ശ്രമിക്കല്ലേ....

പരസ്യത്തിലെ ഒരു വൈരുദ്ധ്യം... പഴയ പല്ലവിയിൽ "പനി, ചുമ, ശ്വാസംമുട്ടൽ" ആയിരുന്നു എടുത്തുപറഞ്ഞുകൊണ്ടിരുന്നതിന്റെ ചുരുക്കം. ഞാൻ ഒരു കോവിഡ് ബാധിതനാണ്. എനിക്ക് പനിയോ ചുമയോ ശ്വാസംമുട്ടലോ അനുഭവപ്പെട്ടില്ല. ക്ഷീണം, വിശപ്പില്ലായ്മ, രുചിയില്ലായ്മ, ഭക്ഷണത്തോടു വെറുപ്പ് ഒന്നും. ഈ വിവരം എന്റെ ഡോക്ടർമാരോട് ഫോണിൽ പറഞ്ഞപ്പോൾ എത്രയുംപെട്ടെന്ന് പരിശോധിക്കാൻ പറഞ്ഞു. ഉടനെ പോയി പരിശോധിച്ചു... പോസിറ്റീവ്! ചേർപ്പുങ്കൽ മെഡിസിറ്റിയിൽ അഡ്മിറ്റായി. അവിടുത്തെ വിദഗ്ദ്ധപരിചരണവും ശുശ്രൂഷയുംമൂലം പത്തുദിവസംകൊണ്ട് നെഗറ്റീവായി തിരിച്ചെത്തി. ഞങ്ങൾ 30 വൃദ്ധവൈദികർ താമസിക്കുന്ന പ്രീസ്റ്റ് ഹോമിൽ 11 പേർക്കും രോഗം പിടിപെട്ടു. എല്ലാവരും തിരിച്ചെത്തി. ഈ പറയുന്ന പനി, ചുമ, ശ്വാസംമുട്ടൽ ഒരു ആൾക്കാർക്കും അനുഭവപ്പെട്ടില്ല! അപ്പോൾ പരസ്യത്തിന്റെ വിശ്വാസ്യതയോ?

# ഇരവിമംഗലംപള്ളി ഇനി സ്വതന്ത്ര ഇടവക



ഫാ. ജോസഫ് തെരുവിൽ



കുറുപ്പന്തറ: മണ്ണാറപ്പാറ ഇടവകയ്ക്കു കീഴിലുള്ള ഇരവിമംഗലം കപ്പേളയെ സ്വതന്ത്ര കുരിശുപള്ളി ഇടവകയായി പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉയർത്തി. നിത്യസഹായമാതാവിന്റെ മധ്യസ്ഥതയിലുള്ള ഈ കുരിശുപള്ളി ഇടവകപരി. ദൈവമാതാവിന്റെ ശുദ്ധീകരണത്തിരുനാൾ ദിനമായ ഫെബ്രുവരി 2 നു നിലവിൽ വന്നു.

പ്രഥമവികാരിയായി ഫാ. ജോസഫ് തെരുവിൽ നിയമിതനായി. ദീപനാളം വാരികയുടെ അസോസിയേറ്റ് എഡിറ്ററും പാലാ സെന്റ് തോമസ് പ്രസിന്റെ അസിസ്റ്റന്റ് മാനേജരുമായി പ്രവർത്തിച്ചുവരുകയായിരുന്നു ഇദ്ദേഹം.

## ചുമതലയേറ്റു



പാലാ: ദീപനാളം വാരികയുടെ അസോസിയേറ്റ് എഡിറ്ററും പാലാ സെന്റ് തോമസ് പ്രസിന്റെയും ബുക്സ്റ്റാളിന്റെയും അസിസ്റ്റന്റ് മാനേജരുമായി നിയമിതനായ ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ ഫെബ്രുവരി ആറിന് ചുമതലയേറ്റു.

മുട്ടുചിറ ഹോളിഗോസ്റ്റ് ഫൊറോനപ്പള്ളി അസി. വികാരിയായിരുന്ന ഫാ. കുര്യാക്കോസ് അറുന്നൂറ്റിമംഗലം ഇടവകാംഗമാണ്.



കഥ

# അഞ്ചപ്പവും രണ്ടു മീനും

പീറ്റർ കുരിശിങ്കൽ

**നിനച്ചിരിക്കാതെ**

ജറുസലേംപട്ടണത്തിനടുത്ത് ഒരു കൊച്ചുഗ്രാമത്തിലാണ് നിക്കളാവൂസ് താമസിച്ചിരുന്നത്. പിതാവ് സഖറിയാസ്. ഒരു മരപ്പണിക്കാരനായിരുന്നു സഖറിയാസ്. അമ്മ; സാറാ. അങ്ങനെ ഒരു കൊച്ചുകുടുംബം.

സമർഥനായ ഒരു ആശാരിയായിരുന്നു സഖറിയാസ്. അയാൾ നിത്യവും ജോലിക്കുപോകും. ജോലി ചെയ്തുകിട്ടുന്ന വരുമാനംകൊണ്ട് ആ കുടുംബം അല്ലലറിയാതെ കഴിഞ്ഞുപോന്നു.

ഒരുദിവസം ജോലി കഴിഞ്ഞെത്തിയ സഖറിയാസ് വല്ലാതെ പരവശനായിരുന്നു. ക്ഷീണഭാവം കണ്ടപ്പോൾ സാറാ വന്നന്വേഷിച്ചു: "എന്താ, എന്തുപറ്റി? മുഖം വല്ലാതെ വാടിയിരിക്കുന്നല്ലോ."

"ഓ, സാരമില്ല. ചെറിയൊരു പനി." എന്നു പറഞ്ഞിട്ട് സഖറിയ നേരേ കട്ടിലിൽ കയറിക്കിടന്നു.

സാറ ചിന്തിച്ചു, ഇതു പതിവുള്ളതല്ലല്ലോ. അവൾ അടുത്തുചെന്ന് നെറ്റിയിൽ കൈ വെച്ചു നോക്കി. ഹൊ! പെട്ടെന്ന് സാറ കൈവലിച്ചു. തീ പോലത്തെ പനി. അവൾക്കാകെ പരിഭ്രമമായി.

സാറ ഉടനേ മുറ്റത്തേക്കിറങ്ങി. പറമ്പിൽനിന്ന് ചില നാടൻമരുന്നുകൾ പറിച്ചെടുത്ത് തിളപ്പിച്ച് ചെറുചൂടോടെ സഖറിയായ്ക്ക് കുടിക്കാൻ കൊടുത്തു.

"നേരം വെളുക്കട്ടെ. ഏതെങ്കിലുമൊരു വൈദ്യനെ വിളിച്ചുകാണിക്കണം." അവൾ മനസ്സിലുറച്ചു.

പക്ഷേ, അന്നത്തോടെ ആ കുടുംബത്തിൽനിന്ന് ഐശ്വര്യം വിട്ടകലുകയായിരുന്നുവെന്ന് അവൾ മനസ്സിലാക്കിയില്ല.

**ഒരു കൈ സഹായം**

പിറ്റേന്ന് ഉറക്കമുണർന്ന സഖറിയാസിന് കിടക്കയിൽനിന്ന് എഴുന്നേല്ക്കാനാവുന്നില്ല. അയാൾ കഴിയുന്നത്ര ശ്രമിച്ചുനോക്കി. പക്ഷേ, തളർവാതം സഖറിയാസിന്റെ നാഡികളെ തളർത്തിക്കളഞ്ഞു. പിന്നീടൊരിക്കലും സഖറിയാസ് കട്ടിലിൽനിന്ന് എണീറ്റിട്ടില്ല.

സഖറിയാസ് വീണപ്പോൾ ആ കുടുംബത്തിൽ തീപുകയാതായി. സാറായുടെ മനംനൊന്തു. താനെന്തു ചെയ്യും? രോഗിയായ ഭർത്താവിനെ ശുശ്രൂഷിക്കണം. മരുന്നും ഭക്ഷണവും കണ്ടെത്തണം. ബാലനായ നിക്കളാവൂസ്. അവനെ അല്ലലറിയിക്കാതെ വളർത്തണം.

സാറ അയൽവീടുകളിൽ ജോലിക്കു പോകാൻ തുടങ്ങി. അതുകൊണ്ടു കിട്ടുന്ന തുച്ഛമായ വരുമാനംകൊണ്ടുമാത്രം കുടുംബം നിരങ്ങിനീങ്ങണം.

അച്ഛന്റെ രോഗത്തിന്റെ ഗൗരവവും അമ്മയുടെ കഷ്ടപ്പാടും നിക്കളാവൂസും മനസ്സിലാക്കുന്നുണ്ടായിരുന്നു. ഒരുദിവസം അവൻ അമ്മയോടു പറഞ്ഞു: "ഞാൻ ലാസർ മുതലാളിയുടെ ആടുകളെ മേയ്ക്കാൻ പോകുന്നു. ലാസർ മുതലാളി എനിക്കു കൂലി തരും നമുക്കൊരാശ്വാസമാകുമല്ലോ."

സാറ മകനെ സൂക്ഷിച്ചുനോക്കി. അവന്റെ കണ്ണുകളിൽ നിശ്ചയദാർഢ്യത്തിന്റെ തിളക്കം. ആ അമ്മ അവനെ തടഞ്ഞില്ല.

**അപ്പം അപ്പം ബാർലിയപ്പം**

അടുത്തദിവസംമുതൽ നിക്കളാവൂസ് ലാസർ മുതലാളിയുടെ ആടുകളെയും തെളിച്ച് അടുത്തുള്ള മലഞ്ചെരിവുകളിലെ പുൽമേടുകളിലേക്കു പോയിത്തുടങ്ങി. ലാസർ മുതലാളി കൊടുക്കുന്ന കൂലി അമ്മയെ ഏല്പിക്കും. ആ പതിവ് അങ്ങനെ തുടർന്നു.

ഒരുദിവസം നിക്കളാവൂസ് ആടുമേയ്ക്കലും കഴിഞ്ഞു വന്നത് കയ്യിൽ ഒരു പൊതിയുമായിട്ടായിരുന്നു. പൊതി അമ്മയെ ഏല്പിച്ചിട്ട് അവൻ പറഞ്ഞു: "ഇത് കുറച്ചു ബാർലിമാവാണ്. ഈ മാവുകൊണ്ട് അമ്മ രാവിലെ ബാർലിയപ്പം ഉണ്ടാക്കിത്തരണം. ഞാൻ അപ്പക്കച്ചവടം തുടങ്ങാൻ പോകുന്നു. എന്നും രാവിലെ അപ്പക്കച്ചവടം കഴിഞ്ഞു വന്നിട്ടേ ആടുമേയ്ക്കാൻ പോകുന്നുള്ളൂ."

പിറ്റേന്നുമുതൽ നിക്കളാവൂസ് അതിരാവിലെ അപ്പവുമായി കച്ചവടത്തിനു പോകും. പിന്നെ പതിവുപോലെ ആടുമേയ്ക്കാനും.

സാറ എന്നും അതിരാവിലെ അപ്പം ഉണ്ടാക്കും. നിക്കളാവൂസ് അപ്പക്കുട്ടയുമായി വീടുകൾതോറും കൊണ്ടുനടന്ന് വില്ക്കും. രുചികരമായ അവന്റെ ബാർലിയപ്പം ഒന്നില്ലാതെ പെട്ടെന്നുതന്നെ വിറ്റുതീരും. നിക്കളാവൂസ് ഒഴിഞ്ഞ കുട്ടയുമായി തിരിച്ചെത്തുമ്പോഴും സൂര്യൻ പച്ചക്കുന്നുകളിൽ എത്തിയിട്ടേ ഉണ്ടാവുള്ളൂ. പിന്നീട് അവൻ ആടുകളുമായി താഴ്‌വാരത്തേക്കു പോകും.

**തനിക്കുതാൻ പോന്നവൻ**

ഒരുദിവസം ആടുകൾ മരത്തണലിൽ വിശ്രമിക്കുമ്പോൾ നിക്കളാവൂസ് അടുത്തുള്ള തടാകക്കരയിലേക്കു നടന്നു. കരയിലിരുന്ന് അവൻ തടാകത്തിലേക്കു നോക്കി. തെളിനീർ നിറഞ്ഞ തടാകം. വെള്ളത്തിൽ നിറയെ മത്സ്യങ്ങൾ തലങ്ങും വിലങ്ങും പായുന്നു. ആ കാഴ്ച നോക്കി അവനങ്ങനെ ഇരുന്നു കുറെനേരം. പെട്ടെന്ന് ഒരാശയം അവന്റെ മനസ്സിൽ തെളിഞ്ഞു.

ദിവസവും കുറെ മീനുകൾ പിടിക്കണം. നന്നായി പാകം ചെയ്ത് അപ്പത്തിനൊപ്പം മീനും വില്ക്കാം. അപ്പവും മീനും!

തന്റെ കുടുംബത്തിന് ഒരു ആദായമാർഗം തുറന്നുകിട്ടിയതിലുള്ള സന്തോഷം ആ ബാലന്റെ മുഖത്ത് കാണാമായിരുന്നു.

പിറ്റേന്നുമുതൽ നിക്കളാവൂസ് ആടുകളുമായി പോകുമ്പോൾ കൈയിൽ ഒരു വലയുംകൂടി കരുതി. ആടുകൾ വിശ്രമിക്കുമ്പോൾ അവൻ തടാകത്തിൽ വലവീശും. കുറെ മീനുകൾ അവന്റെ വലയിൽ കുടുങ്ങും.

നിക്കളാവൂസ് ശാരീരികമായും മാനസികമായും വളർന്നു. അവന്റെ മനസ്സിൽ പുത്തൻ ആശയങ്ങൾ കടന്നുവന്നു. അവന്റെ അമ്മ അന്യവീടുകളിൽ ജോലിക്കു പോകുന്നത് അവനെ വേദനിപ്പിച്ചു. ഇനിയും



അമ്മ വീട്ടുവേലയ്ക്കു പോകണ്ട. അവൻ ഒരു തീരുമാനമെടുത്തു. തനിക്കുതാൻ പോന്നവനായ താൻ ഇനി കൂടുതൽ അധ്വാനിക്കും. തന്റെ അധ്വാനഫലംകൊണ്ട് തന്റെ കുടുംബം പുലർത്തും. കരുത്തുറ്റ ശരീരത്തിലെ കരുത്തുറ്റ മനസ്സിന്റെ ഉറച്ച തീരുമാനം.

പിറ്റേന്ന് നിക്കളാവൂസ് ഇരട്ടി ബാർലിമാവു കൊണ്ടുവന്നു, കൂടുതൽ മീനും.

**അവൻ കണ്ടു, ആ ദിവ്യതേജസ്സ്**

ഒരു ദിവസം നിക്കളാവൂസ് കച്ചവടം കഴിഞ്ഞു മടങ്ങുകയായിരുന്നു. ഏതാനും അപ്പവും മീനും അവന്റെ കുട്ടയിൽ ബാക്കിയുണ്ടായിരുന്നു.

വീട്ടിലെത്താനുള്ള തിടുക്കമുണ്ടായിരുന്നു അവന്. അതിനിടയിലും ബാക്കിവന്ന അപ്പവും മീനും വില്ക്കാനും അവൻ ശ്രമിച്ചുകൊണ്ടിരുന്നു.

വിജനമായ മലഞ്ചെരിവിലൂടെ മുന്നോട്ടു നീങ്ങുമ്പോൾ അല്പം അകലെ ഒരു ജനക്കൂട്ടം. നിക്കളാവൂസ് തെല്ലിട നിന്നു. അവന് അതിശയം തോന്നി. ഇതിനുമുമ്പൊരിക്കലും ഇങ്ങനെയൊരു ജനക്കൂട്ടത്തെ ഈ താഴ്‌വരയിൽ കണ്ടിട്ടില്ല. അവനിൽ ആകാംക്ഷ നിറഞ്ഞു. നിക്കളാവൂസ് ജനക്കൂട്ടത്തിനടുത്തേക്കു നടന്നു.

ജനക്കൂട്ടത്തിനടുത്തെത്തിയപ്പോൾ കണ്ട കാഴ്ച അവനെ അദ്ഭുതപ്പെടുത്തി. ആൾക്കൂട്ടത്തിൽ സാധാരണക്കാരെപ്പോലെതന്നെ; രോഗികൾ, കുരുടർ, ബധിരർ, മൂകർ തുടങ്ങിയവരും ധാരാളം. പലവിധ വേദനകളും യാതനകളും അനുഭവിക്കുന്നവർ.

ജനക്കൂട്ടത്തിനിടയിലായി അല്പം ഉയർന്ന ഒരു പാറമേൽ ഒരു മനുഷ്യൻ ഇരിക്കുന്നു. ആ കണ്ണുകളിലേക്ക് അവൻ നോക്കി. എന്തൊരു തീക്ഷ്ണത! എന്തു തിളക്കം! എന്തു ചൈതന്യം! ആ മുഖത്തുനിന്നു വഴിയുന്ന ദിവ്യതേജസ്സ്! ഇമവെട്ടാതെ അവൻ നോക്കിനിന്നു. ദൈവികത്വം തുളുമ്പുന്ന മുഖം. കരുണാപൂർവം മാടിവിളിക്കുന്ന കണ്ണുകൾ.

**നമ്മുടെ വിമോചകൻ**

രോഗികളും മുടന്തരും അന്ധരുമെല്ലാം ആ ദിവ്യരൂപത്തിനടുത്തേക്കു നീങ്ങുന്നു. അവരുടെ ദേഹത്തു കൈ വെച്ചുകൊണ്ട് ആ ദിവ്യസ്വരൂപൻ കണ്ണുകളുയർത്തി പ്രാർഥിക്കുന്നു. എന്തദ്ഭുതം! ആ നിമിഷം തന്നെ അതു സംഭവിക്കുന്നു. കുഷ്ഠരോഗം വിട്ടുമാറുന്നു! മുടന്തൻ അവന്റെ ഊന്നുവടിയും ഉപേക്ഷിച്ച് സുഖമായി നടന്നുപോകുന്നു! മൂകൻ സംസാരിക്കുന്നു! അന്ധത മാറുന്നു!

നിക്കളാവൂസ് സ്വയം മറന്നങ്ങനെ നിന്നുപോയി. ജനക്കൂട്ടത്തിന്റെ മർമരം കേട്ടാണവനുണർന്നത്. "യേശു... യേശു... യേശു..."

**അവർക്കു ഭക്ഷണം കൊടുക്കുവിൻ**

നിക്കളാവൂസ് പെട്ടെന്ന് മുന്നോട്ടു കുതിച്ചു. ജനക്കൂട്ടത്തിനിടയിലേക്ക് ഒരു ചാട്ടുളിപോലെ അവൻ പാഞ്ഞുകയറി. അവൻ ആ ദിവ്യപുരുഷന്റെ സമീപത്തെത്തി. ആ മുഖത്തേക്കു നോക്കിക്കൊണ്ടുനിന്നു; ഇമവെട്ടാതെ.

തന്റെ പിതാവിനെക്കുറിച്ചുള്ള ചിന്തകൾ ഈ സമയത്ത് അവന്റെ മനസിൽ നുരപൊട്ടാൻ തുടങ്ങിയിരുന്നു. പിതാവിനെ ഈ ദിവ്യപുരുഷന്റെയടുത്തു കൊണ്ടുവരാൻ കഴിഞ്ഞെങ്കിൽ എന്നായി അവന്റെ ചിന്ത.

ശിഷ്യന്മാർ ഈ സമയം യേശുവിനടുത്തേക്കു വരുന്നത് നിക്കളാവൂസ് കണ്ടു. അവർ യേശുവിനോടു പറഞ്ഞു: "ഇത് ഒരു വിജനപ്രദേശമാണല്ലോ. സമയവും വൈകിയിരിക്കുന്നു. അടുത്തുള്ള നാട്ടിൻപുറങ്ങളിലോ ചെറുപട്ടണങ്ങളിലോ ചെന്ന് എന്തെങ്കിലും വാങ്ങി ഭക്ഷിക്കുന്നതിന് ഈ ജനങ്ങളെ പറഞ്ഞയയ്ക്കുക."

യേശുക്രിസ്തു ശിഷ്യന്മാരെ നോക്കി അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങി ആ ചുണ്ടുകൾ മെല്ലെ വിടർന്നു, അദ്ദേഹം പറഞ്ഞു: "അവർ പോകണമെന്നില്ല. നിങ്ങൾതന്നെ അവർക്കു ഭക്ഷണം കൊടുക്കുവിൻ."

ഇതുകേട്ടു ശിഷ്യന്മാർ പരസ്പരം നോക്കി. അവർക്കൊരെത്തും പിടിയും കിട്ടിയില്ല. അയ്യായിരത്തോളം വരുന്ന ഈ ജനക്കൂട്ടത്തിന് എങ്ങനെയാണ് ഭക്ഷണം കൊടുക്കുക? എങ്ങനെ? എങ്ങനെ?

**അഞ്ചപ്പവും രണ്ടു മീനും**

യേശുവിന്റെ ദിവ്യതേജസ്സിൽ മനസ്സുന്നിനില്ക്കുന്ന നിക്കളാവൂസിനെ യേശുവിന്റെ ശിഷ്യന്മാർ അപ്പോഴാണ് കണ്ടത്. നിക്കളാവൂസിന്റെ അപ്പക്കുട്ടയിൽ ശേഷിച്ചിരുന്ന അപ്പവും മീനും അവരുടെ കണ്ണിൽപ്പെട്ടു. അവരിലൊരാൾ യേശുവിനോടു പറഞ്ഞു: "ഗുരോ, അഞ്ചു ബാർലിയപ്പവും രണ്ടു മീനും ഈ ബാലന്റെ കുട്ടയിലുണ്ട്. എന്നാൽ, ഈ ജനങ്ങൾക്ക് ഇതെന്താകാനാണ്?"

ഉടനേ, ജനങ്ങളെ ഇരുത്തുവാൻ യേശു ശിഷ്യന്മാരോടു പറഞ്ഞു. ശിഷ്യന്മാർ നിക്കളാവൂസിന്റെ കൈയിൽനിന്ന് അപ്പവും മീനും വാങ്ങി യേശുവിന്റെ അടുത്തേക്കു നീക്കിവച്ചു.

യേശു ഉടനേ കുട്ടയിൽനിന്ന് അപ്പവും മീനുമെടുത്ത് ആശീർവദിച്ച് എന്നിട്ടു മുറിച്ചു വിളമ്പുവാൻ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു.

ശിഷ്യന്മാർ, ആശീർവദിച്ച അപ്പവും മീനുമെടുത്ത് മുറിച്ചു വിളമ്പുവാൻ തുടങ്ങി. അതിശയംതന്നെ വിളമ്പുംതോറും അപ്പവും മീനും വർദ്ധിച്ചുകൊണ്ടിരുന്നു. അവിടെക്കൂടിയിരുന്ന ജനങ്ങൾ മതിയാവോളം അപ്പവും മീനും ഭക്ഷിച്ചു തൃപ്തരായി. എന്നിട്ടും അപ്പക്കഷണങ്ങളും മീനും നിരവധി കുട്ടകൾ നിറയെ ബാക്കിയായി.

**നമ്മയ്ക്കുണ്ടേ സമ്മാനം**

നിക്കളാവൂസ് വിടർന്ന മിഴികളുമായി നിശ്ചേതനായി നിൽക്കുകയായിരുന്നു. പെട്ടെന്ന് ആരോ അവന്റെ തലയിൽ തലോടുന്നതായിത്തോന്നി അവൻ പരിസരബോധം വീണ്ടെടുത്തു.

യേശു അവന്റെ മൂർദ്ധാവിൽ തലോടുന്നു. അല്പനേരത്തേക്ക് അവൻ സ്വർഗീയാനന്ദം അനുഭവിക്കുകയായിരുന്നു.

അല്പസമയം കഴിഞ്ഞ് യേശു ശിഷ്യന്മാരോടൊത്ത് അവിടെനിന്നു നടന്നുനീങ്ങി.

പിന്നെ നിക്കളാവൂസ് ഓടുകയായിരുന്നു, വീട്ടിലേക്ക്. എന്തെന്തദ്ഭുതങ്ങൾ! എല്ലാം മാതാപിതാക്കളോടു വിശദമായി പറയണം.

ശ്വാസംവിടാതെ അവൻ ഓടി വീട്ടുമുറ്റത്തെത്തി. അവിടെ കണ്ട കാഴ്ച! നിക്കളാവൂസിന് അവന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല.

തളർവാതം പിടിച്ച് വർഷങ്ങളായി കിടപ്പിലായിരുന്ന അവന്റെ പിതാവ് മുറ്റത്തു നിൽക്കുന്നു. സഖറിയാസിന്റെ തളർവാതം പൂർണമായും സുഖപ്പെട്ടിരിക്കുന്നു.

സഖറിയാസ് നിക്കളാവൂസിനെ വാരിപ്പുണർന്നു പിതൃവാത്സല്യം അണപൊട്ടിയൊഴുകി. അവരുടെ ഹൃദയങ്ങളിൽനിന്ന് നിറഞ്ഞ നന്ദി പരന്നൊഴുകി. അവർ ഒന്നു ചേർന്ന് ദൈവത്തെ സ്തുതിച്ചു.

■

# മലയാളത്തെ സാങ്കേതികമായി അടയാളപ്പെടുത്തുമ്പോൾ



ഡോ. അശോക് ഡിക്രൂസ്

ഭാഷ അടിസ്ഥാനപരമായി ആശയവിനിമയോപാധിയാണ് എന്ന നിലയിലുള്ള വിലയിരുത്തലുകളും നിർവചനങ്ങളും നടത്തിയിരുന്ന കാലം കഴിഞ്ഞു. ഭാഷ ആശയവിനിമയത്തിനുള്ള ഉപാധി എന്ന മട്ടിലല്ല ഇപ്പോൾ നിരീക്ഷിക്കേണ്ടത്; ആശയത്തിനുള്ള ഉപാധിയായാണ്. ഭാഷ എന്നത് വെറുമൊരു ഉപകരണമല്ലെന്നും സാമൂഹികവും ശാസ്ത്രീയവും രാഷ്ട്രീയവും സൗന്ദര്യാത്മകവുമായ ഒരുപ്രതിഭാസമാണെന്നുമുള്ള അടിത്തറയിൽനിന്നുകൊണ്ടാണ് ഈ വിഷയം കൈകാര്യം ചെയ്യേണ്ടത്. മാത്രമല്ല, മാതൃഭാഷയും നവോത്ഥാനവും ജനാധിപത്യവും തമ്മിൽ ഏറ്റവും കൂടുതൽ ബന്ധം സൂക്ഷിക്കുന്നത് കേരളത്തിലാണ്. മാതൃഭാഷ എന്നത് ഒരു നവോത്ഥാനസങ്കല്പമാണ് എന്നിരിക്കലും,

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ'

എന്ന വള്ളത്തോളിന്റെ വരികൾ മുൻനിർത്തിയായിരിക്കും മിക്കവാറും നമ്മൾ മാതൃഭാഷയെ നിർവചിക്കുന്നത്. ഇവിടെ പെറ്റമ്മയും പോറ്റമ്മയും തമ്മിലുള്ള വ്യത്യാസത്തെ സംബന്ധിച്ച വിശദീകരണങ്ങൾ നല്കാറുണ്ട്. അതു മിക്കവാറും ചെന്നെത്തുന്നത് മലയാളം പെറ്റമ്മയും ഇംഗ്ലീഷ് പോറ്റമ്മയും എന്ന മട്ടിലേക്കാണ്. മാതാവ് സംസാരിക്കുന്ന ഭാഷയാണ് കുട്ടികൾ ആദ്യം അവരുടെ ഭാഷയായി സ്വീകരിക്കുന്നത് എന്ന ഒരു യുക്തിയുടെ അടിസ്ഥാനത്തിലായിരിക്കാം മാതൃഭാഷ എന്ന പ്രയോഗം കടന്നുവന്നത്. എന്നാൽ, എല്ലായ്പോഴും മാതാവ് സംസാരിക്കുന്ന ഭാഷയായിരിക്കണമെന്നില്ല ഒരു ശിശുവിന്റെ മാതൃഭാഷ. പ്രത്യേകിച്ച്, മാതാപിതാക്കൾ കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അതിജീവിച്ചവരാണെങ്കിൽ മാതൃഭാഷാസങ്കല്പത്തിൽത്തന്നെ മാറ്റം വന്നേക്കാം.

ഇതുമായി ബന്ധപ്പെടുത്തി ചിന്തിക്കാവുന്ന മറ്റൊരു സിദ്ധാന്തമാണ് പിതൃഭാഷ. ലക്കാനിയൻ മനോവിശ്ലേഷണം ഭാഷയെ പിതാവായിട്ടാണ് കാണുന്നത്. അങ്ങനെ നോക്കിയാൽ എല്ലാ ഭാഷകളും പിതൃഭാഷകളാണെന്നു കരുതേണ്ടിവരും. വാസ്തവത്തിൽ, ഭാഷ എന്ന ഒരു പൊതുസങ്കല്പത്തെയാണ് ഇത്തരത്തിൽ ഒരു ആശയം കൊണ്ടു പൊതിഞ്ഞിരിക്കുന്നത്. അതേസമയം, 1867 ൽ റവ. ജോർജ് മാത്തൻ 'ബാലാഭ്യസന'ത്തെക്കുറിച്ചു നടത്തിയ ഒരു പ്രസംഗത്തിൽ - ഈ പ്രസംഗം പിന്നീട് ലേഖനരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി - മാതൃഭാഷയെ 'ജന്മഭാഷ' എന്നാണ്




വിശേഷിപ്പിച്ചിരിക്കുന്നത്. ഏതായാലും മനുഷ്യൻ ജനിച്ചു വീഴുന്ന സാഹചര്യത്തിൽനിന്നു സ്വായത്തമാക്കുന്ന ഒരു ഭാഷയാണ് എല്ലായ്പോഴും അവന് ആശയത്തെ പ്രകടിപ്പിക്കാൻ തുണയാവുക എന്ന സങ്കല്പമാണ് ഈ സിദ്ധാന്തങ്ങളെല്ലാം മുന്നോട്ടുവയ്ക്കുന്നത്.

മാതൃഭാഷാസംരക്ഷണത്തിനുവേണ്ടി ഒട്ടേറെ രക്തരൂഷിത സമരങ്ങൾ ഉണ്ടായിട്ടുണ്ട്. ഫെബ്രുവരി 21 ലോകമാതൃഭാഷാദിനമായി ആചരിക്കുന്നത് ബംഗ്ലാദേശിലെ സർവകലാശാലാവിദ്യാർഥികളുടെ രക്തസാക്ഷിത്വം സംബന്ധിച്ചുണ്ടായ പ്രശ്നങ്ങളെത്തുടർന്നാണ്. 1952 ഫെബ്രുവരി 21 ന് ബംഗാളിഭാഷയിൽ സർവകലാശാലാവിദ്യാഭ്യാസം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബംഗ്ലാദേശിൽ നടന്ന പ്രതിഷേധസമരക്കാർക്കിടയിലേക്ക് പോലീസ് വെടിയുതിർക്കുകയും സമരത്തിൽ പങ്കെടുത്ത നിരവധി വിദ്യാർഥികൾ കൊല്ലപ്പെടുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ്, ബംഗാളി ഭാഷാപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ലോകമെമ്പാടും അറിയപ്പെടുന്ന ഒരു ഭാഷാദിനമായി ഈ ദിവസത്തെ മാറ്റിത്തീർത്തത്. ഇതിന്റെ പശ്ചാത്തലത്തിലാണ് 1999 നവംബർ 17 ന് യുനെസ്കോ ലോകമാതൃഭാഷാദിനമായി ഫെബ്രുവരി 21 പ്രഖ്യാപിച്ചത്.

ഇന്ത്യയിലും ഇത്തരത്തിലുള്ള ചില ഭാഷാസമരങ്ങൾ നടന്നതായി കാണാം. ആന്ധ്രയിൽ പോറ്റി ശ്രീരാമലു 1952 ഒക്ടോബർ 19 മുതൽ ഡിസംബർ 15 വരെ നടത്തിയ നിരാഹാരസമരവും തമിഴ്നാട്ടിൽ 1965-66 കാലഘട്ടത്തിൽ നടന്ന ഹിന്ദി വിരുദ്ധസമരവും മാതൃഭാഷയ്ക്കുവേണ്ടി നടത്തിയ സമരങ്ങളുടെ പട്ടികയിൽ പെടുത്താവുന്നവയാണ്.

മാതൃഭാഷയെ ഇത്രമേൽ സ്നേഹിക്കുന്ന ഒരു ജനത, നവോത്ഥാനത്തിനും ജനാധിപത്യപ്രക്രിയയ്ക്കും അടിത്തറപാകിയ ഒരു ജനത തീർച്ചയായും സാങ്കേതികവിദ്യയിലും ഭാഷയുടെ സ്വീകാര്യത ഊട്ടിയുറപ്പിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

അനുനിമിഷം ശാഖോപശാഖകളായി വളരാനും വികസിക്കാനും സാധ്യതയുള്ള ഒരു പ്രതിഭാസമാണ് ഭാഷ. ഭാഷ യാതൊരു നിയന്ത്രണങ്ങളും കൂടാതെ വളർന്നുകൊണ്ടിരിക്കുകയാണ്. അതേസമയം ഭാഷയെ വ്യവസ്ഥപ്പെടുത്താൻ വ്യാകരണകൃതികളിലൂടെ വൈയാകരണന്മാർ ചില ശ്രമങ്ങൾ നടത്തുന്നുമുണ്ട്. എങ്കിലും ഈ വ്യവസ്ഥാകരങ്ങളെ അതിജീവിക്കുക എന്നതാണ് എല്ലായ്പോഴും ഭാഷയുടെ പ്രകൃതി. അതേസമയം സാങ്കേതികവിദ്യയ്ക്കുമേൽ മനുഷ്യകേന്ദ്രിതമായ പല നിയന്ത്രണങ്ങളും വന്നുഭവിക്കുന്നതു കാണാം. അത്തരം നിയന്ത്രണങ്ങളിലൂടെയാണ് സാങ്കേതികവിദ്യ പുതുക്കപ്പെടുന്നതു പരിഷ്കരിക്കപ്പെടുന്നതും.

ടൈപ്പ് റൈറ്റർ യുഗത്തിലുണ്ടായ സാങ്കേതികപരിമിതി ആധുനിക വിവരസാങ്കേതികവിദ്യയ്ക്കില്ല. സമൂഹത്തിന്റെ താത്പര്യങ്ങൾക്കനുസൃതമായി സാങ്കേതികവിദ്യയെ പരുവപ്പെടുത്തേണ്ടിയിരിക്കുന്നു. ഭാഷയുടെ സജീവത നിലനിർത്തിക്കൊണ്ടുവേണം അതിനോടു നീതിപുലർത്തേണ്ടത്. ഭാഷയെ സജീവമാക്കാനുള്ള നിരവധി കാര്യങ്ങൾ നമുക്കു ചുറ്റുമുണ്ട്. ഭാഷയുടെ സജീവത നിലനിർത്തുന്നതോടൊപ്പം സാങ്കേതികത അതിനോടൊപ്പം വളരുന്നില്ല എന്നും നാം തിരിച്ചറിയേണ്ടതാണ്.

സ്വതന്ത്രമായി വികസിച്ചുവരുന്ന ഒരു ഭാഷ പൊതുസമൂഹത്തിന്റെ സ്വത്താണ്. എന്നാൽ, സാങ്കേതികവിദ്യയുടെ വികസനം പലപ്പോഴും പല കുത്തകകളിൽ മാത്രം ഒതുങ്ങിനില്ക്കുന്നു. ഇതിന് അപവാദമായി ചൂണ്ടിക്കാട്ടാവുന്നത് സ്വതന്ത്ര സോഫ്റ്റ്വെയറുകൾ മാത്രമാണ്. അതുകൊണ്ടുതന്നെ സ്വതന്ത്ര സോഫ്റ്റുവെയറുകൾ നിർമിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് ഭാഷയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ഭാഷയ്ക്ക് കരുത്തുപകരുകയും ചെയ്യുന്ന ഒരു സംഗതിയാണ്. മലയാളികൾ ഇന്നുപയോഗിക്കുന്ന ഫോണ്ടുകളെല്ലാം സ്വതന്ത്ര സോഫ്റ്റ്വെയറായി രൂപംകൊണ്ടവയാണ്. ഇതിന്റെ പോരായ്മയെന്തെന്നുവച്ചാൽ, വിപണിതാത്പര്യത്തിനനുസരിച്ച് രൂപംകൊണ്ട മൈക്രോസോഫ്റ്റ്, ഗൂഗിൾ തുടങ്ങിയ സാങ്കേതിക രംഗത്തെ അതികായന്മാർ അവതരിപ്പിച്ച ഭാഷാകംപ്യൂട്ടിങ് ടൂളുകളാണ് ഇപ്പോഴും നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇക്കൂട്ടത്തിൽ പ്രധാനമായി റെന്ററിങ്, ഫോണ്ട്, അക്ഷരവലിപ്പം, അക്ഷരക്രമം തുടങ്ങിയവയൊക്കെ നമ്മുടെ ഭാഷയുടെ രീതിശാസ്ത്രത്തോടു പൊരുത്തപ്പെടുന്നവയായിക്കൊള്ളണമെന്നില്ല. ഉദാഹരണമായി, 'ന്റ' എന്ന അക്ഷരത്തെ മലയാളഭാഷാസാങ്കേതികവിദഗ്ധർ ഭയപ്പെടുകയാണ്. യൂണികോഡിലേക്ക് മാറ്റുമ്പോൾ 'ന്, റ' എന്നുമാത്രമേ ഈ അക്ഷരത്തെ കാണാൻ സാധിക്കൂ. അതുപോലെതന്നെയാണ് 'മ്പ' എന്ന അക്ഷരവും. ഇതിന്റെ റെന്ററിങ്ങിലെ പിഴവുകളും തീർക്കേണ്ടതുണ്ട്. റെന്ററിങ്ങിലെ ഇത്തരം പിഴവുകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഭാഷാസാങ്കേതികവിദഗ്ധരുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഇങ്ങനെയുള്ള പിഴവുകളുണ്ടാകുന്നതിനുള്ള കാരണം, അക്കാദമികതലത്തിലുള്ള ഭാഷാവിദ്യാഭ്യാസം സാങ്കേതികവിദ്യയോടു പുറംതിരിഞ്ഞുനില്ക്കുന്നു എന്നതാണ്.

കൈയക്ഷരം മനസ്സിലാക്കിക്കൊണ്ടുള്ള എഴുത്തുരീതിയാണ് മറ്റൊരു പ്രധാനപ്പെട്ട മേഖല. ഗൂഗിളിന്റെ ഹാൻഡ് റൈറ്റിംഗ് റെക്കഗ്നേഷൻ ടൂൾ നിലവിലുണ്ട്. വാസ്തവത്തിൽ, മലയാളം ടൈപ്പിങ്ങിന്റെ കാലം കഴിഞ്ഞിരിക്കുന്നു. ടൈപ്പ് റൈറ്റർ എന്ന പ്രതിഭാസംതന്നെ അസ്തമിച്ചിരിക്കുന്നു. എങ്കിലും അതേ 'കീ' സമ്പ്രദായമാണ് ഇന്ന് കപ്യൂട്ടറുകളിൽ ഉപയോഗിച്ചുപോരുന്നത്. എന്നാൽ, അതിനൊരു വെല്ലുവിളി ഉയർത്തിക്കൊണ്ടുവരുന്നത് മൊബൈൽ ഫോണുകൾ നമ്മെ തീർത്തും നിരാശപ്പെടുത്തിയിട്ടുമില്ല. മൊബൈൽ ഫോണുകളിൽ ടച്ച് സ്ക്രീൻ വന്നതോടുകൂടി വിരൽകൊണ്ട് എഴുതാവുന്ന സാങ്കേതികവിദ്യയിലേക്കു നമ്മൾ മാറി.

ഭാഷ മനുഷ്യനോടൊപ്പം ജനിക്കുകയും മനുഷ്യനോടൊപ്പം വളരുകയും ചെയ്യുന്ന ഒരു പ്രതിഭാസമാണ്. അതുകൊണ്ടുതന്നെ സാങ്കേതികമായി അതിനെ അടയാളപ്പെടുത്തുന്ന എല്ലാ പ്രക്രിയകളും ഭാഷയുടെ വളർച്ചയ്ക്കു നിദാനമാണ്. സാങ്കേതികവിദ്യയ്ക്കുവേണ്ടി ഭാഷയെ വികലമാക്കുന്നതിലല്ല കാര്യം; മറിച്ച്, ഭാഷയ്ക്കുവേണ്ടി സാങ്കേതികവിദ്യയെ നിയന്ത്രിതമായ രീതിയിൽ ക്രമീകരിക്കുക എന്നതിലാണ് കാര്യം. ○

## ചേറ്റിൽ തുടങ്ങണം

കവിത

ജോസ് പോളയ്ക്കൽ

ചുറ്റോടുചുറ്റും വരമ്പു പിടിക്കണം,
ചേറ്റിലിറങ്ങിയുഴുതു മറിക്കണം,
മുറ്റം കണക്കേ നിലം നിരപ്പാക്കണം,
വറ്റിച്ചുണക്കി വിതപ്പാകമാക്കണം.

നീറ്റിൽ കിളിർപ്പിച്ചു വിത്തുവിതയ്ക്കണം,
ആറ്റയും കാക്കയും കൊത്താതെ നോക്കണം,
ഞാറ്റടി തേകി നനച്ചു കൊടുക്കണം,
ഊറ്റുള്ള ഞാറു വളർത്തിയെടുക്കണം.

ഞാറ്റുപാട്ടീണത്തിൽ ഞാറുപറിക്കണം
അറ്റം മുറിച്ചു നടീലു നടത്തണം,
പറ്റി വളരും കളയൊാക്കെ നീക്കണം,
തെറ്റാതിടയ്ക്കു വളമിട്ടു പോറ്റണം.

കൂറ്റൻ കടയോടു ഞാറുതഴയ്ക്കണം,
നൂറ്റുക്കു നൂറായ് കതിരുപൊടിക്കണം,
കാറ്റും മഴയും വെയിലുമങ്ങേറ്റേറ്റു,
മാറ്റുള്ള നെന്മണി മൂത്തു പഴുക്കണം.

മുറ്റും കതിരിന്നരിവാളു വയ്ക്കണം,
കറ്റയായ്ക്കെട്ടിച്ചുമന്നു കരേറ്റണം,
കറ്റ കളത്തിൽച്ചവിട്ടിമെതിക്കണം,
കാറ്റത്തു പാറ്റിപ്പതിരു കൊഴിക്കണം.

പാറ്റിയ നെല്ലുടൻ ചിക്കിയുണക്കണം,
കാറ്റുകടക്കാത്ത പത്തായമേറ്റണം,
കൊറ്റിനു വേണ്ടതപ്പപ്പോളെടുക്കണം,
മുറ്റത്തടുപ്പിട്ടു ചെമ്പിൽ പുഴുങ്ങണം.

പിറ്റേന്നതൂറ്റിക്കുടഞ്ഞിട്ടുണക്കണം,
ചുറ്റുള്ളുലക്കയാൽ കുത്തിയവയ്ക്കണം,
പറ്റെത്തവിടു കളയാതെടുക്കണം,
വറ്റു രുചിച്ചിറ്റു കഞ്ഞികുടിച്ചിടാം.

# പറക്കാൻ പിറന്നവൻ





*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി*



**ജോയിഷ് ജോസ്**

**ഏ**തൊരു ജീവിതവും മഹത്തരമായിത്തീരുന്നത്, സ്വപ്നം കാണുകയും അത് യാഥാർഥ്യമാക്കാൻ കഠിനപരിശ്രമം നടത്തുകയും ചെയ്യുമ്പോഴാണ്. സ്വപ്നങ്ങൾ നാളേക്കുള്ള മോഹങ്ങൾക്കു പിറവി നൽകുന്നു. അത് വരുംകാലത്തേക്കുള്ള പ്രതീക്ഷകൾകൂടിയാണ്. പലപ്പോഴും എനിക്കു തോന്നിയിട്ടുള്ളത് ചില വായനകളും നമുക്ക് സ്വപ്നങ്ങളുണ്ടാക്കുകയും അത് ജീവിതത്തെത്തന്നെ മാറ്റിമറിക്കുകയും




ചെയ്യുമെന്നാണ്. ഞാൻ വീണുപോയപ്പോഴെല്ലാം എന്നെ വീണ്ടും വീണ്ടും പോരാടാൻ പ്രോത്സാഹിപ്പിച്ച ഒരു പുസ്തകമുണ്ട്, അമേരിക്കൻ എഴുത്തുകാരനായ റിച്ചാർഡ് ബാച്ചിന്റെ ജോനാഥാൻ ലിവിങ്സ്റ്റൺ സീഗൾ എന്ന പുസ്തകം. ഏതു പ്രതിസന്ധിയും തരണം ചെയ്ത് ലക്ഷ്യം പ്രാപിക്കാൻ ഈ പുസ്തകം നിങ്ങളെ പ്രേരിപ്പിക്കും.

നോവലിലെ കേന്ദ്രകഥാപാത്രമായ 'ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ' ഒരു കടൽക്കാക്കയാണ്. അവൻ ജീവിക്കുന്ന സമൂഹം ഇന്നും യാഥാസ്ഥിതിക കാഴ്ചപ്പാടുകൾ പിന്തുടർന്നുപോരുന്നു. എന്നാൽ, മറ്റു കടൽക്കാക്കകളെക്കാൾ ഏറെ വ്യത്യസ്തനായിരുന്നു ജോനാഥൻ. കാലങ്ങളായി പിന്തുടർന്നുവന്ന അന്ധവിശ്വാസങ്ങളെയും ബോധ്യങ്ങളെയും തകർത്തെറിഞ്ഞ് ആകാശത്തോളം ഉയർന്നു പൊങ്ങുവാനായിരുന്നു അവന്റെ ആഗ്രഹം. അവൻ തിരിച്ചറിഞ്ഞിരുന്നു, 'അലസതയും വിരസതയും ഭയപ്പാടും ദേഷ്യവു'മൊക്കെയാണ് സാധാരണ കടൽക്കാക്കയുടെ ആയുസ്സിനെ ചെറുതാക്കുന്നതെന്ന്. ജോനാഥന് അത്തരം പരിമിതികളില്ല.

തങ്ങളുടെ ഉപജീവനത്തിനായുള്ള ഉണക്കമത്സ്യങ്ങൾക്കായി കൂട്ടുകാരും കുടുംബാംഗങ്ങളുമെല്ലാം വഴക്കുകൂടുമ്പോൾ അറിവിന്റെ, ബോധ്യങ്ങളുടെ തിരിച്ചറിവിനായുള്ള മാർഗങ്ങൾ തേടുകയായിരുന്നു ജോനാഥൻ. എന്നാൽ, തങ്ങളുടെകൂടെ നിന്നൊരുവൻ അറിവിന്റെ ആകാശസീമയിലേക്കു പാറിപ്പറക്കുന്നത് അവന്റെ കുലത്തിനു ദഹിക്കുമായിരുന്നില്ല. തങ്ങളെന്നും മീൻപെറുക്കി ഉപജീവനം കഴിക്കേണ്ടവരാണെന്നും മറ്റുള്ള ചിന്തകളെല്ലാം തങ്ങളുടെ വിശ്വാസസംഹിതയ്ക്കു ചേർന്നതല്ലെന്നും അവർ വാദിച്ചു. പുരോഗമനാശയങ്ങൾ എവിടെയെല്ലാം ഉണ്ടാകുന്നുവോ അവിടെയെല്ലാം നമുക്കിത്തരം 'കുലപുരുഷന്മാരെയും കുലസ്ത്രീകളെയും' കാണാനാവുമല്ലോ..

ജോനാഥൻ അറിവിന്റെ ചക്രവാളം തേടി പറന്നുയരാൻതന്നെ തീരുമാനിച്ചു. മിക്ക കടൽക്കാക്കകൾക്കും പറക്കുകയെന്നതൊരഭിനിവേശമല്ല. അവർക്കു പറക്കുകയെന്നത് തീറ്റ കണ്ടെത്താനുള്ള ഒരു വഴി മാത്രമാണ്. ജോനാഥന് ഭക്ഷണമൊരു പ്രശ്നമല്ല. മറ്റെന്തിനേക്കാളുമേറെ അവൻ പറക്കാനിഷ്ടപ്പെടുന്നു. അവനു പറക്കണം, പറക്കാവുന്നിടത്തോളം പറക്കണം. അറിവു സമ്പാദിക്കണം. ആതുകൊണ്ട് അവനു പറക്കാതിരിക്കാൻ വയ്യ. 'പറക്കാൻ പിറന്നൊരു പറവയാണവൻ.' ജോനാഥൻ പരിശീലിക്കാൻ തുടങ്ങി. നിരുത്സാഹപ്പെടുത്തലുകൾ ജോനാഥന്റെ ശ്രമങ്ങൾക്കു തടസ്സമായില്ല.

എന്നാൽ, തന്റെ കുടുംബത്തിൽ നിന്നുതന്നെ ആദ്യം അവൻ എതിർപ്പു നേരിട്ടു. അച്ഛനും അമ്മയും ഉപദേശിച്ചു, സഹോദരങ്ങൾ കരഞ്ഞുപറഞ്ഞു, മുത്തശ്ശനും മുത്തശ്ശിയും സ്നേഹവാക്കുകൾകൊണ്ട് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ, ജോനാഥൻ അതിലൊന്നും തെല്ലും കുലുങ്ങിയില്ല. പിന്നീട് കൂട്ടുകാരുടെയും അയൽക്കാരുടെയും ഉപദേശമായി. അവിടെയും അവൻ കുലുങ്ങിയില്ല. താമസിയാതെ അവൻ ആയിരം അടി ഉയരത്തിൽ പറന്നെത്തി. അവിടെ നിന്നവൻ താഴോട്ടു മുങ്ങാംകുത്തി. പിന്നീട് രണ്ടായിരം അടി ഉയരത്തിലെത്തി. വീണ്ടും താഴേക്കൂളിയിട്ടിറങ്ങി. മണിക്കൂറിൽ അറുപതും എഴുപതും നാഴിക വേഗത്തിലവൻ പറന്നു. താമസിയാതെ ജോനാഥൻ അയ്യായിരം അടി സ്വപ്നം കാണാൻ തുടങ്ങി. കർശനമായ



പരിശീലനത്തിന്റെ നാളുകളിലൂടെ അവൻ മുന്നേറുകയായിരുന്നു. അവൻ തിരിച്ചറിഞ്ഞു: 'വേഗമാണ് കരുത്ത്. വേഗമാണ് ഹരം.' ഒടുവിൽ അവനെ ഉപദേശിച്ചു നേരേയാക്കാനുള്ള ഉത്തരവാദിത്വം അവന്റെ കുലത്തെ നയിക്കുന്ന മൂപ്പൻ ഏറ്റെടുത്തു. ആദ്യം അയാൾ സ്നേഹത്തോടെയും ഒടുവിൽ ഭീഷണിയുടെ സ്വരത്തിലും സംസാരിച്ചു. എന്നിട്ടും ജോനാഥൻ അറിവു നേടി പറക്കണമെന്ന തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ഒടുവിൽ, കുലമൂപ്പൻ ആ തീരുമാനമെടുത്തു, തങ്ങളുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും വെല്ലുവിളിച്ച് അറിവു തേടിപ്പോകുന്ന ജോനാഥനെ തങ്ങളൂടെ സമൂഹത്തിൽനിന്നു പുറത്താക്കുക, കുലത്തിന്റെയും ആചാരങ്ങളുടെയും സംരക്ഷകരായി സ്വയം അവതരിച്ച് മൂപ്പനെ പിന്താങ്ങാൻ അവിടെയും കുറച്ച് മൂരാച്ചികളുണ്ടായിരുന്നു. മൂപ്പന്റെ വിധിയെ അവർ കൈയടിച്ചു പിന്താങ്ങി.

വിധികേട്ട് മാതാപിതാക്കളും സഹോദരങ്ങളും പൊട്ടിക്കരഞ്ഞു. സുഹൃത്തുകൾ വേദനയോടെ നോക്കി. എന്നാലും ജോനാഥൻ തന്റെ തീരുമാനത്തിൽനിന്നു വ്യതിചലിക്കാൻ തയ്യാറായില്ല.

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കേന്ദ്രമായിരുന്ന തന്റെ കുലത്തിൽനിന്ന് പുറത്താക്കപ്പെട്ട് സ്വതന്ത്രനായ ജോനാഥൻ അറിവിന്റെ ചക്രവാളത്തെത്തേടി ഉയർന്നു പറക്കാൻ തുടങ്ങി. തിരിച്ചറിവിന്റെ സ്വരത്തിനു കാതോർത്ത് അവൻ ആകാശത്തു പറന്നു. ഒടുവിൽ അവൻ അതിമനോഹരമായ ഒരു സ്ഥലത്ത് എത്തിച്ചേർന്നു. അവിടെ ചിയാങ് എന്ന ഗുരുവിന്റെ കീഴിൽ അവൻ അറിവിന്റെ വിശാലലോകത്തേക്കുള്ള പദമൂന്നി.


കപടതയുടെ ഇരുണ്ട ലോകത്തുനിന്നെത്തിയ ജോനാഥന് ഗുരുവിന്റെ ഓരോ വാക്കും വൈഡൂര്യംപോലെ പ്രകാശമായിത്തീർന്നു. അവന്റെ മനസ്സും ചിന്തകളും കൂടതൽ പ്രകാശിതമായി. കടലാസെന്നപോലെ അവൻ അതു ഹൃദയത്തിൽ പകർത്തിയെടുത്തു. സ്നേഹത്തിന്റെ പുതിയ പാഠങ്ങൾ അവന്റെ ജീവിതം മാറ്റിമറിച്ചു. എന്തിലും ഏതിലും സ്നേഹം പകർന്നുനൽകണമെന്ന ഗുരുവചനങ്ങൾ ഹൃദയത്തോട് അവൻ ചേർത്തുപിടിച്ചു. അറിവുകൊണ്ട് ബുദ്ധിയും സ്നേഹംകൊണ്ട് ഹൃദയവും നിറച്ച് ഗുരുവിനോട് വിടചൊല്ലി. അവൻ പറന്നിറങ്ങിയത് തന്നെ തിരസ്കരിച്ച തന്റെ നാട്ടിലേക്കാണ്. താൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവൻ വളർന്നുവരുന്ന പുതുതലമുറയോടു പങ്കുവച്ചു. അവരിൽ നല്ലൊരു ഭാഗം അവന്റെ വാക്കുകളെ ശ്രവിച്ചു വിശ്വസിച്ചു. എന്നാൽ, യാഥാസ്ഥിതികരായ ഒരുകൂട്ടം കടൽക്കാക്കകൾ യുവതലമുറയെ വഴിതെറ്റിക്കുന്നു എന്നു പറഞ്ഞ് അവനെ അവിടെനിന്ന് ആട്ടിപ്പായിച്ചു. അവനോടൊപ്പം ചിന്താശേഷിയുള്ള, അവനെ വിശ്വസിച്ച ഒരുപറ്റം യുവാക്കളും ആ കുലത്തിൽനിന്നു പുറത്തായി. അവരെ അവൻ ഉയരങ്ങൾ ലക്ഷ്യമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഈ വിശാലമായ ലോകത്തെക്കുറിച്ചും പഠിപ്പിച്ചു. അവർ സ്വയം പര്യാപ്തരായെന്നു കണ്ടപ്പോൾ ഇനിയും, ലോകത്തെയും അതിന്റെ വിശാലതയെയും കുറിച്ച് അറിവ് ലഭിച്ചിട്ടില്ലാത്ത അന്യദേശങ്ങളിലെ കടൽക്കാക്കകളെ പഠിപ്പിക്കാൻ അവൻ വീണ്ടും വീണ്ടും പറന്നുയർന്നു. അറിവിന്റെ മാലാഖയെപ്പോൽ...


ജോനാഥൻ ലിവിങ്സ്റ്റൺ സീഗൾ എന്ന കടൽക്കാക്കയുടെ ജീവിതം നമ്മുടെ മുന്നിൽ വയ്ക്കുന്ന ചിന്ത ഇതാണ്: "വെല്ലുവിളികളെ സാധ്യതകളായി കാണുക. മനസ്സിന്റെ ശക്തിയെ ഉണർത്തുക. നിരന്തരം പരിശ്രമിക്കുക. അന്തിമവിജയം നിങ്ങളുടേതാവും." ○




**വി**ശുദ്ധപദമലങ്കരിക്കുന്നവരായ ജോൺ പോൾ രണ്ടാമൻ പാപ്പാ, മദർ തെരേസ, എവുപ്രാസ്യാമ്മ, ചാവറയച്ചൻ, വിൻസെന്റ് ഡിപോൾ, ജോൺ മരിയ വിയാനി, പാദുവായിലെ അന്തോനീസ് എന്നീ മഹത്തുക്കളുടെ ജീവചരിത്രം സചിത്രാഖ്യാനത്തോടുകൂടി ആകർഷകമായ രീതിയിൽ ചെറുഗ്രന്ഥങ്ങളാക്കിയിരിക്കുകയാണ് നന്മ ബുക്സ്, കോഴിക്കോട്.


കുട്ടികൾക്കു മഹാന്മാരെയും വിശുദ്ധരെയും പരിചയപ്പെടാനും അവരിൽ പദസമ്പത്തു വർദ്ധിക്കാനും ഭാഷാപ്രാവീണ്യം നേടിയെടുക്കാനുംആത്മീയവായനയിൽ ആഴപ്പെടാനും പ്രേരിപ്പിക്കുന്ന ഉത്തമഗ്രന്ഥങ്ങൾ. അധ്യാപകർക്കും മാതാപിതാക്കൾക്കും ഈ ഗ്രന്ഥങ്ങൾ തുണയാകുമെന്നതിൽ സംശയമില്ല.

















പ്രണയപാഠാവലി (70)

# മുദ്രിതവ്യക്തിത്വങ്ങളുടെ സ്വാധീനം



ഡോ. ആന്റണി ജോസ്



ഒരു സർട്ടിഫിക്കറ്റിനെ വിലയുള്ളതാക്കുന്നത് അതിൽ പതിഞ്ഞിട്ടുള്ള ഔദ്യോഗികമുദ്രയാണ്. സീൽ ചെയ്യാത്ത സർട്ടിഫിക്കറ്റ് ആധികാരികമല്ല. ഇതേപോലെ നമ്മുടെ വ്യക്തിത്വങ്ങളിലും ചില മുദ്രകൾ പതിഞ്ഞിട്ടുണ്ടാവും. അത് നമ്മുടെ സ്വഭാവസവിശേഷതകളുടെ അടയാളമാണ്. വ്യക്തിയുടെ ചിന്ത, വൈകാരികത, പെരുമാറ്റം – ഇതെല്ലാം ഈ മുദ്രയിൽ തെളിഞ്ഞുകാണാം. സ്ഥലകാലഭേദങ്ങൾ പൊതുവേ ഇവയിൽ വലിയ മാറ്റമൊന്നും വരുത്താറില്ല. മുദ്രിതവ്യക്തിത്വങ്ങൾ പ്രധാനമായും അഞ്ചെണ്ണമുണ്ടെന്നാണ് ചില മനഃശാസ്ത്രജ്ഞന്മാരുടെ നിരീക്ഷണം. അതിൽ ഒന്നാമത്തേതായ തുറന്ന പ്രകൃതം (Openness)എപ്രകാരമാണെന്നു പരിശോധിക്കാം.

പുതിയ അനുഭവങ്ങളോടും അറിവുകളോടുമുള്ള അഭിനിവേശമാണ് ഇതിന്റെ മുഖ്യസവിശേഷത. 'വൈവിധ്യമാണ് ജീവിതത്തിന്റെ സൗരഭ്യം' എന്നതായിരിക്കും ഇവരുടെ ആദർശവാക്യം. അതുകൊണ്ടുതന്നെ പരമ്പരാഗതമായ കീഴ്‌വഴക്കങ്ങളെ ഒരു പരിധിയിൽക്കൂടുതലായി മാനിക്കുന്നുമില്ല. വിവിധയിനം കലാരൂപങ്ങളോടുള്ള ആഭിമുഖ്യം, എഴുത്ത്, വായന, യാത്രകൾ, പരിചയപ്പെടലുകൾ ഒക്കെയും ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളാണ്. പുതുമയുള്ള ആശയങ്ങൾ എപ്പോൾ വേണമെങ്കിലും പൊട്ടിമുളയ്ക്കാം. അത്ര മിഴിവുറ്റതായിരിക്കും ഭാവനയുടെ ലോകം.

കൗതുകവും ജിജ്ഞാസയും തുറവുപ്രകൃതക്കാരുടെ ജീവിതായോധനത്തിനുള്ള ഇന്ധനങ്ങളാണ്. ഇവരിൽ പലരും സാഹസികന്മാരായിത്തീരുന്നതിനു വേറേ കാരണമന്വേഷിക്കേണ്ട. ജീവൻ പണയംവെച്ചും പുതിയൊരു കണ്ടെത്തലിനായി തുനിഞ്ഞിറങ്ങിക്കളയും.

അറിവും അനുഭവവും ഒരിക്കലും അധികമാകുന്നില്ല. ജീവിതാന്ത്യംവരെ നമുക്കത് ആവശ്യമാണ്. എന്നാൽ അതിനോടുള്ള അഭിവാഞ്ഛ എത്രകണ്ടാണ് എന്നതാണ് പ്രധാനം. അഭിനിവേശങ്ങൾ ആവശ്യത്തിനു മാത്രം ആകുന്നതല്ലേ നല്ലത്? കുറയുന്നതും കൂടുന്നതും ഗുണപരമാകുമെന്നു തോന്നുന്നില്ല.

നല്ല കുടുംബജീവിതത്തിനു തുറന്ന പ്രകൃതം വളരെ ഉപകാരപ്രദമാണ്. പക്ഷേ, ആവശ്യത്തിന്റെ ചുറ്റുവരമ്പുകൾക്കുള്ളിൽ നില്ക്കുന്നതായിരിക്കണം. ഭാര്യയ്ക്കൊപ്പം ഒരു സിനിമയ്ക്കു പോവുക, കുട്ടികൾക്കൊപ്പം ചെറിയൊരു വിനോദയാത്ര നടത്തുക, പുതിയ പാചകക്കുറിപ്പുകൾ പരീക്ഷിക്കുക – ഇതൊക്കെ തുറവിന്റെ ന്യായമായ ചില ചുവടുവയ്പ്പുകളാകുന്നു. പങ്കാളിക്കുവേണ്ടി പുതിയ ഫാഷനിലുള്ള ഒരു ഡ്രസ് കൊണ്ടുവരുമ്പോൾ അവിടെ ബന്ധങ്ങൾ ഊഷ്മളമാകും.

തുറവിനോട് ആഭിമുഖ്യം തീരെയില്ലാത്ത ആളാണ് പങ്കാളിയെങ്കിലോ, കലാലയകാലത്തെ ഏതാനും ജോഡി വസ്ത്രങ്ങൾ സ്ഥിരമായി അലക്കിയുപയോഗിക്കുന്നയാളാണ് പങ്കാളിയെങ്കിൽ, പുതിയ ഡ്രസ്സുകൾ അയാൾക്കു പണച്ചെലവിനെക്കുറിച്ചുള്ള വേവലാതിയുണ്ടാക്കുകയേയുള്ളൂ. ചില പ്രണയബന്ധങ്ങൾ ഇഴപൊട്ടുന്നതിന് ഇപ്രകാരമുള്ള 'മിസ്‌മാച്ചിങ്' കാരണമാകാറുണ്ട്.

ഇനി തുറന്ന പ്രകൃതക്കാരൻ പരിധികൾ ലംഘിച്ചാലോ? അയാൾ സ്വാർഥതയുടെ ആൾരൂപമായി മാറാം. ഭാര്യയെ ഉപേക്ഷിച്ചുള്ള കലാ-സാഹിത്യോപാസനകൾ, സത്യാന്വേഷണത്തിനായി ദേശാടനങ്ങൾ തുടങ്ങി തോന്ന്യാസങ്ങളുടെ ഒരു ജീവിതശൈലി തന്നെ അയാൾ പിന്തുടരാം. ഭാര്യയെപ്പോലും വൈവിധ്യക്കുറവിന്റെ പേരിൽ അയാൾ മാറ്റിനിർത്താം. ഇവിടെ പ്രശ്നമാകുന്നത് തുറന്ന പ്രകൃതമല്ല, മറിച്ച്, അതിവേഗത്തിലേക്കു കാര്യങ്ങൾ നീങ്ങുന്നതാണ്.

സ്ഥിരം അനുഭൂതികൾ വിരസമാകുമ്പോൾ ദാമ്പത്യ അവിശ്വസ്തതയിലേക്ക് വ്യക്തി കടക്കാം. മദ്യവും മയക്കുമരുന്നുകളും ഭാവനയ്ക്കു നിറംപകരാൻ അനിവാര്യമായിത്തീരും.

ഭക്ഷണം പാകം ചെയ്യാൻ തീ ആവശ്യമാണ്. അതേ തീ അടുപ്പിന്റെ ആവൃതി ലംഘിക്കുമ്പോൾ സർവനാശകാരിയായും മാറുന്നു. തുറന്ന പ്രകൃതക്കാർ ഇക്കാര്യം ഓർത്തിരിക്കുകതന്നെവേണം. ○

# മ്യാൻമറിൽ ജനാധിപത്യം ബലിക്കല്ലിൽ

*ഒന്നാം പേജ് തുടർച്ച*

"മാർപാപ്പായുടെ സന്ദർശനത്തോടെ സ്ഥിതിഗതികൾ കുറെക്കൂടി മെച്ചപ്പെടുമെന്ന പ്രത്യാശയാണുള്ളത്. സൈനികമേധാവികളുടെ അധീശത്വത്തിനു വിരാമമിടണം. പട്ടാളഭരണത്തിലേക്കു രാജ്യത്തെ തിരികെക്കൊണ്ടുപോകാൻ അധീശശക്തികളെ അനുവദിച്ചുകൂടാ."

അരനൂറ്റാണ്ടുകാലം നീണ്ടുനിന്ന കിരാതമായ പട്ടാളഭരണത്തിനെതിരേ ഓങ് സാൻ സ്യൂ കിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ശക്തമായ ജനകീയപ്രക്ഷോഭങ്ങൾക്കൊടുവിൽ ജനാധിപത്യമാതൃകയിലുള്ള ഭരണത്തിനു സൈന്യം വഴങ്ങിയത് 2010 ൽ മാത്രമാണ്. 1990 മുതൽ 2011 വരെ വീട്ടുതടങ്കലിൽ കഴിയേണ്ടിവന്ന സ്യൂ കി 2015 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ എൻ.എൽ.ഡി യെ വിജയത്തിലെത്തിച്ച് മ്യാൻമറിലെ ആദ്യജനാധിപത്യസർക്കാരിനു രൂപം നൽകുകയും ചെയ്തു. 2015 ലെ തകർപ്പൻ ജയം ലോകജനാധിപത്യചരിത്രത്തിലെ നാഴികക്കല്ലായ പോരാട്ടവിജയമായി വിശേഷിപ്പിക്കപ്പെട്ടു. വിദേശീയനായ ഭർത്താവും ബ്രിട്ടീഷ് പൗരത്വമുള്ള രണ്ടു മക്കളും ഉള്ളതിനാൽ പ്രസിഡന്റോ പ്രധാനമന്ത്രിയോ ആകുന്നതിന് സ്യൂ കിക്ക് വിലക്കുണ്ടായിരുന്നു. പ്രധാനമന്ത്രിപദത്തിനു തുല്യമായ 'സിവിലിയൻ ഭരണാധികാരി' (state councillor) എന്ന സ്ഥാനപ്പേരിൽ കടുത്ത നിയന്ത്രണങ്ങളോടെയാണ് അവർ ഭരണം നിർവഹിച്ചുപോന്നത്.

മ്യാൻമറിലെ സമരനായകനും രാഷ്ട്രപിതാവുമായ ഓങ് സാനിന്റെ മകളായി 1945 ൽ ജനിച്ച സ്യൂ കിക്ക് രണ്ടു വയസുള്ളപ്പോൾ പിതാവ് വധിക്കപ്പെടുകയായിരുന്നു. 1948 ജനുവരിയിലാണ് മ്യാൻമർ ബ്രിട്ടീഷുകാരിൽനിന്നു സ്വാതന്ത്ര്യം നേടിയത്. മ്യാൻമറിലെ ജനാധിപത്യത്തിനുമേൽ സൈന്യം പിടിമുറുക്കിയത് 1962 ലാണ്. തന്ത്രപ്രധാനമേഖലകളെല്ലാം സൈന്യത്തിന്റെ നിയന്ത്രണത്തിലാകുകയും പ്രതിപക്ഷ പാർട്ടികളെ നിരോധിക്കുകയും ചെയ്തു.

ഉപരിപഠനത്തിനായി ഓക്സ്ഫോർഡ് സർവകലാശാലയിലെത്തിയ സ്യൂ കി, ബ്രിട്ടീഷുകാരനായ മൈക്കിൾ ആരിസിനെ വിവാഹം കഴിച്ചു. അലക്സാണ്ടർ, കിം എന്നീ രണ്ടു മക്കളുമായി ബ്രിട്ടണിൽ താമസമാക്കിയ സ്യൂ കി രോഗബാധിതയായ അമ്മയെ ക്കാണാനാണ് 1988 ൽ മ്യാൻമറിലേക്കു തിരിച്ചെത്തിയത്. എന്നാൽ, കാൽനൂറ്റാണ്ടുകാലത്തെ പട്ടാളഭരണം താറുമാറാക്കിയ തന്റെ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങളിൽ അവർ ഇടപെടുകയായിരുന്നു. തന്റെ പിതാവിന്റെ മകളാണ് താനെന്നു പ്രഖ്യാപിച്ചുകൊണ്ട് 1988 ഓഗസ്റ്റ് 8-ാം തീയതിയിലെ പ്രക്ഷോഭത്തിനു നേതൃത്വം കൊടുക്കുകയും ഒരു മാസത്തിനുശേഷം എൻ.എൽ.ഡി. എന്ന രാഷ്ട്രീയ പ്പാർട്ടിക്കു രൂപം നല്കുകയും ചെയ്തു. '8888' എന്ന് മ്യാൻമറിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട രക്തരൂഷിതപ്രക്ഷോഭത്തിൽ 5000 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

1990 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ എൻ.എൽ.ഡി. വിജയിച്ചെങ്കിലും ഭരണം കൈമാറാൻ വിസമ്മതിച്ച സൈനികനേതൃത്വം സ്യൂ കിയെ തടവിലാക്കി. ഇതിനിടെ 1991 ൽ സ്യൂ കിക്കു ലഭിച്ച നൊബേൽ സമാധാനപുരസ്കാരം മ്യാൻമറിലെ ജനാധിപത്യപോരാട്ടങ്ങൾക്കുള്ള അംഗീകാരവുമായി.

2003 ൽ സ്യൂ കിയുടെ അനുയായികളായ 70 പേർ വധിക്കപ്പെട്ടതിന്റെ പിന്നിൽ പട്ടാളത്തിന്റെ കൈകളുണ്ടായിരുന്നു. സൈന്യത്തിന്റെ സിൽബന്ധികളായ യുഎസ്ഡിഎ എന്ന സംഘടനയാണ് പിൽക്കാലത്ത് യു.എസ്.ഡി.പിയെന്ന പേരിൽ സൈന്യത്തിന്റെ സ്വന്തം രാഷ്ട്രീയസംഘടനയായി മാറിയത്. 2010 ലെ തിരഞ്ഞെടുപ്പ് എൻ.എൽ.ഡി. ബഹിഷ്കരിച്ചതിനാൽ യു.എസ്.ഡി.പിക്ക് ഭരണം ലഭിക്കുകയും സ്യൂ കി പ്രതിപക്ഷനേതാവാകുകയും ചെയ്തു.

പട്ടാളത്തിന് മ്യാൻമർ അധികാരഘടനയിലുള്ള സ്വാധീനം നിർണായകമാണ്. പാർലമെന്റിലെ 25% സീറ്റുകൾ സൈന്യത്തിനായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നതും, സുപ്രധാനവകുപ്പുകളായ ആഭ്യന്തരം, പ്രതിരോധം, വിദേശകാര്യം എന്നിവ കൈകാര്യം ചെയ്യുന്ന മന്ത്രിമാരെ നിശ്ചയിക്കുന്നതും പട്ടാളനേതൃത്വമായതിനാൽ ജനാധിപത്യം പേരിൽമാത്രം ഒതുങ്ങുന്ന സ്ഥിതിവിശേഷമാണ്. അയൽരാജ്യമായ മ്യാൻമറിൽ ജനാധിപത്യം കശാപ്പുചെയ്യപ്പെടുമ്പോൾ അത് നമ്മെയും അലോസരപ്പെടുത്തുന്നുണ്ട്. പട്ടാളഅട്ടിമറിയിൽ ആശങ്ക പ്രകടിപ്പിച്ചെങ്കിലും ശക്തമായി അപലപിക്കാൻ തയ്യാറാകാത്തത് നയതന്ത്രരംഗത്തെ പാളിച്ചയായേ കാണാനാവൂ. പുതിയ യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ രാജ്യാന്തരതലത്തിൽ നേരിടുന്ന ആദ്യവെല്ലുവിളിയാണ് മ്യാൻമറിലെ പട്ടാളഅട്ടിമറി. ജനാധിപത്യത്തിന്റെ വീണ്ടെടുപ്പും യു.എസിന്റെ ലോകനേതൃപദവിയും പ്രഖ്യാപിച്ച് അധികാരത്തിലെത്തിയ ബൈഡൻ ഉപരോധം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചേക്കും.

അടുത്ത അഞ്ചുവർഷത്തേക്കുകൂടി ഭരണത്തുടർച്ച കിട്ടുമായിരുന്ന സർക്കാരിനെയാണ് സൈന്യം നിർദയം അട്ടിമറിച്ചത്. ഈ നടപടി രാജ്യത്തെ കൂടുതൽ അരാജകത്വത്തിലേക്കാവും നയിക്കുക. സ്യൂ കിയുടെ നേതൃത്വത്തിലുള്ള അഞ്ചുവർഷത്തെ ഭരണം കൊണ്ടുവന്ന സാമ്പത്തികപുരോഗതി, വാർത്താമാധ്യമ സംവിധാനങ്ങളുടെ വികസനം എന്നിവ യുവജനങ്ങളിൽ ചെലുത്തിയ സ്വാധീനം തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു. എന്നാൽ, ഭരണത്തിലുള്ള സൈന്യത്തിന്റെ മേൽക്കോയ്മ എല്ലാ അതിർത്തിവരമ്പുകളെയും അതിലംഘിക്കുന്നതായി. പ്രസിഡന്റും സ്റ്റേറ്റ് കൗൺസിലറും മന്ത്രിമാരുമെല്ലാം ഉണ്ടെങ്കിലും ഏതു നിമിഷവും അധികാരം പിടിച്ചെടുക്കാൻ പാകത്തിലുള്ള ഭരണഘടനയാണ് 2008 ൽ സൈന്യം തയ്യാറാക്കിയത്. ഈ അധികാരം കൈവിടാതിരിക്കാൻ സൈനികമേധാവിയായ മിൻ ഓങ് ലെയിങ് ആണ് അട്ടിമറി ആസൂത്രണം ചെയ്തത്. ഈ വർഷം ജൂലൈയിൽ വിരമിക്കാനിരിക്കെയാണ് ലെയിംങിന്റെ അട്ടിമറിയെന്നതും ശ്രദ്ധേയമാണ്.

തങ്ങൾ തിരഞ്ഞെടുത്ത ജനാധിപത്യസർക്കാരിനെ അട്ടിമറിച്ചതിലും, അമ്മയെപ്പോലെ കരുതിയിരുന്ന ഓങ് സാൻ സ്യൂ കിയെ തടവിലിട്ടതിലും പ്രതിഷേധിച്ച് നൂറുകണക്കിനു യൂണിവേഴ്സിറ്റി വിദ്യാർഥികളും അധ്യാപകരും തെരുവിലിറങ്ങി. പഴയ തലസ്ഥാനമായ യാംഗൂണിലും ഇപ്പോഴത്തെ തലസ്ഥാനമായ നയ്പിദോയിലും പ്രതിഷേധസമ്മേളനങ്ങളും റാലികളും സംഘടിപ്പിച്ചുവരുന്നു. രാജ്യത്തെ ആരോഗ്യപ്രവർത്തകർ ഒന്നടങ്കം ആദ്യദിവസംതന്നെ സംഘടിച്ച് തങ്ങളുടെ പ്രതിഷേധം അറിയിച്ചിരുന്നു. സൈന്യത്തിന്റെ പ്രതികാരനടപടി ഭയന്നുകഴിയുന്ന സർക്കാരുദ്യോഗസ്ഥർകൂടി ഇവരോടൊപ്പം ചേർന്നാൽ ഒരു സമവായത്തിനു പട്ടാളനേതൃത്വം തയ്യാറായെന്നുവരാം. തലസ്ഥാനനഗരിയിലെ ഔദ്യോഗികവസതിയിലാണ് സ്യൂ കിയെ തടങ്കലിൽ പാർപ്പിച്ചിരിക്കുന്നതെങ്കിലും അധികാരഭ്രഷ്ടയായശേഷം അവരെക്കുറിച്ച് യാതൊരു വിവരവുമില്ലെന്ന് എൻ.എൽ.ഡി. വൃത്തങ്ങൾ പറയുന്നു. എഴുപത്താറുകാരിയായ സ്യൂ കിയുടെ ആരോഗ്യനിലയെക്കുറിച്ചു ആശങ്കപ്പെടേണ്ടതില്ലെന്നും പാർട്ടിയുടെ വക്താക്കൾ അറിയിച്ചു. ○

# ഓർമിക്കുമോ നമ്മൾ മാതൃഭാഷാമഹത്ത്വം?

3-ാം പേജ് തുടർച്ച

എങ്കിലും ആദ്യത്തെ 15 വർഷത്തേക്ക് രാഷ്ട്രത്തിന്റെ ഔദ്യോഗികഭാഷ ഇംഗ്ലീഷ് ആയിരിക്കണമെന്നും ഭരണഘടന നിർദേശിച്ചിരുന്നു. നൂറ്റാണ്ടുകളായി ഔദ്യോഗികഭാഷയായിരുന്ന ഇംഗ്ലീഷിന്റെ സ്ഥാനത്ത് പെട്ടെന്നു ഹിന്ദിയെ പ്രതിഷ്ഠിക്കുക ബുദ്ധിപൂർവകമോ പ്രായോഗികമോ ആയ നടപടി ആകുമായിരുന്നില്ലല്ലോ. അതോടൊപ്പം, 15 വർഷം കൊണ്ട് ഇംഗ്ലീഷിന്റെ സ്ഥാനത്തു ഹിന്ദി സ്വീകരിക്കാനുള്ള സന്നദ്ധത ഇന്ത്യൻജനതയ്ക്കുണ്ടാകുമെന്നു ഭരണഘടനാപിതാക്കൾ പ്രതീക്ഷിച്ചിരുന്നു എന്നും കരുതേണ്ടിയിരിക്കുന്നു.

എന്നാൽ, സംഭവിച്ചതു മറിച്ചാണ്. 15 വർഷം കൊണ്ടു പ്രാദേശികഭാഷാവികാരം കൂടുതൽ ശക്തമായി. ഹിന്ദിവിരോധം ദക്ഷിണേന്ത്യയിലെയും പൂർവേന്ത്യയിലെയും സംസ്ഥാനങ്ങളിൽ വ്യാപകമാകുകയും ചെയ്തു. ഇക്കാര്യത്തിൽ ഏറ്റവും അധികം വികാരം കൊണ്ടതും ആപത്കരമായി പ്രതിഷേധിച്ചതും തമിഴ്നാടായിരുന്നു.

ഈ സാഹചര്യത്തിലാണ്, സി.എസ്. കോത്താരി അധ്യക്ഷനായുള്ള ദേശീയ വിദ്യാഭ്യാസകമ്മീഷന്റെ റിപ്പോർട്ട് 1966 ജൂണിൽ സമർപ്പിക്കപ്പെടുന്നത്. മൂന്നു ഭാഷകളെ കൂട്ടിക്കെട്ടിയുള്ള ത്രിഭാഷാനയമാണു കമ്മീഷൻ ശുപാർശ ചെയ്തത്. പ്രാദേശികഭാഷ, ഇംഗ്ലീഷ്, ഏതെങ്കിലും ഒരു ആധുനിക ഇന്ത്യൻ ഭാഷ എന്നതായിരുന്നു ക്രമം. 1968-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ത്രിഭാഷാനയം ഔദ്യോഗികമായി അംഗീകരിച്ചു.

ഭരണഘടനയുടെ അനുച്ഛേദം 345, ഓരോ സംസ്ഥാനത്തിനും അവരവർക്കു താത്പര്യമുള്ള ഭാഷ ഔദ്യോഗികഭാഷയായി നിശ്ചയിക്കാൻ അധികാരം നൽകുന്നുണ്ട്. എന്നാൽ, കുട്ടികളുടെ പ്രാഥമികഘട്ടവിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കണമെന്ന് അനുച്ഛേദം 350 പ്രത്യേകം വ്യവസ്ഥ ചെയ്യുന്നു. ഉപരിവിദ്യാഭ്യാസത്തിന്റെ അധ്യയനമാധ്യമം എന്തായിരിക്കണമെന്നു സംസ്ഥാനങ്ങൾക്കു തീരുമാനിക്കാം. ഈ തീരുമാനം ബഹുജനതാത്പര്യം മുൻനിർത്തിയാകാം. മറിച്ച്, സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും വികസനത്തെയും ഭാവിയെയും കുറിച്ച് കൃത്യമായ പഠനം നടത്തി, അതിന്റെ കണ്ടെത്തലുകൾ അനുസരിച്ചുമാകാം.

ഈ പശ്ചാത്തലത്തിലാണു മലയാളത്തെയും മലയാളിയുടെ ഭാഷാഭിമാനത്തെയുംകുറിച്ചുള്ള ചിന്തകൾ പ്രസക്തമാകുന്നത്. ഒറ്റവാക്യത്തിൽപ്പറഞ്ഞാൽ, മലയാളിയെപ്പോലെ മാതൃഭാഷാഭിമാനമില്ലാത്ത ഒരു ജനത ലോകത്തൊരിടത്തും കാണുകയില്ല. ഇംഗ്ലീഷറിയുന്നവൻ മാന്യൻ എന്നൊരു വികലധാരണ മലയാളിയുടെ അപകർഷബോധത്തെ പാതാളത്തോളം താഴ്ത്തിക്കളഞ്ഞു എന്നുതന്നെ പറയാം. മാതൃഭാഷ അധ്യയനമാധ്യമമാക്കിയാൽ ആകാശം ഇടിഞ്ഞുവീഴും എന്ന മട്ടിലായിരുന്നു കേരളീയരുടെ ആശങ്ക. അതുമൂലം ഉചിതമായ തീരുമാനം യഥാസമയം കൈക്കൊണ്ടു മുന്നേറാൻ നമ്മുടെ ജനകീയഭരണസംവിധാനത്തിനു കഴിയാതെയുംപോയി.

ഫലമോ? 'അമ്മാത്തുനിന്നു പുറപ്പെട്ടു ഇല്ലത്തൊട്ടെത്തിയുമില്ല' എന്ന ധർമസങ്കടത്തിലായിപ്പോയി കേരളജനത. ഇംഗ്ലീഷറിഞ്ഞുകൂടാത്തവർ ഇംഗ്ലീഷ് പഠിപ്പിച്ച വിദ്യാഭ്യാസരംഗം സമസ്തമേഖലകളിലും കേരളത്തിന്റെ സർഗശക്തി കെടുത്തിക്കളഞ്ഞു. കുറച്ചുപേരെ വിദേശരാജ്യങ്ങളിൽ ഗുമസ്തപ്പണിക്കു പറഞ്ഞുവിടാൻ കഴിഞ്ഞു എന്നതേ നേട്ടമായുള്ളൂ. ശാസ്ത്രസാഹിത്യരംഗങ്ങളിൽ മലയാളിക്കു ലോകനിലവാരത്തിലേക്കുയരാൻ കഴിയാതെപോയതിന്റെ പ്രധാനകാരണം നമ്മുടെ അശാസ്ത്രീയമായ അധ്യയനമാധ്യമം തന്നെയാണ്.

മാതൃഭാഷ അറിഞ്ഞു കൂടാത്ത കുട്ടി, കുടുംബത്തിന്റെയും സമൂഹത്തിന്റെയും അഭിമാനചിഹ്നമായി മാറുന്ന ദയനീയാവസ്ഥ കേരളത്തിലേ ഉണ്ടാകൂ. മലയാളിയുടെ കഥയില്ലാത്ത ആംഗലഭാഷാദാസ്യത്തിനുനേരേ നമ്മുടെ പ്രിയ കവി കുഞ്ഞുണ്ണിമാഷ് ചൊരിഞ്ഞ രൂക്ഷപരിഹാസം ഇങ്ങനെ:

"ജനിക്കുംനാളുതൊട്ടെന്റെ
മകനിംഗ്ലീഷ് പഠിക്കണം
അതിനാൽ ഭാര്യതൻ പേറ –
ങ്ങിംഗ്ളണ്ടിൽതന്നെയാക്കി ഞാൻ!"

2015 ഡിസംബർ 17 നു മാത്രമാണ് മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ടുള്ള നിയമത്തിനു കേരള നിയമസഭ അംഗീകാരം നല്കിയത്. 2017 മേയ് ഒന്നുമുതൽ മലയാളം കേരളത്തിന്റെ ഔദ്യോഗികഭാഷയാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവും പുറത്തുവന്നു. വൈകിയെത്തിയതാണെങ്കിലും വിവേകം അഭിനന്ദനാർഹമാണല്ലോ. എങ്കിലും ഉദ്യോഗസ്ഥതലത്തിൽ ആ വിവേകം ഇന്നും യാഥാർത്ഥ്യമായിട്ടില്ല. പഴയ സർക്കാർ വിലാസം ഭാഷയിൽ ഇപ്പോഴും ഉത്തരവുകൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. മലയാളത്തിൽ ഉത്തരവുകൾ തയ്യാറാക്കാൻ ബുദ്ധിമുട്ടാണത്രേ. പഴയ ഉത്തരവുകളിലെ ആണ്ട്, മാസം, തീയതികൾ മാത്രം മാറ്റിയെഴുതി പുതിയ ഉത്തരവിറക്കുകതന്നെയെളുപ്പം.

ഹൈക്കോടതിവരെയുള്ള കോടതികളിലെ ഭാഷയും പ്രാദേശികഭാഷകളിലാക്കിക്കൊണ്ട് നിയമനിർമാണം നടത്താൻ സംസ്ഥാനസർക്കാരുകൾക്കു ഭരണഘടന അംഗീകാരം നല്കിയിട്ടുണ്ട്. സാധാരണക്കാർ നീതിക്കുവേണ്ടി കയറിയിറങ്ങുന്ന ഇടങ്ങളിൽനിന്ന് അവന്റെ മാതൃഭാഷയിൽത്തന്നെ പരിഹാര ഉത്തരവുകൾ ലഭിക്കേണ്ടത് ഓരോ പൗരന്റെയും മൗലികാവകാശമാണ്. വൈകാതെ ഇതും സാധ്യമാകുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

മാതാവും മാതൃഭൂമിയും സ്വർഗത്തെക്കാൾ വലുതാണെന്ന് നമ്മെ നിരന്തരം ഓർമിപ്പിക്കുന്നത് ആദികവി വാല്മീകിയാണ്. അക്കൂട്ടത്തിൽ മാതൃഭാഷയെക്കൂടി നമുക്ക് ഉൾപ്പെടുത്താം.

മാതൃഭാഷയ്ക്കുവേണ്ടി ബലിദാനം നടത്തിയ അഞ്ചു വിദ്യാർത്ഥികളുടെ സ്മാരകമായ ധാക്കയിലെ 'ഷാഹിദ് മിനാർ' ബംഗ്ലാഭാഷാഭിമാനികൾക്കു പുണ്യസ്ഥലമാണ്. എല്ലാ വർഷവും ഫെബ്രുവരി 21 ന് അവർ അവിടെയെത്തി പുഷ്പാർച്ചനയും അനുസ്മരണപരിപാടികളും നടത്തുന്നു. മാതൃഭാഷാമഹത്ത്വത്തിന്റെ പ്രഖ്യാപനം.

**ചിരിപൊരി** — **സന്തോഷ് പാലാ**




## വീടുകൾ ദൈവസ്നേഹത്തിന്റെ അടയാളങ്ങൾ – മാർ ജോസഫ് കല്ലറങ്ങാട്ട്



കാവുംകണ്ടം: ദൈവസ്നേഹത്തിന്റെ കാണപ്പെടുന്ന അടയാളങ്ങളാണ് കാവുംകണ്ടം ഇടവകയിൽ പണികഴിപ്പിച്ചു നല്കിയ വീടുകളെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. സെന്റ് മരിയ ഗൊരേത്തി ഇടവകയിലെ കൂട്ടായ്മകളുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച വീടുകളുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വികാരി ഫാ. സ്കറിയ വേകത്താനത്തെയും കൈക്കാരന്മാരെയും ഭവനനിർമാണക്കമ്മറ്റി അംഗങ്ങളെയും അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു.

2020 ജൂലൈയിൽ ഇടവകയിൽ ചാർജെടുത്ത പുതിയ വികാരി ഫാ. സ്കറിയ വേകത്താനം ഭവനസന്ദർശനത്തിനിടെയാണ് തന്റെ ഇടവകാതിർത്തിക്കുള്ളിലെ വീടുകളുടെ ശോചനീയാവസ്ഥ മനസ്സിലാക്കിയത്. പല പ്രാവശ്യം സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങിയിട്ടും ഒരു പ്രയോജനവും ലഭിക്കാതിരുന്ന സാഹചര്യത്തിലാണ് അദ്ദേഹം 'തണൽ' എന്ന ഭവനനിർമാണപദ്ധതിക്കു രൂപംകൊടുത്തത്. പാലാ രൂപത ഹോം പ്രോജക്ടിന്റെ നേതൃത്വത്തിലാണ് ഭവനനിർമാണപദ്ധതിക്ക് ഇടവകയിൽ തുടക്കം കുറിച്ചത്. പദ്ധതി പൂർത്തിയായതോടെ സ്വന്തമായി വീടുകൾ ഇല്ലാതിരുന്ന രണ്ടു കുടുംബങ്ങൾക്കും വീട് വാസയോഗ്യമല്ലാതിരുന്ന എട്ടു കുടുംബങ്ങൾക്കും ഇനി സുരക്ഷിതഭവനങ്ങളിൽ അന്തിയുറങ്ങാം. നാലുമാസംകൊണ്ടാണ് ഈ പദ്ധതി പൂർത്തിയാക്കിയത്.

പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, കടനാട് ഫൊറോനാപള്ളി വികാരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര, ഗ്രാമപഞ്ചായത്ത് മെമ്പർ ഗ്രേസി ജോർജ് പുത്തൻകുടിലിൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. കൈക്കാരന്മാരായ സെബാസ്റ്റ്യൻ തയ്യിൽ, മാത്യു തച്ചുകുന്നേൽ, ജോഷി കുമ്മേനിയിൽ, ഭവനനിർമ്മാണ കമ്മിറ്റിയംഗങ്ങളായ ചാക്കോച്ചൻ പെരുമാണിയിൽ, ജോയി കല്ലുവെട്ടിയേൽ, സണ്ണി കുരീത്തറ, അഭിലാഷ് കോഴിക്കോട്ട്, ജിബിൻ കോഴിക്കോട്ട്, ജോസ് കോഴിക്കോട്ട് തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

## ഇന്ധനവിലക്കയറ്റത്തിനെതിരേ കാളവണ്ടിയുന്തി പ്രതിഷേധം



പാലാ: ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോഴും ആ വിലയിടിവിന്റെ നേട്ടം ജനങ്ങൾക്കു ലഭിക്കാത്തവിധം അമിതമായി നികുതി വർധിപ്പിച്ച കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹനടപടികൾക്കെതിരെ എസ്.എം.വൈ.എം. പാലാ രൂപത, പാലാനഗരവീഥിയിലൂടെ കാളവണ്ടിയുന്തി ശക്തമായി പ്രതിഷേധിച്ചു.

പെട്രോൾ, ഡീസൽ, പാചകവാതകം തുടങ്ങിയവയുടെ കുതിച്ചുയരുന്ന വിലവർദ്ധനയിൽ പ്രതിഷേധിച്ചു ഭരണകൂടങ്ങളുടെ കണ്ണു തുറപ്പിക്കാൻ യുവാക്കൾ നടത്തിയ റാലിക്ക് എസ്.എം.വൈ.എം. പാലാ രൂപതാസമിതിയോടൊപ്പം പാലാ ഫൊറോനായും കുടക്കച്ചിറ യൂണിറ്റും നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിലെ യുവജനങ്ങളും പങ്കെടുത്തു. പ്രതിഷേധറാലിക്ക് രൂപത പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, സുസ്മിത സ്കറിയ, കെവിൻ ടോം, നിഖിൽ ഫ്രാൻസിസ്, അജോ ജോസഫ്, ജീവാ ജോസ്, കെവിൻ മുങ്ങാമാക്കൽ, അജോ ജോസഫ്, നിഖിൽ ഫ്രാൻസിസ് തുടങ്ങിയവർ നേതൃത്വം നല്കി.



നോവൽ

# ഇടം

ജോർജ് പുളിങ്കാട്

## അധ്യായം 24

നാളുകൾക്കുമുമ്പ് കളക്ടർ സലോമിയെ സന്ദർശിച്ച കാഞ്ഞിപ്പള്ളിക്കാരൽ മാളിയേക്കൽ തോമസ് വീണ്ടും കാണാനെത്തി. നല്ല തിരക്കുണ്ടായിട്ടും തന്റെ സ്പോൺസർകൂടിയായ ആ മനുഷ്യനെ അവൾ സ്നേഹപൂർവം സ്വീകരിച്ചു.

"മോളേ, സലോമീ, ഞാനങ്ങനെയേ വിളിക്കൂ, കുഴപ്പമുണ്ടോ?"

''ഇല്ലച്ചായാ, എനിക്കു സന്തോഷമേയുള്ളൂ."

"മുമ്പു വന്നപ്പം ഇനി വരികേലെന്നു പറഞ്ഞുപോയതാ. ഒരു പ്രത്യേക സാഹചര്യത്തിലാ ഇപ്പോൾ വന്നത്."

എന്തെങ്കിലും ശുപാർശയുമായിട്ടായിരിക്കും വരവ്. സലോമി വിചാരിച്ചു. ഏതായാലും കേൾക്കാതെയും വയ്യ, പരിഗണിക്കാതെയും വയ്യ. അത്രമേൽ കടപ്പാടുണ്ട്.

അയാൾ അല്പനേരം നിശ്ശബ്ദനായിരുന്നു.

"പറഞ്ഞോളൂ അച്ചായാ, വന്ന കാര്യം."

"എന്റെ പെങ്ങളുടെ മകനാ ജെയ്ക്ക്. അവൻ തൃശൂരില് വലിയ ആശുപത്രീൽ ജോലി ചെയ്യുന്ന എം.ഡിക്കാരൻ ഡോക്ടറാ. മക്കളില്ലാത്ത എനിക്ക് അവൻ മകനെപ്പോലെയാ. വയസ് മുപ്പതുണ്ട്. കാണാനും മിടുക്കനാ. പത്രങ്ങളിലൊക്കെ സലോമിയെക്കുറിച്ചുള്ള വാർത്തകളും പടവുമൊക്കെ കണ്ട് അവനൊരിഷ്ടം തോന്നിയിരിക്കുകാ..."

"അച്ചായാ, ഞാൻ കാലൻ മാത്തന്റെയും കുശിനിക്കാരി സെലീനായുടെയും മകളാണെന്ന് ജെയ്ക്കിനറിയാമോ?"

"ഒക്കെയറിയാം. ഞാൻ പറഞ്ഞു. അവനു നിന്നെ കെട്ടിയാൽ എല്ലാമായെന്ന ചിന്തയാ. എല്ലാ ദിവസവും ഇതും പറഞ്ഞ് എന്നെ ഫോൺ വിളിക്കും. വന്നൊന്നു കാണാൻ പറയട്ടെ?"

"പറഞ്ഞോളൂ, ആളെ കാണാമല്ലോ."

"മോൾക്കവനെ ഇഷ്ടപ്പെട്ടാൽ മാത്രം മതി. ഇഷ്ടപ്പെടാതിരിക്കില്ലെന്നറിയാം."

"എനിക്ക് നല്ലൊരു വീടോ, കാര്യമായി സ്ഥലമോ ഒന്നുമില്ല. ഒക്കെ പറഞ്ഞേക്കണം."

''അതിലൊക്കെയെന്തു കാര്യം? ഇതുപോലെ വിദ്യാഭ്യാസവും പദവിയും കാഴ്ചയ്ക്കു ഭംഗിയുമൊക്കെയുള്ള ഒരു പെണ്ണിനെ കിട്ടുകാന്നുവച്ചാൽ അതിൽ കൂടുതലെന്തുവേണം?"

"അച്ചായാ, ജെയ്ക്കുമായി കാണാനുള്ള ദിവസവും സമയവുമൊക്കെ ഞാൻ വിളിച്ചറിയിക്കാം. എന്റെ താമസസ്ഥലത്തു വന്നാൽ മതി. അമ്മയും ഇപ്പോൾ എന്റെകൂടെയാ താമസിക്കുന്നത്."

"നല്ല കാര്യം. ആദ്യം ജെയ്ക്ക് തനിയെ വന്ന് സലോമിയെ കാണട്ടെ. തമ്മിൽ ഇഷ്ടപ്പെടുകയാണെങ്കിൽ മറ്റൊരു ദിവസം അവന്റെ ബന്ധുക്കൾ വന്നു കണ്ടാൽ മതിയല്ലോ."

"അതുമതി." സലോമി സമ്മതിച്ചു. "നല്ല വർത്തമാനവുമായി വന്ന അച്ചായന് ഒരുചായപോലും തരാൻ എനിക്കിവിടെ സൗകര്യമില്ലാതെപോയി."

"ഒന്നും വേണ്ട. ഈ വയസ്സനെ ഇത്രയും നേരം കേട്ടിരുന്നല്ലോ. ഇനി കൂടുതലൊന്നും പറയാനില്ല. ഞാനിറങ്ങുന്നു." മാളിയേക്കൽ തോമസ് സാവകാശമെഴുന്നേറ്റ് ഓഫീസിൽനിന്നിറങ്ങി.

സലോമിക്ക് മൂന്നു മണിക്ക് പരിസ്ഥിതിപ്രവർത്തകർ സംഘടിപ്പിക്കുന്ന നദീതീരസംരക്ഷണപരിപാടിയുടെ ഉദ്ഘാടനച്ചടങ്ങുണ്ടായിരുന്നു. കിടങ്ങൂരിലാണ് പ്രോഗ്രാം. അഡ്വക്കറ്റ് സുമിത്രയും ജിനേഷും നേതൃത്വം കൊടുത്ത് സംഘടിപ്പിച്ച പരിപാടിയാണത്. ഇപ്പോൾ ജിനേഷില്ലാതെ അതിനു തുടക്കംകുറിക്കുന്നു. മൂന്നേകാൽ മണിക്ക് കളക്ടർ സലോമി ഉദ്ഘാടനസ്ഥലത്തെത്തി. സുമിത്രയും മറ്റു പരിസ്ഥിതിപ്രവർത്തകരും പൂക്കൾ നല്കി കളക്ടറെ സ്വീകരിച്ചു.

"സലോമി മേഡം, നമ്മളിവിടെ യോഗമോ പ്രസംഗമോ ഇല്ല. നേരത്തേ തീരുമാനിച്ചതുപോലെ ആറ്റുതീരത്ത് രാമച്ചത്തൈ നട്ട് കളക്ടർ പരിപാടി ഉദ്ഘാടനം ചെയ്യുന്നു. പിന്നെ ഭാരവാഹികൾ ജിനേഷിന്റെ വീട്ടിൽ പോയി അവരെ കാണുന്നു." അഡ്വക്കറ്റ് സുമിത്ര പറഞ്ഞു.

"ഞാനും ജിനേഷിന്റെ വീട്ടിലേക്കു വരുന്നുണ്ട്. ഉദ്ഘാടനച്ചടങ്ങു തീർത്ത് നമുക്കു പെട്ടെന്നു പിരിയാം." സലോമി പറഞ്ഞു.

ആറ്റുതീരത്ത് തീർത്ത കുഴിയിൽ രാമച്ചത്തൈ കളക്ടർ സലോമി നട്ടു. പരിസ്ഥിതിപ്രവർത്തകർ കൂട്ടമായി കൈയടിച്ചു. പത്രത്തിലെ ഫോട്ടോഗ്രാഫർമാരും ചാനലിലെ ക്യാമറമാൻമാരും ആ രംഗം പകർത്തി. കളക്ടർ ഒരു ലഘുപ്രസംഗവും നടത്തിയിട്ടാണ് മടങ്ങിയത്.

വീടിനോടു ചേർന്നുള്ള തൊഴുത്തിൽ എരുമയ്ക്ക് പുല്ലരിഞ്ഞ് ഇട്ടുകൊടുക്കുകയായിരുന്നു സന്ധ്യ. അവൾ എടുത്തു കുത്തിയിരുന്ന നൈറ്റി നേരേയാക്കി അങ്ങോട്ടോടി വന്നു. തീർത്തും ക്ഷീണിതയായിരുന്നു അവൾ. മുടി കൂടുതൽ നരച്ചതുപോലെ തോന്നിച്ചു.

"ചേച്ചീ, ജില്ലാ കളക്ടറാ, മുമ്പ് ജിനേഷിനു പോലീസ് പ്രൊട്ടക്ഷൻ കൊടുത്തയാൾ." അഡ്വക്കറ്റ് സുമിത്ര സലോമിയെ സന്ധ്യയ്ക്കു പരിചയപ്പെടുത്തി. സന്ധ്യ വിതുമ്പലോടെ കൈകൾ കൂപ്പി.

"പോയല്ലോ ഞങ്ങളെ തനിച്ചാക്കി അവൻ." സന്ധ്യ പറഞ്ഞു.

കളക്ടർ സലോമി അവളെ ചേർത്തണച്ചു. ആശ്വാസവാക്കുകളൊന്നും വന്നില്ല.

"അവനൊരു പാവമായിരുന്നു. മണ്ണിനെയും പുഴകളെയും മരങ്ങളെയും ജീവികളെയുമൊക്കെ സ്നേഹിച്ചു. നല്ലവരൊന്നും അധികം പോകില്ല." ഒപ്പമുണ്ടായിരുന്നു പരിസ്ഥിതിപ്രവർത്തകനായ ശ്രീധരൻ നായർ പറഞ്ഞു.

"അമ്മ കിടക്കുകയായിരിക്കും അല്ലേ?" സലോമി ചോദിച്ചു.

"ഉറക്കമാ ഇപ്പം." രാത്രീൽ ഉറക്കമില്ല. ഭക്ഷണം കഴിക്കലും കുറവാ, എപ്പഴും അവന്റെയോരോ കാര്യങ്ങള് പറഞ്ഞു കരയും. ശ്വാസംമുട്ടലുമുണ്ട്. അകത്ത് എല്ലാവർക്കുംകൂടി ഇരിക്കാനുള്ള സൗകര്യമില്ലല്ലോ."



''വേണ്ടാ, ഞങ്ങളിവിടെ നിന്നോളാം. ഉറങ്ങുന്ന അമ്മയെ വിളിച്ചുണർത്തണ്ട." സലോമി പറഞ്ഞു.

"പാലുവിറ്റും പച്ചക്കറി വിറ്റും ഒരുവിധം ഭംഗിയായി അവൻ വീടു കൊണ്ടുപോയിരുന്നതാ മേഡം. വലിയ കഷ്ടത്തിലാ." അഡ്വക്കറ്റ് സുമിത്ര സൂചിപ്പിച്ചു.

സന്ധ്യയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

സന്ധ്യ തന്റെ ചുരിദാറിന്റെ പോക്കറ്റിൽനിന്ന് പതിനായിരം രൂപയെടുത്ത് സന്ധ്യയ്ക്കു നേരേ നീട്ടി.

"കുറച്ചു രൂപയായേയുള്ളൂ. തത്കാലം ഇതു വയ്ക്ക്, ഈ കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടു പരിഹരിക്കാൻ സ്ഥിരമായ ഏർപ്പാട് ഉണ്ടാക്കിത്തരും." സലോമി ഉറപ്പുനല്കി.

"ഞങ്ങൾ പരിസ്ഥിതിപ്രവർത്തകരും ഇക്കാര്യത്തിൽ ശ്രദ്ധിക്കും മേഡം." അഡ്വക്കറ്റ് സുമിത്ര പറഞ്ഞു.

"വരണം സാർ, ജിനേഷിനെ സംസ്കരിച്ച ഇടം കണ്ടിട്ടു പോകാം." സന്ധ്യ സൂചിപ്പിച്ചു. കളക്ടർ സലോമിയും പരിസ്ഥിതിപ്രവർത്തകരും ആ ചെറിയ വീടിന്റെ തെക്കുവശത്ത് ജിനേഷിനെ സംസ്കരിച്ച സ്ഥലത്തെത്തി. മൗനമായി കൈ കൂപ്പി ഏതാനും നിമിഷം കളക്ടർ അവിടെ നിന്നു. പിന്നെ സന്ധ്യയോടു യാത്ര ചോദിച്ചു.

"സാറ് ഞങ്ങടെ വീട്ടിൽ വന്നതിനും രൂപാ തന്നു സഹായിച്ചതിനും വലിയ നന്ദിയൊണ്ട്." സന്ധ്യ പറഞ്ഞു. സലോമി അവളുടെ തോളിൽ കൈവെച്ചു.

"വീട്ടിൽ തയ്യലുണ്ട് അല്ലേ?"

"ഉണ്ട്."

"ഇത് ഇനി മുടക്കണ്ട. ജോലിയിൽ മുഴുകുമ്പം സങ്കടം കുറച്ചൊക്കെ മാറും.'' സലോമി പറഞ്ഞു.

''ഞാൻ തയ്ക്കുന്നുണ്ട്. തുണി തന്നവർക്ക് അതു പെട്ടെന്നു തയ്ച്ചുകിട്ടണം. നമുക്കുണ്ടായ നഷ്ടവും അനുഭവിക്കുന്ന സങ്കടവുമൊക്കെ നമുക്കു മാത്രമുള്ളതാ. എനിക്കറിയാമത്."

ഒരിക്കൽക്കൂടി സന്ധ്യയുടെ ചുമലിൽ കൈയമർത്തിയിട്ട് സലോമി മറ്റുള്ളവർക്കൊപ്പം അവിടെനിന്നു മടങ്ങി.

പിറ്റേന്നു ഞായറാഴ്ച. കളക്ടറുടെ ഔദ്യോഗികവസതിയിൽ ഒരു പെണ്ണുകാണൽച്ചടങ്ങു നടക്കുകയാണ്. അവിടെ അങ്ങനെയൊന്ന് ഇതാദ്യമാണ്. സെലീനയും സുമലതയും വലിയ സന്തോഷത്തിലാണ്. പറഞ്ഞു തീരുമാനിച്ചിരുന്ന അതേ സമയത്തുതന്നെ ഡോക്ടർ ജെയ്ക്ക് സ്ഥലത്തെത്തി. സലോമിയും അമ്മയും സുമലതയും ചേർന്നാണ് സ്വീകരിച്ചത്. ഒറ്റനോട്ടത്തിൽ ആരും ഇഷ്ടപ്പെട്ടുപോകുന്ന രൂപഭാവാദികൾ ജെയ്ക്കിനുണ്ടായിരുന്നു. പ്രധാന റൂമിലായിരുന്നു അവരുടെ കൂടിക്കാഴ്ച.

"ഞാനെങ്ങനെ വിളിക്കണം? കളക്ടറെന്നോ, മേഡമെന്നോ, വെറും സലോമിയെന്നോ?'' ജെയ്ക്ക് അതീവ കൗതുകത്തോടെ, തന്റെ മുമ്പിൽ പച്ച ചുരിദാറും വെള്ള ഷോളും ധരിച്ചിരിക്കുന്ന സുന്ദരിയെ നോക്കി ചോദിച്ചു.

"വെറും സലോമീന്നു വേണ്ട. സലോമീന്നങ്ങു വിളിച്ചാൽ മതി. എനിക്ക് ജെയ്ക്കെന്നും വിളിക്കാല്ലോ."

എനിക്കു സമ്മതം." ജെയ്ക്ക് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

''ജെയ്ക്കേ, ആദ്യംതന്നെ ഞാനെന്റെയൊരുകാര്യം പറയട്ടെ?"

"ങും, പറഞ്ഞോളൂ."

"ദാ, ആ ഭിത്തിയിൽ ഈശോയുടെ താഴെയുള്ള ഒരു ഫോട്ടോ കണ്ടോ?"

"കണ്ടു. സലോമിയുടെ ഫാദറല്ലേ?"

"അറിയപ്പെട്ടിരുന്നത് കാലൻ മാത്തനെന്നാ. പതിനാറു വർഷം മുമ്പു കൊല്ലപ്പെട്ടു. അമ്മ വീടുവിട്ട് കോൺവെന്റിലെ കുശിനിക്കാരിയായി. ഞാൻ അനാഥക്കുട്ടികൾക്കൊപ്പമാണ് വളർന്നത്. ഇവിടെവരെയെത്തിയത് മറ്റു പലരുടെയും സഹായംകൊണ്ടാ. ഒരു വിവാഹമാലോചിക്കുമ്പോൾ പെണ്ണിനെപ്പറ്റി മാത്രമല്ലല്ലോ വിലയിരുത്തുന്നത്. ഞാനേതു നിലയിലെത്തിയാലും സമൂഹം പരിഹസിച്ചു പറയും, കാലൻ മാത്തന്റെ മകളാണെന്ന്. വിവാഹവേളയിലും അങ്ങനെയൊരാക്ഷേപം കേൾക്കേണ്ടിവരും. എന്നെപ്രതി ജെയ്ക്ക് മാനംകെടേണ്ടിവരും. ആരെന്തൊക്കെപ്പറഞ്ഞാലും എനിക്കെന്റെ അപ്പനെ ഇഷ്ടമാ. ഞാൻ മരിക്കുംവരെ ഇഷ്ടപ്പെടും."


"സലോമീ, എല്ലാമെനിക്കറിയാം. തോമസങ്കിൾ പറഞ്ഞിട്ടുണ്ട്. നമ്മുടെ ജീവിതത്തിൽ വലിയ പിണക്കമോ ശത്രുതയോ ഉണ്ടായാൽപ്പോലും ഇപ്പോൾ പറഞ്ഞ ഒരു കാര്യവും പറഞ്ഞ് ഞാൻ സലോമിയെ വേദനിപ്പിക്കില്ല, വാക്ക്." ജെയ്ക്ക് അവളുടെ കൈയിൽ കൈവച്ചുകൊണ്ടു പറഞ്ഞു.

"മതി എനിക്കിങ്ങനെയൊന്നു കേട്ടാൽ മതി.." സലോമി വിതുമ്പി.

അപ്പോൾ ട്രേയിൽ ചായയും പലഹാരങ്ങളുമായി സെലീനയും ഒപ്പം സുമലതയും അങ്ങോട്ടു കയറിവന്നു.

"ആളെ എനിക്കിഷ്ടപ്പെട്ടു. സലോമി മോൾക്ക് നല്ലോണം ചേരും.'' സുമലത പറഞ്ഞു. സെലീനയ്ക്കും അങ്ങനെ പറയമെന്നുണ്ടായിരുന്നു. നിറഞ്ഞ സംതൃപ്തിയോടെ സെലീന ചായക്കപ്പെടുത്ത് ജെയ്ക്കിനു നല്കി. ജില്ലാ കളക്ടറുടെ പദവിക്കിണങ്ങാത്ത ഒരു ലജ്ജ സലോമിയുടെ മുഖത്തു കാണപ്പെട്ടു.

(തുടരും)




**ഫെബ്രുവരി 21**
**നോമ്പുകാലം**
**രണ്ടാം ഞായർ**



ഉത്പ 5:19 – 31
ജോഷ്വ 4:15 – 24
റോമ 6:15 – 23
മത്താ 7:21 – 27

ഡോ. ജോഷി മയ്യാറ്റിൽ

# പുത്രത്വമാണ് ഉറപ്പുള്ള ശിഷ്യത്വം!

**സ**മഗ്രമായ ഒരു ജീവിതക്കുതിപ്പിനുവേണ്ടിയുള്ള പതുങ്ങലായാണ് നോമ്പുകാലത്തെ കഴിഞ്ഞ ഞായറാഴ്ച നാം ധ്യാനിച്ചത്. സവിശേഷമായ ഈ ഒരുക്കത്തിൽ ഏറ്റവും പ്രധാനപ്പെട്ടതെന്ത് എന്നു ചൂണ്ടിക്കാണിച്ചുതരുന്ന വായനകളാണ് ഈ ഞായറാഴ്ചയിലേത്. ഈശോയുടെ ദൈവപുത്രത്വബോധ്യത്തെ ഇളക്കാൻ മരുഭൂമിയിൽ കഠിനാധ്വാനം ചെയ്ത സാത്താനോട് ദൈവവചനത്തിലൂടെ മാത്രം സംസാരിച്ച നമ്മുടെ



കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് കഴിഞ്ഞയാഴ്ച നടത്തിയ വചനധ്യാനത്തിന്റെ തുടർച്ചയായിത്തന്നെ ആരാധനക്രമവായനകളെ കരുതാവുന്നതാണ്.

> **സ്വകാര്യവെളിപാടുകളെക്കുറിച്ചുള്ള അജ്ഞതയാൽ അനേകംപേർ വിശ്വാസമേഖലയിലെ പൊട്ടക്കിണറുകളിൽ അതിദയനീയമായി പതിക്കുന്നുണ്ട്. പത്രോസാകുന്ന പാറമേൽ യേശു സ്ഥാപിച്ചിരിക്കുന്ന സഭയിൽ അവിടത്തെ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നതാണ് വിവേകം. അതുതന്നെയാണ് ജീവിതസ്ഥായിത്വത്തിനുള്ള ഏകമാർഗവും.**

"കർത്താവേ, കർത്താവേ" എന്നു വിളിക്കുന്നതല്ല, പുത്രമനസ്സോടെ ദൈവഹിതം നിറവേറ്റുന്നതാണു സ്വർഗരാജ്യപ്രവേശത്തിന്റെ മാനദണ്ഡം എന്നാണ് സുവിശേഷം വ്യക്തമാക്കുന്നത്. അതാണ് ഒരാൾക്കു സ്ഥായീഭാവം നല്കുന്നത്. പാറമേൽ പണിയപ്പെടുന്ന വീടുപോലെയാണ് അത്തരം ജീവിതം. യേശു പുത്രമനസ്സു വെളിപ്പെടുത്തിയത് പിതൃനാമോച്ചാരണങ്ങളാലോ തിരുനാമശക്തിയാലുള്ള പ്രവചനങ്ങളാലോ പിശാചുബഹിഷ്കരണത്താലോ അദ്ഭുതപ്രവൃത്തികളാലോ ആയിരുന്നില്ല; മറിച്ച്, പിതൃഹിതത്തോടുള്ള അനുസരണത്താലായിരുന്നു.

സമാനമായ സന്ദേശമാണ് ഒന്നാം വായനയിലും മൂന്നാം വായനയിലും കാണാനാകുന്നത്. ദൈവത്തിനു പ്രിയങ്കരനായി ജീവിച്ച ഹെനോക്കിനെ ദൈവം എടുത്തു എന്നത് പാറമേൽ വീടുപണിയുന്നവരുടെ സ്ഥായീഭാവം വ്യക്തമാക്കുന്നു. 'നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ' എന്ന വി. പൗലോസിന്റെ പ്രയോഗവും (റോമാ 6:16) ഇതേ ദിശയിലേക്കുതന്നെയാണ് വിരൽചൂണ്ടുന്നത്. "ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്" (റോമാ 6:22). യഥാർത്ഥത്തിൽ, ദൈവഹിതം നിറവേറ്റുന്നതിനുള്ള ദാസസമമായ ഈ നിഷ്കർഷതന്നെയാണ് പുത്രമനസ്സിന്റെ സവിശേഷത.

**വരങ്ങൾതന്നെയോ ഫലങ്ങൾ?**

ഫലങ്ങളിൽനിന്നു വൃക്ഷത്തെ അറിയുക എന്ന മത്താ 7:15–20 ലെ വ്യാജപ്രവാചകന്മാരെ സംബന്ധിച്ച പ്രമേയത്തിന്റെ തുടർച്ചയാണ് സുവിശേഷത്തിന്റെ ആദ്യഭാഗം (മത്താ 7:21–23). സഭയിൽ നിലവിലുണ്ടായിരുന്ന കരിസ്മാറ്റിക് വരദാനങ്ങളെ വി. മത്തായി വിലമതിച്ചിരുന്നു. കാരണം, അവയെ അദ്ദേഹം കണ്ടത് ഉത്ഥിതനായ കർത്താവ് തന്റെ സഭയ്ക്കു നല്കുന്ന സമ്മാനങ്ങളായിട്ടാണ് (10:41; 23:34). എന്നാൽ, സഭയെ വഴിതെറ്റിക്കുന്ന ക്രൈസ്തവവ്യാജപ്രവാചകന്മാരെ അദ്ദേഹം എതിർത്തു. നിഷ്കളങ്കരായി കാണപ്പെടുന്ന അവർ ('ആടുകളുടെ വേഷത്തിൽ വരുന്ന', 7:15) യേശുനാമം നിരന്തരം ഉപയോഗിക്കുന്നവരാണ് ('കർത്താവേ, കർത്താവേ', 7:21). എന്നാൽ, ക്രൈസ്തവ'ഫലം' പുറപ്പെടുവിക്കാത്തവരാണവർ. 'ഫലം' എന്നത് യഥാർത്ഥമാനസാന്തരത്തിനുള്ള മത്തായിയുടെ പ്രിയങ്കരമായ പദമാണല്ലോ (3:8–10; 12:33; 13:8.26; 21:34.41.43).

"അധർമികളേ, എന്നിൽനിന്നകന്നുപോകുവിൻ" എന്ന സങ്കീർത്തനഭാഗം (6:8) ഉദ്ധരിച്ചുകൊണ്ട് യേശു അവർ പുറപ്പെടുവിക്കുന്ന ചീത്ത ഫലം വ്യക്തമാക്കുന്നു: പിതാവിന്റെ ഇഷ്ടമല്ല, അനീതിയാണ് ('അനൊമിയ', 7:21; 13:41; 23:28; 24:12) അവർ ചെയ്യുന്നത്. നിയമവും യേശുവിന്റെ പ്രബോധനവും പ്രകാശിപ്പിക്കുന്നതും സ്നേഹത്തിന്റെ കല്പനയിൽ സംക്ഷിപ്തവുമായ (7:12; 22:40) നീതിക്കു വിരുദ്ധമായ ജീവിതശൈലിയാണ് അധർമികളുടേത്. മത്തായിയുടെ സുവിശേഷമനുസരിച്ച്, ദൈവഹിതം പൂർത്തിയാക്കലാണല്ലോ നീതി (3:15; 6:33). ദൈവഹിതത്തിനെതിരായി ജീവിക്കുകയും എന്നാൽ ദൈവികവരങ്ങൾ പ്രയോഗിക്കുകയും ചെയ്യുന്നവരാണ് ഇവിടെ വിമർശിക്കപ്പെടുന്നത്.

**കേരളസഭ വരങ്ങളെക്കുറിച്ച് ജാഗ്രത പുലർത്തണം**

ഈ സുവിശേഷഭാഗം സ്വാഭാവികമായും നമ്മിൽ ഉണർത്തുന്ന ഒരു ചോദ്യമുണ്ട്: 'നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല' എന്നതു വാസ്തവമാണെങ്കിൽ, അവർക്കെങ്ങനെ യേശുനാമത്തിൽ പ്രവചിക്കാനും പിശാചുക്കളെ ബഹിഷ്കരിക്കാനും നിരവധി അദ്ഭുതങ്ങൾ ചെയ്യാനും കഴിഞ്ഞു? വരപ്രയോഗങ്ങളെ സത്യവിശ്വാസത്തിന്റെയും ജീവിതവിശുദ്ധിയുടെയും മാനദണ്ഡങ്ങളായി കാണാനാവില്ലെന്ന സത്യമാണ് ഇവിടെ വെളിവാകുന്നത്.

ഫലങ്ങളില്ലാത്ത വരങ്ങൾ അപകടകരങ്ങളാണെന്നതിന് സഭാചരിത്രത്തിൽ തെളിവുകൾക്കു കുറവൊന്നുമില്ലല്ലോ. വരങ്ങളുടെ കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്താൻ നമുക്കു കഴിയുന്നുണ്ടോ എന്ന ചോദ്യം ഈ തിരുവചനത്തിന്റെ വെളിച്ചത്തിൽ ഉന്നയിക്കപ്പെടേണ്ടതാണ്. സ്വകാര്യവെളിപാടുകളെക്കുറിച്ചുള്ള അജ്ഞതയാൽ അനേകംപേർ വിശ്വാസമേഖലയിലെ പൊട്ടക്കിണറുകളിൽ അതിദയനീയമായി പതിക്കുന്നുണ്ട്. എംപറർ ഇമ്മാനുവേൽ, സ്പിരിറ്റ് ഇൻ ജീസസ്, അവശിഷ്ടസഭ എന്നിങ്ങനെയുള്ള ഗ്രൂപ്പുകളിൽ പലരും പെട്ടുപോകുന്നത് മിഥ്യാദർശനങ്ങളിലും ഇരുളിന്റെ വെളിപാടുതോന്നലുകളിലും മതിമറക്കുന്നതുകൊണ്ടാണ്. പത്രോസാകുന്ന പാറമേൽ യേശു സ്ഥാപിച്ചിരിക്കുന്ന സഭയിൽ അവിടത്തെ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നതാണ് വിവേകം. അതുതന്നെയാണ് ജീവിതസ്ഥായിത്വത്തിനുള്ള ഏകമാർഗവും.

നോമ്പുകാലത്ത് തിരുവചനാഭ്യസനത്തിലൂടെ മേല്ക്കുമേൽ ആർജിച്ചെടുക്കേണ്ട പുത്രമനസ്സിനായി പ്രാർത്ഥിക്കാം, യത്നിക്കാം.

---

**4 കേരളത്തിലെ കാട്ടുമൃഗങ്ങൾ**

മാത്യൂസ് ആർപ്പൂക്കര

# കരടിപുരാണം



**കേരള**ക്കാടുകളിൽ കണ്ടുവരുന്ന മറ്റൊരു മൃഗമാണ് കരടി. ഉൾവനത്തിലാണു കാണപ്പെടുക. രാത്രിഞ്ചരനാണ്. പക്ഷേ, പകലും സഞ്ചരിക്കാൻ മടിക്കാറില്ല. നീണ്ട മുഖവും നീളം കുറഞ്ഞ വാലും കറുത്ത രോമം നിറഞ്ഞ ശരീരവും കാട്ടിൽ കരടിക്കു മാത്രം സ്വന്തം. മറ്റു ജീവികളിൽനിന്നു തികച്ചും വ്യത്യസ്തംതന്നെ കരടിയുടെ നടത്തം. പാദം മുഴുവനായും നിലത്തൂന്നി ആടിയാടി സാവകാശമാണ് കരടികൾ നടക്കുക. പിൻകാലുകളിൽ നിഷ്പ്രയാസം എഴുന്നേറ്റു നിൽക്കാൻ ഇവയ്ക്കു കഴിയും. മനുഷ്യരുടെ കാൽപ്പാടുമായി കരടിയുടെ കാൽപ്പാടുകൾക്കു സാമ്യമുണ്ട്. മരം കയറാനും നന്നായി നീന്താനും ഇവയ്ക്കു സാധിക്കുന്നു. ശക്തമായ ഒഴുക്കുള്ള വെള്ളത്തിലിറങ്ങിനിന്നു മീൻപിടിക്കാൻ ഇവയ്ക്കുള്ള കഴിവ് അസാധാരണമാണ്.

കരടികൾ മിശ്രഭുക്കുകളാണ്. തേൻ, ഇലകൾ, കിഴങ്ങുകൾ, പഴങ്ങൾ തുടങ്ങിയവയും മീൻ ഉൾപ്പെടെയുള്ള മാംസാഹാരവും ഇഷ്ടം. ചെറിയ ജീവികളെയാണ് കരടികൾ വേട്ടയാടുക. കരടിയുടെ പാദങ്ങളിൽ അഞ്ചു വിരലുകളാണ്. നഖങ്ങൾ നീണ്ടുകൂർത്തും. വായിൽ 42 പല്ലുകൾ. മണം പിടിക്കാൻ അപാരകഴിവാണ്. എന്നാൽ കാഴ്ചശക്തി നന്നേ കുറവ്. 30 അടി ദൂരെ മാത്രം കാഴ്ച. പരമാവധി 175 കി. ഗ്രാം തൂക്കം.

കരടിയുടെ സഞ്ചാരം ഒറ്റയ്ക്കാണ്. ഓരോന്നിനും പ്രത്യേക സാമ്രാജ്യമുണ്ട്. ഇവിടെ മറ്റൊരു കരടിയും അതിക്രമിച്ചു കയറില്ല. കയറിയാൽ പോര് ശക്തമാകും. മരത്തിൽവച്ചുപോലും പോരടിച്ചെന്നു വരും. 50 വർഷമാണ് കരടികളുടെ പരമാവധി ആയുസ്സ്.

ലോകത്തിലെ വിവിധ ഭാഗങ്ങളിലെ കരടികൾ തമ്മിൽ നിറത്തിലും രൂപത്തിലും വ്യത്യാസമുണ്ട്. ഭൂമദ്ധ്യരേഖയുടെ വടക്കുള്ള പ്രദേശങ്ങളിലാണ് കരടികൾ കൂടുതലായുള്ളത് ആഫ്രിക്ക, അന്റാർട്ടിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ കരടികളില്ല. ഏറ്റവും വലിപ്പമുള്ള കരടികൾ ഹിമക്കരടികൾതന്നെ. തവിട്ടുനിറമാർന്ന കോടിയാക് കരടികൾക്ക് തൊട്ടടുത്ത സ്ഥാനവും. ഇന്നു റ്റെഡി ബെയർ എന്ന കരടിപ്പാവ ലോകമെങ്ങുമുള്ള കുട്ടികൾക്ക് പ്രിയങ്കരം തന്നെ. കേരളത്തിൽ കണ്ടുവരുന്ന കരടികളുടെ ശാസ്ത്രനാമം മെല്ലൂർസ് ഉർസിനസ് എന്നാണ്.

# ആർത്തി പെരുത്ത ലോകം

## പച്ച പിടിക്കാത്ത പരിസ്ഥിതി



സി. ലിനറ്റ് എഫ്.സി.സി.

**കൊ**റോണ ഇന്ന് ലോകജനതയെ മുഴുവൻ ഭീതിയിലാഴ്ത്തിയിരിക്കുകയാണ്. എന്നാൽ, അതിനെക്കാൾ വലിയ പ്രതിസന്ധിയാണ് നാം അഭിമുഖീകരിക്കാൻ പോകുന്നത്. പക്ഷേ, മനുഷ്യന്റെ സ്വാർഥത ഭൂമിയമ്മയെ വല്ലാതെ വേദനിപ്പിക്കുന്നു. വി. ജോൺ പോൾ രണ്ടാമൻ പാപ്പാ, അസ്സീസിയിലെ വി. ഫ്രാൻസീസിനെ പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചുകൊണ്ട് പ്രകൃതിസംരക്ഷണം സഭയുടെ വചനപ്രഘോഷണശുശ്രൂഷയുടെ അവിഭാജ്യഘടകമാണെന്ന് ഓർമിപ്പിച്ചു. ഫ്രാൻസീസ് പാപ്പായുടെ ഏറ്റവും ശ്രദ്ധേയമായ ചാക്രികലേഖനം - ലൗദാത്തോ സി - ഇങ്ങനെ പ്രഖ്യാപിക്കുന്നു: പരിസ്ഥിതിസംരക്ഷണം ഏവരുടെയും കടമയും ക്രൈസ്തവവിശ്വാസത്തിന്റെ ഭാഗവുമാണ്.

### ആർത്തിസംസ്കാരവും മതി മനോഭാവവും

നാം ഇന്നു ജീവിക്കുന്നത് ആർത്തിസംസ്കാരം ഉൾക്കൊള്ളുന്ന തലമുറയിലാണ്. ആർത്തി വ്യക്തിയുടെ ഉള്ളിൽ കുടിയിരിക്കുന്ന തിന്മ എന്നതിൽനിന്ന് ഒരു പടി കൂടി കടന്ന് സമൂഹത്തിന്റെ തിന്മയായി മാറിയിരിക്കുന്നു. ആധുനികമനുഷ്യൻ പ്രകൃതിയിലുണ്ടാക്കുന്ന സമ്മർദങ്ങൾ വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കൃഷി എക്കാലവും പ്രകൃതിയുമായി ബന്ധപ്പെട്ടാണിരിക്കേണ്ടത്. പഴയ കൃഷിരീതികൾ പ്രകൃതിയെ ദ്രോഹിച്ചിരുന്നില്ല. എല്ലാവരും കൃഷി ചെയ്യുകയും അവനവനുള്ളത് സ്വയം ഉണ്ടാക്കുകയും ചെയ്തിരുന്നു. പക്ഷേ, ഇന്ന് കൃഷി കച്ചവടമായി മാറി. തത്ഫലമായി കൃഷി ലാഭകരമാക്കാൻ പ്രകൃതിയെ ദ്രോഹിക്കേണ്ടിവരുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ അഭിപ്രായം പ്രസക്തമാണ്: ''മനുഷ്യന് ആവശ്യത്തിനുള്ള വിഭവങ്ങൾ ഭൂമിയിലുണ്ട്. എന്നാൽ, അത്യാഗ്രഹത്തിനുള്ളവ ഇല്ല.'' ഈ ഭൂമിയിൽ മനുഷ്യൻ മാത്രമാണത്രേ ആവശ്യംകഴിഞ്ഞ് പരമാവധി ശേഖരിച്ചുവയ്ക്കുന്നതും ചിലയവസരങ്ങളിൽ അതു നശിപ്പിച്ചുകളയുന്നതും. മറ്റെല്ലാ ജീവികളുംതന്നെ പ്രകൃതിയിൽനിന്ന് ആവശ്യത്തിനുമാത്രമേ ഉപയോഗിക്കുന്നുള്ളൂ. വിവേകരഹിതമായി പ്രകൃതിയെ ചൂഷണം ചെയ്യുകയും അതിന്റെമേൽ ആധിപത്യം പുലർത്തുകയും ചെയ്യുന്ന മനുഷ്യൻ അനിയന്ത്രിതമായ ഉപഭോഗസംസ്കാരത്തിന് അടിമകളാകുന്നു.

ആർത്തിസംസ്കാരത്തെ നിയന്ത്രണവിധേയമാക്കുന്ന ഒരു 'മതി' മനോഭാവം നമ്മിൽ ഉണ്ടാകണം. പോരാ, പോരാ എന്നു ചിന്തിക്കുന്നതനുസരിച്ച് നാം കടന്നുകയറ്റം നടത്തുന്നത് പ്രകൃതിമാതാവ് വരുംതലമുറയ്ക്കുവേണ്ടി കരുതിവച്ചിരിക്കുന്ന വിഭവശേഖരത്തിലേക്കാണ്. നമുക്കു കൈമാറിക്കിട്ടിയ ഈ ഭൂമി കലർപ്പില്ലാതെ, കറ കൂടാതെ വരുംതലമുറയ്ക്കു കൈമാറാനുള്ള വലിയ കടമ നമുക്കുണ്ട്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അമ്മയ്ക്കു കുഞ്ഞിനോടുള്ള ബന്ധംപോലെയാണ്. അമ്മയെ സ്നേഹിക്കുന്നതുപോലെ പ്രകൃതിയെ സ്നേഹിക്കാൻ നമുക്കു കടമയുണ്ട്. പൂർവികർ ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധ വച്ചിരുന്നു. അവർ ഭൂമിയെ അമ്മയായിക്കണ്ടു സ്നേഹിച്ചു, ബഹുമാനിച്ചു. വരും തലമുറയ്ക്ക് മാന്യമായ രീതിയിൽ വസിക്കാൻ സാധിക്കുന്ന അവസ്ഥയിൽ ഭൂമിയെ അവർക്കു കൈമാറുക എന്നത് മനുഷ്യവംശത്തിന്റെ ഉത്തരവാദിത്വമാണ്. ആഗോളതാപനത്തിന്റെ ഫലമായി 2100 ആകുമ്പോഴേക്കും താപനില 4.8° C ആയി ഉയർന്ന് ഹിമപാളികളുരുകി, തത്ഫലമായുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ 70 ലക്ഷം ജനങ്ങൾ ഒഴുകിപ്പോകുമെന്നും 5700 ചതുരശ്ര കി. മീ. സ്ഥലവും 4200 കി. മീ. റോഡും നഷ്ടപ്പെടുമെന്നും പഠനങ്ങൾ പറയുന്നു. സമുദ്രതീരശോഷണം സാരമായി വർദ്ധിക്കുകയും കരയ്ക്കു സ്വാഭാവികമായി സംരക്ഷണം നൽകുന്ന മണൽഭിത്തികൾ, കണ്ടൽക്കാടുകൾ എന്നിവയ്ക്കുണ്ടാകുന്ന കേടുപാടു മൂലം വെള്ളപ്പൊക്കഭീഷണി വർദ്ധിക്കുകയും ചെയ്യുന്നു . ഇങ്ങനെയായാൽ വരും തലമുറയ്ക്ക് ശുദ്ധവായു ശ്വസിക്കാൻ സാധിക്കില്ലെന്നാകും.

### പരിസ്ഥിതിക്കിണങ്ങിയ ജീവിതശൈലി

ഞാൻ പ്രകൃതിയുടെ അംശമാണെന്നും അതില്ലാതെ എനിക്ക് അസ്തിത്വം ഇല്ലെന്നുമുള്ള വിനീതവും ജൈവകേന്ദ്രീകൃതവുമായ മനുഷ്യജീവിതദർശനമാണ് പരിസ്ഥിതിക്കിണങ്ങിയ ജീവിതശൈലി. പരിസ്ഥിതിസൗഹൃദജീവിതം ആധുനികതയുടെയും സംസ്കാരത്തിന്റെയും അടയാളമായി മാറണം. ലളിതജീവിതം, പ്രകൃതിജീവിതം, അഹിംസാത്മകത, വറ്റിപ്പോകുന്ന പ്രകൃതിവിഭവങ്ങളുടെ നിയന്ത്രിതോപയോഗം, പാഴ്വസ്തുക്കളുടെ പുനഃചംക്രമണം തുടങ്ങിയവയെല്ലാം ജീവിതശൈലിയായി മാറണം. നാം ശീലിച്ചുപോന്നതിൽനിന്നു വ്യത്യസ്തമായി ചിന്തിക്കാനും വീണ്ടുവിചാരം ചെയ്ത് ജീവിതശൈലി മാറ്റാനും തയ്യാറാവുക. ആർഭാടങ്ങളുടെയും ആഡംബരങ്ങളുടെയും തനയർ കാലിക്കൂടിന്റെയും കാൽവരിയുടെയും ലാളിത്യത്തിലേക്ക് ഒരു മടക്കയാത്രയ്ക്കു തയ്യാറാകണം. ഇവിടെ അത്യാഗ്രഹത്തിനുപകരം ഔദാര്യവും ഉപഭോഗത്തിനു പകരം പരിത്യാഗവും ധൂർത്തിനുപകരം പങ്കുവയ്ക്കലും ഉണ്ടാകണം. പരിസ്ഥിക്ക് ആരോഗ്യകരവും മഹത്തരവുമായ ഒരന്തരീക്ഷം സൃഷ്ടിക്കുക എന്നത് ഇന്നത്തെ സമൂഹത്തിന്റെ ഗൗരവാവഹമായ ഒരാവശ്യമാണ്.



### പൊതുഭവനത്തിനു വന്ന തകരാർ

മനുഷ്യന്റെ അതിമോഹവും അഹങ്കാരവും ആർത്തിയും ധൂർത്തും സുഖലോലുപതയും ഉപഭോഗസംസ്കാരത്തിന്റെ നീരാളിപ്പിടിത്തവും പ്രകൃതിയുടെ താളപ്പിഴകൾക്കും അന്തരീക്ഷമലിനീകരണത്തിനും കാരണമായിത്തീർന്നു. പരിസ്ഥിതിയെ അടിമുടി മുറിവേല്പിച്ചുകൊണ്ടുള്ള മനുഷ്യന്റെ പ്രവൃത്തികൾ ഭൂമിക്കു താങ്ങാവുന്നതിലധികമാണ്. ഇന്നു പ്രകൃതി നേരിടുന്ന പ്രധാനപ്രശ്നം പലതരത്തിലുള്ള മലിനീകരണമാണ്. പ്രകൃതിയുടെ സ്വാഭാവികപ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന മാലിന്യങ്ങളെ ആഗിരണം ചെയ്യുവാനും സംസ്കരിക്കാനുമുള്ള സംവിധാനം പ്രകൃതിയിൽത്തന്നെയുണ്ട്. എന്നാൽ, ഈ സംവിധാനത്തിന്റെ പരിധിക്കുമപ്പുറം മാലിന്യങ്ങൾ ഉണ്ടാകുമ്പോൾ വായു, മണ്ണ്, നദി, ജലസ്രോതസ്സുകൾ ഇവയൊക്കെ നശിക്കാൻ തുടങ്ങുന്നു. ഇന്ന് മനുഷ്യൻ ഉണ്ടാക്കുന്ന മാലിന്യങ്ങളിൽ നല്ലൊരു പങ്ക് പ്രകൃതിക്ക് അപരിചിതമാണ്. അവയെ കൈകാര്യം ചെയ്യുവാൻ പ്രകൃതിക്കു സാധിക്കുന്നില്ല. ഇവയെല്ലാം അടിഞ്ഞുകൂടി പ്രകൃതിയിലെ സമതുലിതാവസ്ഥ താറുമാറായ അവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. വലിയ വ്യവസായശാലകൾ അന്തരീക്ഷത്തെ മലിനീകരിക്കുക മാത്രമല്ല, അനേകം ജൈവജാതികളെ നശിപ്പിക്കുകയും പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ പൊതുഭവനമായ ഭൂമിക്കു സംഭവിക്കുന്ന വലിയ കെടുതികളിലൊന്ന് വലിച്ചെറിയൽ സംസ്കാരവുമായി ബന്ധപ്പെട്ടതാണ്. അതുവഴി ഭൂമി അഴുക്കിന്റെ കൂമ്പാരമായി. രാസവസ്തുക്കൾ, കീടനാശിനികൾ, കൃഷിസംബന്ധമായ വിഷങ്ങൾ ഇതെല്ലാം ഭൂമിയിലേക്കു നാം നിർബാധം നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. നമുക്കു പൂന്തോട്ടമായി കിട്ടിയ ഭൂമിയെ മരുഭൂമിയായി കൈമാറാൻ മലിനീകരണം നിമിത്തമാകുന്നു.

### മാലിന്യങ്ങളിലെ 'വില്ലൻ'

പ്ലാസ്റ്റിക് ആണ് മാലിന്യങ്ങളിലെ 'വില്ലൻ'. വർഷങ്ങളോളം അലിയാതെ മണ്ണിൽ അവശേഷിക്കുന്നു എന്നതാണ് പ്ലാസ്റ്റിക്കിന്റെ സ്വഭാവം. ഭാരതത്തിൽ ഓരോ ദിവസവും 26,000 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ പുറത്തേക്കു തള്ളുന്നുവെന്നും ഇതിൽ പകുതിയിലേറെയും ശരിയായ വിധത്തിൽ ശേഖരിക്കപ്പെടുകയോ റീസൈക്കിൾ ചെയ്യപ്പെടുകയോ ചെയ്യുന്നില്ല എന്നും പറയപ്പെടുന്നു. വലിച്ചെറിയൽ സംസ്കാരവും പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണത്തിന് ആക്കം കൂട്ടുന്നു.

### പ്ലാസ്റ്റിക്കിനെ പടിയിറക്കണം

പ്ലാസ്റ്റിക്, മാലിന്യങ്ങളിലെ 'വില്ലൻ' ആയതുകൊണ്ട് അതിനെ പടിയിറക്കാതെ പരിസ്ഥിതി പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാകുകയില്ല. ഇതോടൊപ്പം പരിസ്ഥിതിക്കിണങ്ങിയ ജീവിതശൈലി എന്ന ആശയത്തിൽ പറഞ്ഞിരിക്കുന്ന Refuse, Reduce, Reuse and Recycle കൃത്യമായി പാലിക്കണം.

### നിശ്ശബ്ദനായ കൊലയാളി

കൊവിഡിനെത്തുടർന്ന് രാജ്യത്താകെ ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ അന്തരീക്ഷത്തിൽ കണ്ട ശുദ്ധി അമ്മയുടെ മനസ്സിനെ കുളിർപ്പിച്ചു. പ്രകൃതി അതിന്റെ നൈസർഗികഭാവങ്ങൾ വീണ്ടെടുത്തിരിക്കുന്നുവെന്നും അന്തരീക്ഷം ഇപ്പോൾ എത്ര ശുദ്ധമാണെന്നും ലോക്ഡൗണിൽ അടച്ചുപൂട്ടിയിരുന്ന കാലത്ത് പലരും സമൂഹമാധ്യമങ്ങളിൽ എഴുതി. ലോക്ഡൗൺ പിൻവലിച്ചു പ്രവർത്തനം ആരംഭിച്ചതോടെ മലിനീകരണം വീണ്ടും ചർച്ചയാവുകയാണ്. അന്തരീക്ഷമലിനീകരണത്തിന്റെ ഫലമായുണ്ടാകുന്ന ആഗോളതാപനം ഏറ്റവുമധികം ദുരന്തം വിതയ്ക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. പ്ലാസ്റ്റിക് കത്തിക്കുമ്പോഴുണ്ടാകുന്ന പുകയും മറ്റു മാലിന്യങ്ങളും അർബുദകാരണമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഏതൊരു തീയും ആഗോളതാപനം കൂട്ടുന്നു എന്ന സത്യവും ഉണ്ട്. ഭൂമിക്കു ചൂടുപിടിക്കുന്നു എന്ന് റിയോ ഡി ജനേറോയിൽ നടന്ന ഭൗമ ഉച്ചകോടി ലോകത്തിന് മുന്നറിയിപ്പു നൽകിയിരുന്നു.

അന്തരീക്ഷമലിനീകരണത്തിന്റെ ഫലമായുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനംമൂലം കൊതുകുകൾ പെരുകി മലമ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. കാലംതെറ്റിവരുന്ന കാലവർഷവും ശൈത്യവും വേനലുമെല്ലാം ഉൾഭീതിയോടെ നോക്കിക്കാണേണ്ടിയിരിക്കുന്നു. കാലാവസ്ഥാമാറ്റം പ്രാണികളുടെയും കീടങ്ങളുടെയും വർദ്ധനവിന് ഇടയാക്കും. മഴയെ ആശ്രയിച്ചുള്ള ധാന്യോത്പാദനത്തിന്റെ 125 ശതമാനം കുറവുണ്ടാകും എന്ന് പഠനങ്ങൾ പറയുന്നു. ഉഷ്ണതരംഗങ്ങളാൽ മരിക്കുന്നവരുടെ എണ്ണം വർദ്ധിക്കും, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ. പകർച്ചവ്യാധികൾ പെരുകും. ശ്വാസകോശരോഗങ്ങൾ, ക്യാൻസർ എന്നിവ വ്യാപകമാകും. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇന്ത്യയിൽ 20 ലക്ഷത്തിലേറെ പേർക്ക് ക്യാൻസർ ബാധിച്ചേക്കാമെന്നാണ് മെഡിക്കൽ വിദഗ്ധരുടെ അഭിപ്രായം. ശുദ്ധജലദൗർലഭ്യം ജലജന്യരോഗങ്ങൾ വർദ്ധിപ്പിക്കും.

കൊറോണ ഒരാഗോള പ്രതിസന്ധി ആയിരിക്കുന്നതുപോലെ പരിസ്ഥിതിപ്രശ്നവും മാറുന്ന കാലം വിദൂരമല്ല. 2050 ആകുമ്പോഴേക്കും ജീവന്റെ നിലനില്പ്പ് അപകടത്തിലാകുമെന്ന് മുന്നറിയിപ്പുകൾ വന്നുതുടങ്ങി. അമേരിക്കൻ വൈസ്പ്രസിഡന്റായിരുന്ന അൽഗോർ എഴുതിയ 'The Earth in on a Balance' എന്ന ഗ്രന്ഥം ഈ മുന്നറിയിപ്പ് ശക്തമായി അവതരിപ്പിക്കുന്നുണ്ട്. വരാനിരിക്കുന്ന ഈ പ്രതിസന്ധിയെ പ്രതിരോധിക്കാൻ ഓരോ പൗരനും കടമയുണ്ട് എന്നും മറക്കാതിരിക്കാം.

# മൂത്രാശയക്കല്ലിന് സുരക്ഷിതചികിത്സകൾ

ആരോഗ്യവീഥി



ഡോ. വിജയ് രാധാകൃഷ്ണൻ

**മൂ**ത്രാശയവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ആരോഗ്യപ്രശ്നങ്ങളിൽ ഒന്നാണ് കല്ലുരോഗങ്ങൾ. കല്ലുകളുടെ സ്ഥാനമനുസരിച്ച് അവയെ വൃക്കയിലെ കല്ലുകൾ, മൂത്രവാഹിനിയിലെ കല്ലുകൾ, മൂത്രസഞ്ചിയിലെ കല്ലുകൾ എന്നിങ്ങനെ തരംതിരിക്കാം. കല്ലുരോഗങ്ങൾ വളരെ സാധാരണമാണ്, സമയോചിതമായി കണ്ടെത്തിയാൽ വലിയ പ്രശ്നങ്ങൾ ഇല്ലാതെ ഇവ ചികിത്സിച്ചു ഭേദമാക്കാം.

**വിവിധതരം മൂത്രാശയക്കല്ലുകൾ**

മനുഷ്യശരീരത്തിൽ പ്രധാനമായും നാലുതരം കല്ലുകൾ കാണപ്പെടുന്നു - കാത്സ്യം, യൂറിക് ആസിഡ്, സ്ട്രൂവൈറ്റ്, സിസ്റ്റൈൻ. വൃക്കയിലെ കല്ലുകളും യൂറിറ്ററിലെ (കിഡ്നിയിൽനിന്നു മൂത്രസഞ്ചിയിലേക്കു മൂത്രം വഹിച്ചുകൊണ്ട് പോകുന്ന മൂത്രവാഹിനി) കല്ലുകളും തമ്മിലുള്ള പ്രധാനവ്യത്യാസം അവ കാണപ്പെടുന്ന സ്ഥാനമാണ്. വൃക്കയിലെ കല്ലുകൾ മൂത്രനാളത്തിലേക്കു കടന്നാൽ കടുത്ത വേദന ഉണ്ടാക്കും.

**വൃക്ക, യൂറിറ്റർ എന്നിവയിൽ കല്ലുകൾ ഉണ്ടെങ്കിൽ കാണപ്പെടുന്ന ലക്ഷണങ്ങൾ**

വൃക്കയിലെ കല്ലുകൾ നിങ്ങളുടെ ശരീരത്തിൽ ഉണ്ടാവാം, പക്ഷേ, അവ മൂത്രാശയത്തിലേക്കു നീങ്ങുന്നില്ലെങ്കിൽ തടസ്സങ്ങളും ശക്തമായ വേദനയും ഉണ്ടാകണമെന്നില്ല. വൃക്കയിലെ കല്ലുകൾക്കു നേരിയ വേദനയുണ്ടാകും. അതേസമയം യൂറിറ്ററൽ കല്ലുകൾ, വളരെ ചെറിയവയ്ക്കുപോലും കുത്തിവച്ചുള്ള വേദനസംഹാരികൾ ആവശ്യമുള്ളതുപോലുള്ള കഠിനമായ വേദനയ്ക്കു കാരണമാകും.

**കല്ലുകളുണ്ടെങ്കിൽ കാണപ്പെടുന്ന ലക്ഷണങ്ങൾ**

കൊളുത്തിപ്പിടിക്കുന്ന രീതിയിൽ വയറിന്റെ വശങ്ങളിലായുള്ള വേദന. തുടരെത്തുടരെ മൂത്രമൊഴിക്കണമെന്ന തോന്നലും മൂത്രമൊഴിക്കുമ്പോഴുള്ള വേദനയും. മൂത്രത്തിൽ രക്തത്തിന്റെ സാന്നിധ്യം. ഓക്കാനം, ഛർദ്ദി, പനിയും വിറയലും.

**വിവിധ രോഗനിർണയരീതികൾ**

വൃക്കയിലെയും യൂറിറ്ററിലെയും കല്ലുകളുടെ രോഗനിർണയോപാധികൾ താഴെപ്പറയുന്നവയാണ്.

**റേഡിയോളജി ഇമേജിംഗ് ടെസ്റ്റുകൾ -** കല്ലുകളുടെ സാന്നിധ്യം കണ്ടെത്താൻ അൾട്രാസൗണ്ട് സ്കാൻ, എക്സ്-റേ, സിടി സ്കാൻ എന്നിവ ഉപയോഗിക്കുന്നു. എല്ലാ വലുപ്പത്തിലുള്ള എല്ലാത്തരം കല്ലുകളുടെയും സാന്നിധ്യം കണ്ടുപിടിക്കാൻ അനുയോജ്യമാണ് സിടി സ്കാൻ.

**മൂത്രപരിശോധന -** മൂത്രത്തിൽ കല്ലു രൂപപ്പെടുത്തുന്ന കണങ്ങളുടെ സാന്നിധ്യം കണ്ടെത്താനും അങ്ങനെ മൂത്രാശയത്തിൽ കല്ലുകൾ ഉണ്ടോ എന്നു മനസ്സിലാക്കാനും സഹായിക്കുന്നു.


**രക്തപരിശോധന -** രക്തത്തിൽ കാത്സ്യം, യൂറിക് ആസിഡ് എന്നിവയുടെ അളവും വൃക്കകളുടെ പൊതുവായ പ്രവർത്തനവും നിരീക്ഷിക്കാൻ ഇതു സഹായിക്കുന്നു.

**വൃക്ക / യൂറിറ്ററൽ കല്ലുകളുടെ ചികിത്സ**

കല്ലുകളുടെ ചികിത്സ അവയുടെ വലുപ്പത്തെയും സ്ഥാനത്തെയും ആശ്രയിച്ചിരിക്കുന്നു. ചെറിയ കല്ലുകൾക്ക്, പ്രതിദിനം 2-3 ലിറ്റർ വെള്ളം കുടിക്കാൻ ഡോക്ടർമാർ ശുപാർശ ചെയ്യുന്നു, അതുവഴി മൂത്രത്തിലൂടെ കല്ല് പുറന്തള്ളപ്പെടും. കല്ല് പുറത്തേക്കു പോകാനും വേദന കുറയ്ക്കാനും സഹായിക്കുന്ന മരുന്നുകളും നിർദേശിക്കുന്നു.

കല്ലുകൾ വലുതും സങ്കീർണതകൾ നിറഞ്ഞതുമാണെങ്കിൽ, ഇനി പറയുന്ന ചികിത്സാരീതികൾ അവലംബിക്കുന്നു.

RIRS - റിട്രോഗ്രേഡ് ഇൻട്രാ റീനൽ സർജറി- ഇത് വൃക്കയ്ക്കു മുകളിലെ യൂറിറ്ററി കല്ലിനുള്ള ചികിത്സയുടെ ഏറ്റവും നൂതനമായ ശസ്ത്രക്രിയാരീതിയാണ്. മൂത്രാശയത്തിലൂടെ സ്കോപ്പും ലേസറും കടത്തിവിട്ട് കല്ലുപൊടിക്കുന്ന രീതിയാണിത്. വൃക്കയിലെ വലിയ കല്ലുകൾ പോലും ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് പൊടിച്ചു നീക്കം ചെയ്യാനാകും. അധികം വേദനയോ, വൃക്കയ്ക്ക് മറ്റൊരു രീതിയിലുള്ള കേടുപാടുകളോ ഇല്ലാതെ രോഗി വേഗത്തിൽ സുഖം പ്രാപിക്കുന്നു.



**ഷോക്ക് വേവ് ലിത്തോ ട്രിപ്സി (ESWL) -** ഈ പ്രൊസീജിയറിൽ, ലിത്തോ ട്രിപ്റ്റർ എന്ന യന്ത്രം ഉപയോഗിക്കുന്നു. അൾട്രാസോണിക് തരംഗങ്ങൾ ഉപയോഗിച്ച് കല്ലിനെ ചെറിയ ഘടകങ്ങളായി വിഭജിക്കുന്നു. പൊടിച്ച കഷണങ്ങൾ പിന്നീട് മൂത്രത്തിലൂടെ പുറത്തേക്കു പോകുന്നു.

**പെക്കുറേനിയസ് നെഫ്രോലിത്തോ ടോമി (PCNL)** - RIRS അല്ലെങ്കിൽ ESWL വഴി നീക്കം ചെയ്യാൻ സാധിക്കാത്ത വലിയ കല്ലുകൾ നീക്കം ചെയ്യാൻ ഉപയോഗിക്കുന്ന ഒരു എൻഡോസ്കോപ്പിക് രീതിയാണിത്. ഈ ശസ്ത്രക്രിയ ജനറൽ അനസ്തേഷ്യയുടെ സഹായത്തോടെയാണു നടത്തുക.

**യൂറിറ്ററോസ്കോപ്പി (URS)** കല്ല് കണ്ടെത്തുന്നതിനായി ഒരു യൂറിറ്ററോസ്കോപ്പ് മൂത്രനാളിയിലൂടെ കടത്തിവിടുകയും പിന്നീട് മറ്റൊരു ഉപകരണം ഉപയോഗിച്ച് കല്ലുകളെ പൊടിച്ച് നീക്കം ചെയ്യുകയും ചെയ്യുന്ന ചികിത്സാരീതിയാണിത്.

**വൃക്കയിലും മൂത്രാശയത്തിലും കല്ലുകൾ രൂപപ്പെടുന്നതു തടയാൻ**

കല്ലുകൾ ഉണ്ടാകുന്നതു തടയുന്നതിന് ചില ജീവിതശൈലീമാറ്റങ്ങൾ ആവശ്യമാണ്. ധാരാളം വെള്ളം കുടിക്കുക, ഓക്സലേറ്റ് അടങ്ങിയ ഭക്ഷണങ്ങളുടെയും, മാംസത്തിന്റെയും ഉപയോഗം കുറയ്ക്കുക, ഉപ്പ് കഴിക്കുന്നത് കുറയ്ക്കുക, ശരീരഭാരം നിയന്ത്രിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ആരോഗ്യകരമായ ജീവിതശൈലി നിലനിർത്തുക, അതോടൊപ്പം കല്ലു കണ്ടെത്തിയാൽ ഉടനടി വൈദ്യസഹായം സ്വീകരിക്കുക.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റാണ്*

# ഈ കലാപങ്ങൾ ആർക്കുവേണ്ടി ?

1-ാം പേജ് തുടർച്ച

മതേതരത്വമെന്ന പാവനമായ മൂല്യത്തിൽ അടിത്തറ പാകിയിട്ടുള്ള ഭരണഘടന നിലവിലിരിക്കുന്ന രാജ്യങ്ങളിൽപ്പോലും വിധിവൈപര്യത്താൽ അധികാരത്തിലിരിക്കുന്ന ഭരണക്കാരുടെ കുഴലൂത്തുകാർ ആക്രോശിക്കുന്നത് മറ്റെല്ലാ സമുദായക്കാരും രാജ്യം വിട്ടു പോകണമെന്നാണ്. ദൈവം ഏകനാണെന്നും മനുഷ്യസ്നേഹമാണ് സർവോത്കൃഷ്ടമെന്നും പ്രസംഗിച്ച ആചാര്യന്മാരുടെ അനുയായികൾ ഒരു പ്രത്യേക സമുദായക്കാരെ പിടിച്ചുകെട്ടി കഴുത്തറുത്തോ വെടിവച്ചോ കൊല്ലുന്നു. ആകാശങ്ങളിൽ മാറ്റൊലിക്കൊള്ളുന്ന ആ പാവങ്ങളുടെ ദീനവിലാപം ഇന്നല്ലെങ്കിൽ നാളെ ഭീകരന്മാരുടെ തലയ്ക്കുമീതെ തീമഴയായി പെയ്തിറങ്ങുമെന്ന് ഇവർ ചിന്തിക്കുന്നില്ല. സംശുദ്ധമായ ഏകസത്യദൈവത്തിലുള്ള വിശ്വാസത്തെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കുകയാണെത്രേ ഈ കാപാലികരുടെ ഉന്നം.

ആരാധനാലയങ്ങൾ തകർക്കുന്നതും പൂജ്യവസ്തുക്കൾ വലിച്ചെറിയുന്നതുമൊക്കെ ഈ ലക്ഷ്യത്തിലേക്കുള്ള താഴത്തെ ചവിട്ടുപടികൾ മാത്രമാണ്. മറ്റുള്ളവർക്കുകൂടി അവകാശമുള്ള ആനുകൂല്യങ്ങൾ കയ്യടക്കിവച്ചിരിക്കുന്നതും ഭരണഘടന അനുസരിച്ചുള്ള അവകാശങ്ങൾ നിഷേധിക്കുന്നതും ഈ ഏകതാഭാവത്തിന്റെയും ഉന്മൂലനാസക്തിയുടെയും നിദർശനങ്ങളാകുന്നു.

സമുദായംവിട്ട് സമൂഹത്തിലേക്കു കടന്നാലോ? ഏറെ കഷ്ടമാണവസ്ഥ. എന്തിനുമേതിനും കലാപം കൂടിയേ കഴിയൂ എന്നായിരിക്കുന്നു. റോഡിനുവേണ്ടി കലാപം. തോടിനുവേണ്ടി കലാപം. വെള്ളം കിട്ടാനും വെള്ളം മാറ്റാനും കലാപം. കാട്ടാന വന്നാൽ കർഷകകലാപം. തെരുവുപട്ടിയെ എറിഞ്ഞാൽ 'ദയ' യുടെ കലാപം. റേഷൻ മുടങ്ങിയാലും ക്വാറി തുടങ്ങിയാലും പോംവഴി കലാപംതന്നെ. പിരിച്ചുവിട്ടാലും തിരിച്ചെടുത്താലും പരിഹാരം കാണാൻ കലാപം വേണം. ക്ഷാമബത്ത കൂട്ടാൻ ഒരിടത്തു കലാപം. പെൻഷൻ കുറയ്ക്കാൻ വേറൊരിടത്ത് കലാപം. ചുരുക്കിപ്പറഞ്ഞാൽ ആധുനികജീവിതത്തിന്റെ മുക്കുംമൂലയും ഇന്നു കലാപകലുഷിതമായി മാറിയിരിക്കുന്നു. പ്രത്യേകിച്ച് രാഷ്ട്രീയരംഗം. ലോകത്തിൽ നടമാടുന്ന സകല കലാപങ്ങളുടെയും പ്രഭവകേന്ദ്രം രാഷ്ട്രീയമാണെന്നു പറയാം. വാഷിങ്ടണിലെ കാപ്പിറ്റോൾ കലാപം മുതൽ ഒഞ്ചിയത്തെ ചവിട്ടിക്കൂട്ടൽ കലാപംവരെ രാഷ്ട്രീയത്തിന്റെ ഉത്പന്നങ്ങളാണ്. പാർലമെന്റിലും നിയമസഭയിലും കൗൺസിൽ ഹാളുകളിലും നമുക്കു സുപരിചിതമായ ഉന്തും തള്ളും കയ്യാങ്കളികളും അരങ്ങേറുന്നത് അംഗങ്ങളുടെ മനസ്സിൽ കലാപത്തിന്റെ താപനില നിയന്ത്രണാതീതമായി ഉയരുമ്പോഴാണ്.

നേതാക്കൾ തമ്മിൽ വാക്കുകൾകൊണ്ട് തുടക്കമിടുന്ന പോര് അണികളിലേക്കെത്തുമ്പോൾ വാക്കത്തികൾകൊണ്ടുള്ളതായി പരിണമിക്കുന്നു. നമ്മുടെ സംസ്ഥാനത്തുതന്നെ, പ്രത്യേകിച്ച് വടക്കൻജില്ലകളിൽ, എത്രയോ യുവജനങ്ങൾ വെട്ടുകൊണ്ട് വീണിരിക്കുന്നു. പാതയോരങ്ങളിലും വീട്ടുമുറ്റങ്ങളിലും എത്രയോ ജീവിതങ്ങൾ ചുടുചോരയിൽ കുളിച്ചു പിടഞ്ഞവസാനിച്ചു. എത്രയോ പേർ അംഗവിഹീനരായി. എത്ര യുവതികൾ വിധവകളായി. എത്ര കുഞ്ഞുങ്ങൾ അനാഥരായി. എത്രയോ കുടുംബങ്ങൾക്ക് ആകെയുണ്ടായിരുന്ന താങ്ങും തണലും ഇല്ലെന്നായി. കലാപകലുഷിതമായ ആധുനികരാഷ്ട്രീയത്തിന്റെ നേർക്കാഴ്ചകളാണിവയൊക്കെ.

ശീലിക്കുകയും പാലിക്കുകയും ചെയ്തുപോന്ന ദുഷിച്ച സമ്പ്രദായങ്ങളിൽനിന്ന് മാനവരാശിക്കു മോചനമേകാൻ നവീനാശയങ്ങൾകൊണ്ട് കലാപം വിതച്ച മനുഷ്യസ്നേഹികളെ ഓർക്കാതെപോകുന്നത് അവിവേകമാകും. ക്രിസ്തുവിനുമുമ്പ് ജീവിച്ചിരുന്ന ഗ്രീക്ക് താത്ത്വികാചാര്യന്മാരെല്ലാം മാറിച്ചിന്തിക്കാൻ മനുഷ്യരെ ഉദ്ബോധിപ്പിച്ചു. നല്ല കലാപത്തിന്റെ തുടക്കമായിരുന്നു അത്. ആർഷഭാരതത്തിലെ ശ്രീബുദ്ധനും ശങ്കരാചാര്യരും പ്രഘോഷിച്ചതും മറ്റൊന്നുമായിരുന്നില്ല. അബ്രാഹം ലിങ്കണും മാർട്ടിൻ ലൂഥർ കിങ്ങും മഹാത്മാഗാന്ധിയും രാജാറാം മോഹൻ റോയിയും ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവുംപോലെ നിശ്ശബ്ദകലാപത്തിലൂടെ എതിരാളികളുടെ മനസ്സിലും ചിന്തകളിലും തീകോരിയിട്ട ജനനായകർ ഇനിയുമുണ്ടേറെ. രോഗികൾക്കും പാവങ്ങൾക്കുംവേണ്ടി മേലാളന്മാരുടെ ഉറക്കംകെടുത്തിയ മൊളോക്കോയിലെ ഫാദർ ഡാമിയനും കൽക്കട്ടയിലെ മദർ തെരേസായും ഇൻഡോറിലെ റാണി മരിയയും മാവോയിസ്റ്റ്ബന്ധമാരോപിച്ച് എൻഐഎ അറസ്റ്റു ചെയ്ത ഝാർഖണ്ഡിലെ ഫാദർ സ്റ്റാൻസ്വാമിയുമൊക്കെ അവരെ ആദരിക്കുകയും വിലമതിക്കുകയും ചെയ്യുന്ന ഒട്ടേറെ മനസ്സുകളിൽ നൊമ്പരപ്പൂക്കൾ വിതറി നിലകൊള്ളുന്നു. അവർ കലഹിച്ച ദുഷിച്ച വ്യവസ്ഥിതി പടച്ചുണ്ടാക്കിയ പ്രഭുക്കന്മാരുടെ ചിന്തകളിൽ മറ്റൊരു കലാപമായി കത്തിപ്പടരുന്നു.

രാജകൊട്ടാരങ്ങളിലും മണലാരണ്യങ്ങളിലും കാപട്യത്തിന്റെ തലപ്പാവണിഞ്ഞ വ്യാജക്കൂട്ടത്തെ അണലിസന്തതികളേ എന്നു സംബോധന ചെയ്തത് ലോകചരിത്രത്തിൽ ഒരിക്കലും താഴ്ത്താനാവാത്ത ഒരു സംശുദ്ധകലാപത്തിന്റെ കൊടിയേറ്റമായിരുന്നു. അതു പൂർത്തിയാകുന്നത് ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നൽകാൻ കടന്നുവന്ന ആ പരമപരിശുദ്ധനായ കലാപകാരി ഗാഗുൽത്തായിലെ കൊടിമരത്തിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുമ്പോൾ ലോകത്തെ അറിയിച്ച നിത്യനൂതനമായ കലാപത്തിന്റെ സന്ദേശത്തിലൂടെയാണ്:

"പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ..!"

ജാടയും നാട്യങ്ങളും മലീമസമാക്കിയ ലോകമനഃസാക്ഷി ഈ കലാപം വാരിവിതറുന്ന ആന്തരികശക്തി ഒരിക്കലും അനുഭവിക്കുന്നില്ല.

# കർഷകസ്വപ്നങ്ങൾക്കു ചിറകുവിരിയിച്ച്

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി



ചുറ്റുവട്ടം

കെ.ജി. രഞ്ജിത്ത്

**കൃ**ഷിഗ്രാമങ്ങൾ അന്യമാകുകയാണ്. നെൽക്കൃഷിയും അപ്രത്യക്ഷമാവുന്നു, വയലുകൾ നികത്തി കൂറ്റൻ കെട്ടിടങ്ങൾ പണിതുയർത്തുകയാണ് നാം. പശുവിനെ തീറ്റാനായി പോകുന്ന വീട്ടമ്മയായിരുന്നു പണ്ട് പുലർകാലത്തെ ഐശ്വര്യക്കണി. ഇന്ന് പറമ്പുമില്ല പശുക്കളുമില്ല. നമ്മൾ ഓടിനടന്ന് വെള്ളം തട്ടിത്തെറിപ്പിച്ച തോടുകളോ തൊടികളോ മുറ്റങ്ങളോ മുളങ്കൂട്ടങ്ങളോ വരമ്പുകളോ ഇന്നില്ല. എല്ലാം ബാല്യകാലത്തിന്റെ ഓർമകളായി അവസാനിക്കുകയാണ്. ബാല്യത്തിലേക്കു മടങ്ങാൻ നമുക്കാവില്ല, പക്ഷേ, ശ്രമിച്ചാൽ ആ പഴയ സംസ്കാരത്തെ പൊടിതട്ടിയെടുക്കാനാവും. കഠിന പ്രയത്നംകൊണ്ട് എന്തും സാധ്യമാക്കാമെന്ന് തെളിയിച്ചിരിക്കുകയാണ് പാലാ രൂപത. മണ്ണിന്റെ മണമുള്ള ആ ഓർമകളെയും, മണ്ണിൽ പൊന്നുവിളയിച്ച കർഷകനെയും കതിരണിഞ്ഞു കിടക്കുന്ന പാടങ്ങളെയും പുനരുജ്ജീവിപ്പിച്ചിരിക്കുകയാണ് പാലാ രൂപതയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി (പി.എസ്.ഡബ്ല്യു.എസ്.)

**കർഷകവർഷപ്രഖ്യാപനം**

ഏതു പ്രതിസന്ധിഘട്ടത്തിലും കർഷകർക്കുവേണ്ടി നിലകൊണ്ട പാരമ്പര്യമാണ് പാലാ രൂപതയ്ക്കുള്ളത്. അധികാരികൾ കർഷകരെ കറിവേപ്പിലപോലെ വലിച്ചെറിയുന്ന നിലപാടുകളെടുക്കുമ്പോൾ അതിനെതിരേ ശബ്ദിക്കാൻ പാലാ രൂപത എന്നും മുന്നിലുണ്ടായിരുന്നു. കർഷകരെ കൈപിടിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്കുയർത്താനും ആശ്വാസമാകാനും രൂപതയ്ക്കു കഴിഞ്ഞു.

കാലങ്ങളായി കർഷകരനുഭവിക്കുന്ന അവഗണനകൾക്കും ചൂഷണങ്ങൾക്കുമെതിരേ പ്രതികരിക്കുന്നതിനും കർഷകർ അധ്വാനിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കുന്നതിനുംവേണ്ടി പാലാ രൂപതയുടെ നേതൃത്വത്തിൽ വലിയൊരു കർഷകസംഗമം 2019 ഡിസംബർ 14 ന് പാലായിൽ ചേരുകയുണ്ടായി. അന്ന് കർഷകസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് 2020 പാലാ രൂപതയുടെ കർഷകവർഷമായി പ്രഖ്യാപിച്ചു. കർഷകവർഷാചരണത്തിന്റെ ഭാഗമായി രൂപതയിലുടനീളം കർഷകക്കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും, തരിശുനിലങ്ങളെ കൃഷിഭൂമിയാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നു കർഷകരെ മോചിപ്പിക്കുന്നതിനും തീരുമാനമെടുക്കുകയായിരുന്നു. ഈ തീരുമാനത്തിന്റെ പൂർത്തീകരണമാണ് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്.

**അഗ്രിമ മുന്നോട്ടുവയ്ക്കുന്നത്**

റബറല്ലാതെ മറ്റൊരു കാർഷികോത്പന്നവും വിറ്റു കാശാക്കേണ്ട ആവശ്യമില്ലാത്തവരായിരുന്നു പാലാക്കാർ. കപ്പയും ചക്കയും മാങ്ങയുമൊക്കെ ആവശ്യക്കാർക്കു



വെറുതേ കൊടുത്തുള്ള പാരമ്പര്യമാണ് പാലാക്കാരനുള്ളത്. എന്നാൽ, റബറിനു വിലയിടിഞ്ഞതോടെ സ്ഥിതിയാകെ മാറി. കൃഷിയിടത്തിലെ ഓരോ ഇഞ്ചിൽനിന്നും പരമാവധി ആദായം ഉറപ്പാക്കിയാൽ മാത്രമേ പിടിച്ചുനിൽക്കാനാവൂ.

റബർവില പത്രത്തിൽ നോക്കി കണക്കുകൂട്ടാം. പക്ഷേ, മറ്റു കാർഷികോത്പന്നങ്ങളുടെ കാര്യമങ്ങനെയല്ല. ചെറുകിട കർഷകർക്കു പൊതുചന്തകളിൽ തീരെ പരിഗണന ലഭിക്കാറില്ല. കച്ചവടക്കാരുടെ ആധിപത്യമാണ് കമ്പോളങ്ങളിൽ. ഇടനിലക്കാരുടെ കമ്മീഷൻ കഴിഞ്ഞാൽ മണ്ണിൽ അദ്ധ്വാനിച്ചവനു കിട്ടുന്നത് തുച്ഛമായ പണം മാത്രം. ഇതിനൊരു ശാശ്വതപരിഹാരമാണ് അഗ്രിമ ഓപ്പൺ മാർക്കറ്റിലൂടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ലക്ഷ്യംവയ്ക്കുന്നത്. ന്യായവിലയ്ക്ക് ജൈവവളങ്ങളും കീടനാശിനികളും വിത്തിനങ്ങളും മറ്റു കാർഷികോപകരണങ്ങളും അഗ്രിമ കർഷകരിലെത്തിക്കുന്നു. അവരുടെ ഉത്പന്നങ്ങളുടെ പൊതുവിപണന കേന്ദ്രമായി പ്രവർത്തിക്കുന്നു. ഇതിലൂടെ കർഷകർക്ക് ഉത്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വില്പന നടത്താൻ സൗകര്യമൊരുക്കുകയും, ന്യായവില ഉറപ്പാക്കുകയും ചെയ്യുന്നു. പാലാ സബ്ജയിലിലടക്കം കാർഷികസംസ്കാരത്തിന്റെ മൂല്യമെത്തിക്കുന്നതിൽ സൊസൈറ്റി വിജയിച്ചു.



കാർഷികനഴ്സറി, ഇക്കോ ഷോപ്പ്, ഓപ്പൺ മാർക്കറ്റ് എന്നീ മൂന്നു ശീർഷകങ്ങളിലാണ് അഗ്രിമമാർക്കറ്റിന്റെ പ്രവർത്തനം. നാടൻ പച്ചക്കറികൾ, സ്വാശ്രയഭക്ഷ്യോത്പന്നങ്ങൾ, ഹൈബ്രിഡ് പച്ചക്കറി തൈകൾ, ഫലവൃക്ഷത്തൈകൾ, വൈവിധ്യമാർന്ന അലങ്കാരച്ചെടികൾ, ജൈവവളങ്ങൾ, ജൈവാണുവളങ്ങൾ, വ്യത്യസ്ത തരം ചെടിച്ചട്ടികൾ, നാടൻപഴവർഗ്ഗങ്ങൾ, ഭക്ഷണ പദാർത്ഥങ്ങൾ, സുഗന്ധഫലസസ്യങ്ങൾ, ജലച്ചെടികൾ, ജൈവകീടനാശിനികൾ തുടങ്ങി കാഴ്ചയുടെയും കരുതലിന്റെയും കലവറകൂടിയാണ് അഗ്രിമയിലൊരുക്കിയിരിക്കുന്നത്.

**പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി**

സമൂഹത്തിൽ മാതൃകാപരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ സംഘടനയാണ് പാലാ രൂപതയുടെ കീഴിലുള്ള പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി. രൂപതയ്ക്കുള്ളിൽ മാത്രമല്ല പൊതുസമൂഹത്തിനിടയിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്താൻ സൊസൈറ്റിക്കു കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ആകെ ആടിയുലച്ച മഹാപ്രളയകാലത്ത് സമൂഹത്തിന്റെ നാനാ തുറകളിലുള്ളവർക്ക് സാന്ത്വനമേകാൻ സൊസൈറ്റിക്കു കഴിഞ്ഞു. കൊവിഡ് മഹാമാരി സംഹാരതാണ്ഡവമാടിയ കാലത്തും സൊസൈറ്റിയുടെ നേതൃത്വത്തിൽ സഹായഹസ്തങ്ങളുമായി ചെറുപ്പക്കാർ രംഗത്തിറങ്ങി. സൗജന്യ കിറ്റ് വിതരണംമുതൽ ബോധവത്കരണം വരെയുള്ള പരിപാടികളിൽ സജീവസാന്നിദ്ധ്യമായിരുന്നു പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി. ഓൺലൈൻ പഠനസഹായം, ഫാമിലി ഡവലപ്മെന്റ് പ്രോഗ്രം, ചികിത്സാധന സഹായം, ആശാകിരണം പദ്ധതി, ഭിന്നശേഷിക്ഷേമ പരിപാടികൾ,ആരോഗ്യ സാക്ഷരതായജ്ഞം, കുടുംബകൃഷി അവാർഡ്, മന്നാ അവാർഡ്, ഹന്നാ അവാർഡ്, കർഷകമിത്ര അവാർഡ് തുടങ്ങിയ പരിപാടികൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.

അഗ്രിമയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നിരവധിയായ ജനോപകാര പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്. മാതൃകാകുടിവെള്ള പദ്ധതികൾക്ക് ആദരം, ഫലവൃക്ഷത്തൈ വിതരണം, മുട്ടക്കോഴിക്കുഞ്ഞുങ്ങളും ഹൈടെക് കൂടുകളുടെയും വിതരണം, അഗ്രിമ ഗ്രോബാഗുകൾ, അഗ്രിമ ജൈവവളം, മൂന്നു ലക്ഷം പച്ചക്കറിത്തൈകൾ, കശുമാവിൻതൈവിതരണം, കാടക്കുഞ്ഞുങ്ങളും കൂടുകളും, മാസ്കുകൾ, സാനിറ്റൈസറുകൾ, ഡിസാസ്റ്റർ ക്ലിനിക്ക്, മുട്ടഗ്രാമം പദ്ധതി, മുട്ടക്കോഴിവിതരണം,



മുട്ടത്താറാവ് വിതരണം, കാടവളർത്തൽ പദ്ധതി തുടങ്ങി ഒട്ടേറേ സ്കീമുകൾ നടപ്പിലാക്കാൻ പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റിക്കു കഴിഞ്ഞു.

കാർഷികരംഗത്ത് പുത്തനുണർവുകൾ ലക്ഷ്യംവച്ചുകൊണ്ട് പാലാ രൂപത പ്രഖ്യാപിച്ച കർഷകദശകത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ഫെബ്രുവരി മൂന്നാം തീയതി പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പാലാ അഗ്രിമമാർക്കറ്റ് അങ്കണത്തിൽ നിർവ്വഹിച്ചു.

പി.എസ്.ഡബ്ല്യൂ.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു. കാർഷികരംഗത്ത് മാതൃകാപരമായ മുന്നേറ്റം നടത്തിയ കർഷകരെയും കർഷകകുടുംബങ്ങളെയും, ഇടവകപ്പള്ളികളോടു ചേർന്ന് മികച്ച കൃഷിത്തോട്ടം ഒരുക്കിയ വൈദികരെയും, കോൺവെന്റുകളോടനുബന്ധിച്ച് കൃഷി വ്യാപകമാക്കിയ സമർപ്പിതരെയും, വൈവിധ്യമാർന്ന കാർഷികഇടപെടലുകളിലൂടെ ശ്രദ്ധേയരായ കർഷകസംരംഭകരെയും ആദരിക്കുന്നതിനായി കർഷകവർഷം 2020 അവാർഡുകളുടെയും പ്രോത്സാഹനപുരസ്കാരങ്ങളുടെയും വിതരണവും ചടങ്ങിൽ നടന്നു. അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിന്റെ നവീകരിച്ച ഷോപ്പിംങ് കോംപ്ലക്സിന്റെ സമർപ്പണവും ബിഷപ് നിർവഹിച്ചു.

പി.എസ്.ഡബ്യു.എസിന്റെ വെബ്സൈറ്റിന്റെ പ്രകാശനവും, പാലാ അഗ്രിമ യൂട്യൂബ് ചാനലിന്റെ സ്വിച്ച് ഓൺ കർമവും ഇതോടൊപ്പം നടന്നു. വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് തടത്തിൽ, മോൺ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, നബാർഡ് ജില്ലാ മാനേജർ കെ.ബി. ദിവ്യ, മുൻസിപ്പൽ കൗൺസിലർ വി.സി. പ്രിൻസ് എന്നിവർ പ്രസംഗിച്ചു.

Deepanalam Weekly
RNI No : 16998/68
Vol. 53 No. 40 Date of Publication 11 February 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org